മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 12 – ലക്കം 8 ഓഗസ്റ്റ് 2014



JEEVAMOZHIKAL
ജീവമൊഴികൾ
നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ *(യോഹ 6: 68)*
വാല്യം 12 ഓഗസ്റ്റ് 2014 ലക്കം 8

വാർഷിക വരിസംഖ്യ

| | |
|---|---|
| ഇന്ത്യയിൽ | Rs.100/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.700/- |

എം. ഒ./ ഡി. ഡി.
അയയ്ക്കേണ്ട വിലാസം :
ജീവമൊഴികൾ
കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള - 686 016,
ഫോൺ 0481 - 2391519, 8281027519
e-mail : jeevamozhikal@gmail.com
www.jeevamozhikal.org

## ഒറ്റനോട്ടത്തിൽ

### യന്ത്രക്കതകുകൾ

*ആരെങ്കിലും
അടുത്തുവരുമ്പോൾ
താനേതുറക്കുന്ന
യന്ത്രക്കതകുകൾപോലെ
കർത്താവിനു
തക്കസമയത്തും സ്ഥലത്തും
നമുക്കായി
ശുശ്രൂഷാവാതിലുകൾ
തുറക്കാൻ കഴിയും.
ഈ കതകുകൾ തുറക്കാൻ
നാം ശ്രമിക്കേണ്ടതില്ല.*

## മൊഴിമുത്തുകൾ

### സഭയുടെ സ്ഥാനം



യേശു ലോകത്തിന് എന്തായിരുന്നുവോ അതേ സ്ഥാനമാണു യേശുക്രിസ്തുവിന്റെ സഭയ്ക്കും ഇന്ന് അവിടുന്നു നൽകിയിരിക്കുന്നത്. ക്രിസ്തുവിന്റെ രണ്ടാമത്തെ ശരീരമായി സഭ ഭൂമിയിൽ സ്ഥാപിച്ചപ്പോൾ അത് ഏതെങ്കിലും വിധത്തിൽ ഒന്നാമത്തെ ശരീരത്തെക്കാൾ അധികാരം കുറഞ്ഞ ഒന്നായിരിക്കണം എന്ന് അവിടുന്ന് ഒരിക്കലും ആഗ്രഹിച്ചില്ല. ഒന്നാമത്തെ ശരീരത്തെപ്പോലെ രണ്ടാമത്തെ ശരീരമായ സഭയും അതേ അധികാരത്തോടെ എല്ലാം നിറവേറ്റണം എന്നതായിരുന്നു അവിടുത്തെ യഥാർത്ഥ ഉദ്ദേശ്യം.

ജോൺ ഗ്രഹാം ലേയ്ക്ക്.

## പരീക്ഷാസമയത്ത്....




'നിങ്ങളിൽ ഒരുത്തന് ജ്ഞാനം കുറവാകുന്നുവെങ്കിൽ ഭത്സിക്കാതെ എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്നവനായ ദൈവത്തോട് യാചിക്കട്ടെ. അപ്പോൾ അവന് ലഭിക്കും' *(യാക്കോബ് 1:5)*

**എഡിറ്റോറിയൽ**

# 'ഇടവിടാതെ പ്രാർത്ഥിക്കുക' എന്നാൽ...



പ്രാർത്ഥന സംബന്ധിച്ച ബൈബിൾ വചനങ്ങളെ ഗൗരവമായി എടുത്താൽ അവിടെ നമ്മെ കുഴക്കുന്ന ചില വാക്യങ്ങളെങ്കിലുമുണ്ട്. ഉദാഹരണത്തിന് ഈ വചനങ്ങൾ നോക്കുക:

'ഇടവിടാതെ പ്രാർത്ഥിക്കുവിൻ' (1 തെസ്സ. 5:17)

'എല്ലാ സമയവും ആത്മാവിൽ പ്രാർത്ഥനാ നിരതരായിരിക്കുവിൻ' (എഫെ. 6:18).

'എല്ലായിടത്തും കരങ്ങൾ ഉയർത്തിക്കൊണ്ടു പ്രാർത്ഥിക്കണം' (1 തിമൊ. 2:8).

അപ്പോൾ ഒരു ദിവസം എത്ര സമയം പ്രാർത്ഥിക്കണം? നിർത്താതെ (without ceasing), എല്ലാ സമയവും (all the time) എല്ലായിടത്തും (every where) എന്നാണ് ഈ വാക്യങ്ങൾ പറയുന്നത്. ഇങ്ങനെ ആർക്കെങ്കിലും സദാസമയവും അവിരാമം പ്രാർത്ഥിക്കുവാൻ കഴിയുമോ?

ഈ ചോദ്യം യേശുവിനോട് ആരെങ്കിലും ചോദിച്ചിരിക്കുമോ? പ്രത്യേകിച്ചും ശിഷ്യന്മാർ? 'നിങ്ങൾ ഇവ്വണ്ണം പ്രാർത്ഥിപ്പിൻ' എന്നു പറഞ്ഞു തങ്ങളെ പ്രാർത്ഥനയുടെ ഉള്ളടക്കം പഠിപ്പിച്ച യേശുവിനോട്, ശിഷ്യന്മാർ 'ശരി, ഈ പ്രാർത്ഥന എത്ര സമയം പ്രാർത്ഥിക്കണം' എന്നു ചോദിച്ചിരിക്കുകയില്ലേ? അങ്ങനെ ചോദിച്ചതായി എടുത്തു പറയുന്നില്ലെങ്കിലും ആ ചോദ്യത്തിനുള്ള മറുപടി യേശു പറയുന്നുണ്ട്- മടുത്തുപോകാതെ എപ്പോഴും (always) പ്രാർത്ഥിക്കണം. (ലൂക്കോസ് 18:1) അപ്പോൾ നമ്മെപ്പോലെ ശിഷ്യന്മാരും സംശയിച്ചിരിക്കാം- 'എപ്പോഴും എങ്ങനെയാണ് ഒരാൾക്ക് പ്രാർത്ഥിക്കുവാൻ കഴിയുന്നത്?'

ഇതിനുള്ള മറുപടിയായി യേശു ഒരു ഉപമ പറഞ്ഞു- അതാണു വിധവയുടെ ഉപമ. ലൂക്കോസ് 18ന്റെ 2-8 വാക്യങ്ങളിൽ ഈ ഉപമ നാം കാണുന്നു. ഒരു പട്ടണം. അവിടത്തെ ന്യായാധിപൻ തത്ത്വദീക്ഷയില്ലാത്ത ഒരുവനായിരുന്നു. ആ പട്ടണത്തിൽ തന്നെ പാർത്തിരുന്ന ഒരു വിധവ അതു ഗണ്യമാക്കാതെ തന്റെ സങ്കടവുമായി നിരന്തരം ന്യായാധിപനെ സമീപിച്ചുകൊണ്ടിരുന്നു. ഒടുവിൽ സഹികെട്ട് ന്യായാധിപൻ വിധവയുടെ സങ്കടം പരിഹരിച്ചുകൊടുത്തു. പ്രാർത്ഥനയെ സംബന്ധിച്ചിടത്തോളം നാം ഈ വിധവയെപ്പോലെ ആയിരിക്കണം.

യേശു പറഞ്ഞതിന്റെ പൊരുൾ ഇതാണ്: ഇടവിടാതെ പ്രാർത്ഥിക്കണമെങ്കിൽ നമുക്കു വിധവയുടെ മനോഭാവം ഉണ്ടായിരിക്കണം. അല്ലെങ്കിൽ ഇതേ കാര്യം തിരിച്ചു പറഞ്ഞാൽ ഇങ്ങനെയാണ്: വിധവയുടെ മനോഭാവം എപ്പോഴും ഉണ്ടെങ്കിൽ അതു ദൈവസന്നിധിയിൽ ഇടവിടാതെയുള്ള പ്രാർത്ഥനയായി.

യേശു പറഞ്ഞ ഉപമയിലെ വിധവയുടെ മനോഭാവം എന്താണ്? വിധവ-അ

വൾക്കാരുമില്ല. അവൾ നിസ്സഹായയാണ്. നിരാശ്രയയാണ്. ഉപമയിലെ ന്യായാധിപൻ 'ദൈവത്തെ പേടിയും മനുഷ്യരെ ശങ്കയുമില്ലാത്ത' കഠിനഹൃദയനായ ഒരുവനാണെങ്കിലും തന്റെ സങ്കട നിവൃത്തിക്കായി അവനെ നിരന്തരം ചെന്നു ബുദ്ധിമുട്ടിക്കുകയല്ലാതെ അവൾക്കു മാർഗ്ഗമില്ല. ന്യായാധിപൻ അവളെ അവഗണിച്ചാലും, ആക്ഷേപിച്ചാലും അതൊന്നും വകവയ്ക്കാതെ അവൾ പിന്നെയും പിന്നെയും അദ്ദേഹത്തെ തേടി ചെല്ലുന്നു.

'ആത്മാവിലെ ദാരിദ്ര്യം' എന്നു പറയുന്നത് ഇതാണ്. ആത്മാവിലെ ദാരിദ്ര്യം, ഭൗതികമായ ദാരിദ്ര്യം പോലെയാണ്. ഭൗതികമായി ദരിദ്രനായവന് ധനവാന്റെ പടിവാതില്ക്കൽ ഭിക്ഷയ്ക്കായി വീണ്ടും വീണ്ടും ചെല്ലാൻ ലജ്ജയില്ല. കാരണം അവൻ നിസ്സഹായനാണ്; നിരാശ്രയനാണ്. ധനവാനെ നിരന്തരം ചെന്ന് ആശ്രയിക്കുകയല്ലാതെ അവനു മാർഗ്ഗമില്ല. ആത്മാവിൽ ദരിദ്രനായവനും ഇതു പോലെയാണ്. അവനു സ്വന്തമായ ബലമില്ല; ജ്ഞാനമില്ല. നിസ്സഹായനാണ്. അവൻ ചെറുതും വലുതുമായ എല്ലാ കാര്യത്തിലും ദൈവത്തെ ആശ്രയിക്കുന്നു. നിരന്തരം ദൈവത്തിന്റെ അടുത്തേക്കു ചെല്ലുന്നു. യേശു പറഞ്ഞു. 'ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളത്.' ആത്മാവിൽ ദരിദ്രരായവരാണു യേശുവിനു സ്വീകാര്യർ.

ആത്മാവിലെ ഈ ദാരിദ്ര്യമാണു ലൂക്കോസ് 18ലെ വിധവയുടെ സ്ഥായിയായ മനോഭാവം. യഥാർത്ഥ പ്രാർത്ഥനയുടെ പിന്നിൽ വേണ്ടതും വിധവയുടെ ഈ മനോഭാവമാണ്.

യഥാർത്ഥ പ്രാർത്ഥനയെന്തെന്നു വിശദമാക്കുന്ന മറ്റൊരു ഉപമയിലും യേശു ഈ മനോഭാവത്തിലേക്കു വിരൽ ചൂണ്ടുന്നുണ്ട്. മൂന്നപ്പം വായ്പ വാങ്ങാൻ സ്നേഹിതന്റെ വീട്ടിലേക്കു പോയവന്റെ ഉപമയിൽ, അവന് സ്നേഹിതൻ എന്തുകൊണ്ടാണ് അർദ്ധരാത്രിയിൽ എഴുന്നേറ്റ് വേണ്ടുന്നേടത്തോളം അപ്പം നൽകിയത്? അതിന് ഒരേയൊരു കാരണമേയുള്ളു- 'അവൻ ലജ്ജ കൂടാതെ മുട്ടുക നിമിത്തം.' (ലൂക്കോസ് 11:8). അർദ്ധരാത്രിയിൽ അവനു വേറെ മാർഗ്ഗമുണ്ടായിരുന്നില്ല- സ്നേഹിതനെ മാത്രം ആശ്രയിച്ച് അവന്റെ വാതിലിൽ മുട്ടിക്കൊണ്ടേയിരിക്കുക. കാരണം അവൻ നിസ്സഹായനായിരുന്നു.

ദൈവത്തിൽ മാത്രം നമ്മുടെ ആശ്രയം വച്ച് എപ്പോഴും അവിടുത്തെ മുൻപാകെ ആത്മാവിലെ ദാരിദ്ര്യത്തോടെ നില്ക്കുന്നതാണു പ്രാർത്ഥനയുടെ പിന്നിലെ ആത്മാവ്. വിധവയ്ക്ക് അതുണ്ടായിരുന്നു. അപ്പം വായ്പ വാങ്ങാൻ വന്നവന് അതുണ്ടായിരുന്നു. നമ്മിലും 'സാക്ഷാൽ വിധവ'യുടെ ഈ ആത്മാവുണ്ടെങ്കിൽ രാപ്പകൽ നമ്മുടെ ജീവിതത്തിന്റെ ഭൂമികയിൽ നിന്ന് പ്രാർത്ഥന ഉയരുന്നതായി ദൈവം കാണും (1 തിമൊ. 5:5). ഉത്തമഗീതത്തിലെ കാന്തയുടെ അനുഭവം പോലെയാണിത്. അവളുടെ ജീവിതം രാപ്പകൽ തന്റെ പ്രിയനോടു ബന്ധപ്പെട്ടിരിക്കുന്നു. അവൾ അവനോടു സംസാരിക്കുന്നുണ്ട്. അവനിൽ നിന്നു കേൾക്കുന്നുണ്ട്. അപ്പോൾ രാത്രിയിൽ അവൾ ഉറങ്ങുമ്പോഴോ? അപ്പോഴും 'ഞാൻ ഉറങ്ങുന്നു; എങ്കിലും എന്റെ ഹൃദയം ഉണർന്നിരിക്കുന്നു' എന്നാണവൾ പറയുന്നത് (5:2). ഇതുപോലെ ആത്മാവിൽ ദാരിദ്ര്യം

*(ശേഷം പേജ് 27 ൽ)*

**സന്ദേശം**

# ഇടവിടാതെ പ്രാർത്ഥിക്കുക

**ആൻഡ്രു മുറെ**

“ഇടവിടാതെ പ്രാർത്ഥിക്കുക” എന്നത് ആർക്കാണ് ചെയ്യുവാൻ കഴിയുന്നത്? പ്രാരാബ്ധങ്ങൾ വട്ടമിട്ടിരിക്കുന്ന ഒരാൾക്ക് പ്രതിദിനം ഇതെങ്ങനെ ചെയ്യുവാൻ കഴിയും? ഒരു അമ്മയ്ക്ക് തന്റെ കുഞ്ഞിനെ അവിരാമം എങ്ങനെ സ്നേഹിക്കുവാൻ കഴിയും? കണ്ണിനെ സംരക്ഷിക്കുവാൻ കൺപോളകൾ എപ്പോഴും കാവൽ ചെയ്യുന്നതെങ്ങനെ? എനിക്ക് സദാ ശ്വാസോച്ഛ്വാസം ചെയ്യുവാനും കേൾക്കുവാനും ഗ്രഹിക്കുവാനും ഒക്കെ കഴിയുന്നതെങ്ങനെ? ഇവയെല്ലാം പ്രകൃത്യാ ആരോഗ്യമുള്ള ശരീരത്തിന്റെ പ്രവൃത്തികളാണ്. ഇതുപോലെ ആത്മീയ ജീവിതവും പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ആരോഗ്യമുള്ളതായിരിക്കുമ്പോൾ പ്രാർത്ഥന സ്വാഭാവികമായി സംഭവിക്കുന്നു.

ഇടവിടാതെ പ്രാർത്ഥിക്കുക: ഫലസിദ്ധി ഉണ്ടാകുന്നതു വരെ നിരന്തരം പ്രാർത്ഥനയിൽ നിന്നു പിടിവിടാതെ കഴിയുന്നതാണോ, അതോ ദിവസം മുഴുവൻ



*ആത്മീയ ജീവിതം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ആരോഗ്യമുള്ളതായിരിക്കുമ്പോൾ പ്രാർത്ഥന സ്വാഭാവികമായി സംഭവിക്കുന്നു.*

ക്രിസ്തുവിന്റെ മരണം നിത്യമദ്ധ്യസ്ഥത സ്ഥാനത്തേക്ക് തന്നെ ആനയിച്ചു. യേശുവിനോടൊപ്പമുള്ള മരണം നിങ്ങളെ ആകുലതയിൽ നിന്നും സ്വാർത്ഥതയിൽ നിന്നും മോചിപ്പിച്ച് മദ്ധ്യസ്ഥ സ്ഥാനത്തേക്ക് ഉയർത്തുന്നു. മദ്ധ്യസ്ഥനായ നിങ്ങളുടെ പ്രാർത്ഥന വഴി ജീവനും അനുഗ്രഹവും മറ്റുള്ളവർക്ക് ലഭിക്കാൻ ഇടവരുന്നു. നിങ്ങളുടെ വിളി മനസ്സിലാക്കി അതനുസരിച്ച് വേല തുടങ്ങുക. പരിപൂർണ്ണമായി വിളിയോട് വിശ്വസ്തരായിരിക്കണം. അങ്ങനെ ചെയ്യുമ്പോൾ 'നിരന്തരം പ്രാർത്ഥിക്കുന്നു' എന്ന ബോധം നിന്റെ ഹൃദയത്തിൽ ഉണ്ടായിക്കഴിഞ്ഞിരിക്കും.

പ്രാർത്ഥനയുടെ ആത്മാവിൽ സചേതനമായി പങ്കെടുത്ത് കഴിയുന്നതാണോ ഇടവിടാതുള്ള പ്രാർത്ഥന? ഇവ രണ്ടും ചേർന്നതാണ് ഇടവിടാത്ത പ്രാർത്ഥന. നമ്മുടെ കർത്താവായ യേശുക്രിസ്തു കാണിച്ചു തന്ന ദൃഷ്ടാന്തം നോക്കാം: ചില അവസരങ്ങളിൽ മുറിയിൽ കയറി കതകടച്ചിരുന്ന് പ്രാർത്ഥിക്കാനും മറ്റു ചില അവസരങ്ങളിൽ പിടിവിടാതെ മുട്ടിപ്പായി പ്രാർത്ഥിക്കാനും നിർദ്ദേശിക്കുന്നുണ്ട്. ദിനം തോറും നാം സ്വർഗ്ഗീയ കാര്യങ്ങളെപ്പറ്റി ചിന്തിച്ച് ദൈവമുമ്പാകെ നടക്കേണ്ടതാകുന്നു. ക്ലിപ്തസമയങ്ങളിൽ നടത്താത്ത പ്രാർത്ഥന ബലഹീനവും വിരസവുമായിരിക്കും. തുടർച്ചയായി പ്രാർത്ഥിക്കാനുള്ള മനോഭാവം ഇല്ലാതെയിരുന്നാൽ ക്ലിപ്തസമയം പാലിക്കുവാൻ കഴിയില്ല.

ഇടവിടാതെ പ്രാർത്ഥിക്കുക: ഇത് നമുക്കു വേണ്ടിയോ മറ്റുള്ളവർക്കു വേണ്ടിയോ? രണ്ടു കൂട്ടർക്കും വേണ്ടിയാണ് ചിലർ ഇത്തരം പ്രാർത്ഥന സ്വയം ശീലമാക്കുന്നതു കൊണ്ട് മറ്റുള്ളവരുമൊത്ത് പരിശീലിക്കാതെ പോകുന്നു. ശാഖകൾ ഫലപുഷ്ടമായി അധികം ഫലം പുറപ്പെടുവിക്കുമ്പോൾ ചെടി കൂടുതൽ ഭക്ഷണം വലിച്ചെടുക്കുന്നു. അതുകൊണ്ട് ചെടി പുഷ്ടിയായി വളരുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ മരണം നിത്യമദ്ധ്യസ്ഥത സ്ഥാനത്തേക്ക് തന്നെ ആനയിച്ചു. യേശുവിനോടൊപ്പമുള്ള മരണം നിങ്ങളെ ആകുലതയിൽ നിന്നും സ്വാർത്ഥതയിൽ നിന്നും മോചിപ്പിച്ച് മദ്ധ്യസ്ഥ സ്ഥാനത്തേക്ക് ഉയർത്തുന്നു. മദ്ധ്യസ്ഥനായ നിങ്ങളുടെ പ്രാർത്ഥന വഴി ജീവനും അനുഗ്രഹവും മറ്റുള്ളവർക്ക് ലഭിക്കാൻ ഇടവരുന്നു. നിങ്ങളുടെ വിളി മനസ്സിലാക്കി അതനുസരിച്ച് വേല തുടങ്ങുക. പരിപൂർണ്ണമായി വിളിയോട് വിശ്വസ്തരായിരിക്കണം. അങ്ങനെ ചെയ്യുമ്പോൾ 'നിരന്തരം പ്രാർത്ഥിക്കുന്നു' എന്ന ബോധം നിന്റെ ഹൃദയത്തിൽ ഉണ്ടായിക്കഴിഞ്ഞിരിക്കും.

ഇടവിടാതെ പ്രാർത്ഥിക്കുക എന്നത് എങ്ങനെ പഠിക്കുവാൻ കഴിയും? പഠിക്കുവാനുള്ള ഒരേയൊരു മാർഗ്ഗം അതു തന്നെ ചെയ്യുക എന്നതാണ്. ഒരു തുടക്കമായി എല്ലാ ദിവസവും അല്പസമയം – പത്തോ, പതിനഞ്ചോ മിനിറ്റ് – പ്രാർത്ഥനയ്ക്കായി മാറ്റിവയ്ക്കണം. ഈ സമയം മറ്റുള്ളവർക്കു വേണ്ടി മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുവാൻ മാറ്റി വച്ചിരിക്കുകയാണെന്ന് സ്വയം ദൈവത്തോട് പറയണം. പ്രഭാതപ്രാർത്ഥനയ്ക്ക് ശേഷമോ സന്ധ്യാപ്രാർത്ഥന കഴിഞ്ഞുള്ള സമയമോ ഇതിനായി മാറ്റിവയ്ക്കാവുന്നതാണ്. എല്ലാ ദിവസവും ഒരേ നിശ്ചിത സമയം ഉപയോഗിക്കാൻ കഴിയാതെ വന്നാൽ അതേപ്പറ്റി പ്രയാസപ്പെടരുത്. നിന്റെ വേല ചെയ്യുന്നുവെന്ന് ഉറപ്പുവരു





ത്തണം. മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിപ്പാൻ യേശു നിന്നെ തിരഞ്ഞെടുത്ത് നിയോഗിച്ചിരിക്കുന്നു.

ആദ്യ ഘട്ടത്തിൽ ആവേശക്കുറവോ, വിശ്വാസമില്ലായ്മയോ, ശക്തിക്ഷയമോ അനുഭവപ്പെട്ടാൽ അത് നിങ്ങൾക്കൊരു തടസ്സമാകരുത്. നിങ്ങളുടെ കുറവുകൾ യേശുവിന് സമർപ്പിച്ചു കൊണ്ട് നിങ്ങളിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവ് പ്രാർത്ഥിക്കുവാൻ നിങ്ങളെ പഠിപ്പിക്കുമെന്ന് വിശ്വസിച്ച് പ്രാർത്ഥന തുടങ്ങുക. അങ്ങനെ തുടങ്ങുമ്പോൾ ദൈവം നിന്നെ സഹായിച്ച് മുമ്പോട്ടു നയിക്കുമെന്ന് ഉറപ്പാണ്. സ്വയം തുടങ്ങി മുന്നേറാത്ത പക്ഷം ദൈവത്തിനു തന്നെ നിങ്ങളെ സഹായിക്കുവാൻ സാദ്ധ്യമല്ല.

ഇടവിടാതെ പ്രാർത്ഥിക്കുക: ഞാൻ എന്തു പ്രാർത്ഥിക്കണമെന്ന് എങ്ങനെയാണ് അറിയുന്നത്? പ്രാർത്ഥിക്കുവാൻ തുടങ്ങിയശേഷം ചുറ്റുപാടും കാണുന്ന ആവശ്യങ്ങളെപ്പറ്റി ചിന്തിക്കുന്ന പക്ഷം അനേകം കാര്യങ്ങളെപ്പറ്റി പ്രാർത്ഥിച്ചിട്ടുണ്ടെന്ന ബോധ്യമുണ്ടാകുന്നതാണ്. ഒരു മാസത്തേക്ക് മതിയായതായ പ്രാർത്ഥനാവിഷയങ്ങളും ബന്ധപ്പെട്ട സൂചനകളും ഉൾപ്പെടുത്തി പ്രാർത്ഥിക്കാവുന്നതാണ്. ഇങ്ങനെ മാസം തോറും പ്രാർത്ഥിക്കുമ്പോൾ ക്രമേണ പരിശുദ്ധാത്മാവിന്റെ വ്യാപാരത്താൽ പുരോഗമനത്തിലേക്കുള്ള ഉയർച്ച ഉണ്ടാകുന്നതാണ്.

എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടത്? ഈ വിഷയം രണ്ടായി ഭാഗിച്ചിരിക്കുന്നു.

ഒന്ന്-എങ്ങനെ പ്രാർത്ഥിക്കണം?

രണ്ട്-എന്തു പ്രാർത്ഥിക്കണം?

പ്രാർത്ഥനയ്ക്കുള്ള വിഷയങ്ങൾ മാത്രം മനസ്സിൽ വച്ച് ദൈവമുമ്പാകെ ആവശ്യങ്ങളും പേരുകളും മാത്രം പറയുന്ന പതിവു രീതിയിൽ നടക്കുന്ന പ്രാർത്ഥന ഒരു മുഷിപ്പൻ പരിപാടിയായിത്തീരാവുന്നതാണ്. സ്വർഗ്ഗീയ സഹായം

ആദ്യ ഘട്ടത്തിൽ ആവേശക്കുറവോ, വിശ്വാസമില്ലായ്മയോ, ശക്തിക്ഷയമോ അനുഭവപ്പെട്ടാൽ അത് നിങ്ങൾക്കൊരു തടസ്സമാകരുത്. നിങ്ങളുടെ കുറവുകൾ യേശുവിന് സമർപ്പിച്ചു കൊണ്ട് നിങ്ങളിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവ് പ്രാർത്ഥിക്കുവാൻ നിങ്ങളെ പഠിപ്പിക്കുമെന്ന് വിശ്വസിച്ച് പ്രാർത്ഥന തുടങ്ങുക. അങ്ങനെ തുടങ്ങുമ്പോൾ ദൈവം നിന്നെ സഹായിച്ച് മുമ്പോട്ടു നയിക്കുമെന്ന് ഉറപ്പാണ്. സ്വയം തുടങ്ങി മുന്നേറാത്ത പക്ഷം ദൈവത്തിനു തന്നെ നിങ്ങളെ സഹായിക്കുവാൻ സാദ്ധ്യമല്ല.

ലഭിക്കുമെന്നും, ദൈവം പരിശുദ്ധാത്മാവു വഴി സഫലമായി പ്രാർത്ഥിക്കുന്നതിനുള്ള കൃപ നമുക്ക് നൽകുമെന്നും ദൈവം നിശ്ചയമായും നമ്മുടെ പ്രാർത്ഥന ചെവിക്കൊള്ളുമെന്നുമുള്ള ഉറപ്പോടു കൂടി പ്രാർത്ഥിക്കാവുന്നതാണ്. ദൈവഹിതം ശ്രവിക്കുവാനായി പ്രതിദിനം കുറെ സമയം ചെലവഴിക്കണം.

വിശ്വാസത്തോടു കൂടി നടത്തുന്ന പ്രാർത്ഥന ദൈവം ചെവിക്കൊള്ളുമെന്ന അറിവുണ്ടാകുമ്പോൾ വർദ്ധിച്ച വിശ്വാസത്തോടു കൂടി ആഗ്രഹിക്കുന്ന അനുഗ്രഹങ്ങൾ സ്വന്തമാക്കുവാൻ സാധിക്കും. എങ്ങനെ പ്രാർത്ഥിക്കണം എന്നതിനെപ്പറ്റി കുറിക്കുന്ന ഈ വാക്കുകൾ നിങ്ങളുടെ ഹൃദയത്തിൽ പതിഞ്ഞ് എപ്പോഴും ചിന്തയിലുണ്ടായിരിക്കണം. സ്വയം ബലിയായി സമർപ്പിച്ചതുകൊണ്ട് യേശുക്രിസ്തുവിനെ ഈ ലോകത്തിൽ ഏറ്റവും

മഹത്തരമായ ഏക മദ്ധ്യസ്ഥന്റെ സ്ഥാനം ഭരമേൽപ്പിച്ചിരിക്കുന്നു. അതുപോലെ തന്നെ ക്രിസ്ത്യാനികളുടെ ഏറ്റവും മഹത്തരമായ സേവനവും 'മദ്ധ്യസ്ഥൻ ആയിരിക്കുക' എന്നതാണ്. നിങ്ങളും മനുഷ്യർക്കു വേണ്ടി ദൈവത്തിന് സ്വയം ബലിയായിത്തീരണം.

**എന്താണ് പ്രാർത്ഥിക്കേണ്ടത്?**

പല കാര്യങ്ങൾക്കുമായി പ്രാർത്ഥിക്കണമെന്ന് വേദപുസ്തകം അനുശാസിക്കുന്നു. എല്ലാ വിശുദ്ധന്മാർക്കും വേണ്ടി, എല്ലാ മനുഷ്യർക്കും വേണ്ടി, ഭരണകർത്താക്കൾ, ആപത്തിൽ പെട്ടവർ, മാനസാന്തരപ്പെട്ടവർ, വിശ്വാസികൾ, പാപത്തിൽ നിപതിച്ചു പോയവർ, നമ്മുടെ ബന്ധുക്കൾ എന്നിങ്ങനെ എല്ലാവർക്കും വേണ്ടിയും പ്രാർത്ഥിക്കണം. പുതിയ നിയമ ആദ്യകാലത്തെ അപേക്ഷിച്ച് ഇന്ന് സഭ വളർന്നു പന്തലിച്ചു കൊണ്ടിരിക്കുന്നതോടൊപ്പം വിവിധ രംഗങ്ങളിലായുള്ള സേവനവും അവയിൽ വേല ചെയ്യുന്നവരുടെ എണ്ണവും വളരെയധികം വർദ്ധിച്ചതുകൊണ്ട് അടിയന്തര സഹായം എത്തിക്കേണ്ട സംഭവങ്ങളിലേക്കും പ്രദേശങ്ങളിലേക്കും നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ്. അവർക്ക് നമ്മുടെ പ്രാർത്ഥനയും സഹായവും അത്യന്താപേക്ഷിതമാണ്. എല്ലാ വിശുദ്ധന്മാരുടെയും മനുഷ്യരുടെയും സകലവിധ ആവശ്യങ്ങളും നിറവേറ്റുന്നതിനു വേണ്ടി പ്രാർത്ഥിക്കുന്നതിന് ദൈവവചനം നമ്മെ ആഹ്വാനം ചെയ്യുന്നു.

ഇത്ര വലിയ കൂട്ടായ്മയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കുവാൻ പലർക്കും ചിലപ്പോൾ കഴിഞ്ഞെന്നു വരില്ല. എന്നാൽ നമ്മുടെ സമൂഹത്തിൽപെട്ട എല്ലാവർക്കും വേണ്ടി മദ്ധ്യസ്ഥപ്രാർത്ഥന നടത്തുവാൻ ശ്രദ്ധിക്കണം.

ഒരു പ്രത്യേക വിഷയത്തിൽ പ്രത്യേക താത്പര്യമോ തിടുക്കമോ ഉണ്ടെങ്കിൽ പ്രതിദിനം ആ വിഷയത്തെപ്പറ്റി പ്രാർത്ഥിക്കേണ്ടതാണ്. മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കു വേണ്ടി സമയം കണ്ടെത്തുകയും വിശ്വാസപൂർവ്വം മദ്ധ്യസ്ഥപ്രാർത്ഥന നടത്തുകയും ചെയ്താൽ ലക്ഷ്യപ്രാപ്തി ഉണ്ടാകും. മറ്റു ചിലപ്പോൾ കൂടിവരുന്ന എല്ലാവരെയും പങ്കെടുപ്പിച്ചുകൊണ്ട് പ്രാർത്ഥിക്കുവാൻ നാം സന്നദ്ധത കാണിക്കണം. നമ്മുടെ പ്രാർത്ഥനകൾ ആവശ്യാധിഷ്ഠിതവും വ്യക്തവുമായിരിക്കണം. ഈ ആവശ്യം മുൻനിർത്തി, ദൈവമുമ്പാകെ പ്രത്യേകം ഓർത്ത് പ്രാർത്ഥിക്കണം.

**പ്രാർത്ഥനയ്ക്ക് ലഭിക്കുന്ന മറുപടി**

പ്രാർത്ഥനയിൽ സമർപ്പിക്കുന്ന അപേക്ഷകളും അവയ്ക്ക് ലഭിക്കുന്ന മറുപടികളും കുറിക്കുന്ന ഒരു കുറിപ്പ് പുസ്തകത്തിന്റെ ഒന്നിലധികം മാതൃകകൾ കണ്ടിട്ടുണ്ട്. ഈ ബുക്കിന്റെ ഓരോ പുറത്തും കുറെ സ്ഥലം കാലിയായി വിട്ടിരിക്കണം. പ്രത്യേക ആത്മാക്കളെപ്പറ്റിയും പ്രത്യേക വേലയെപ്പറ്റിയുമുള്ള പ്രാർത്ഥനകളും അതിന് പ്രതീക്ഷിക്കുന്ന മറുപടിയും ഈ പുറത്ത് എഴുതാവുന്നതാണ്.

എല്ലാ സഹോദരന്മാർക്കു വേണ്ടിയും പൊതു പ്രാർത്ഥന നടത്തിയതും, നമ്മുടെ പ്രാർത്ഥനയ്ക്ക് എങ്ങനെ എപ്പോൾ മറുപടി ലഭിച്ചുവെന്നതും ആ മറുപടി ഉണ്ടാകുന്നതിന് നമ്മുടെ പ്രാർത്ഥന കൂടി കാരണമായിരുന്നോ എന്നതും കൂടിയും ആരാഞ്ഞ് രേഖപ്പെടുത്തണം. എല്ലാ വിശുദ്ധന്മാർക്കും വേണ്ടി പ്രാർത്ഥിക്കുന്ന ദിവസം നിങ്ങളുടെ കൂട്ടായ്മയിലോ സമൂഹത്തിലോ പെട്ട എല്ലാ വിശുദ്ധന്മാരെയും ഒന്നിച്ചു കൂട്ടി അവരുടെ മദ്ധ്യത്തിൽ ഒരു നവീകരണം ആഹ്വാനം ചെയ്യണം. ദൈവത്തിന് നിങ്ങൾ മഹത്വം കൊടുക്കുവാൻ തക്കവണ്ണമുള്ള അനുഗ്രഹങ്ങൾക്കായി കാത്തിരിക്കുക. ❖





**നേതൃത്വത്തിലുള്ളവർക്കുള്ള ഉപദേശങ്ങൾ**

### ആത്മാവിന്റെ ഐക്യത, വിശ്വാസത്തിന്റെ ഐക്യത - III

# സ്വാർത്ഥതയോട് വിട പറയുക

**സാക് പുന്നൻ**

എല്ലായിടങ്ങളിലുമുള്ള എല്ലാ മൂപ്പന്മാരും ഓർമ്മിച്ചിരിക്കേണ്ട കാര്യമാണ് തങ്ങളുടെ ആടുകളെ ദൈവം സ്വന്തരക്തം നൽകി വിലയ്ക്കു വാങ്ങിയതാണ് എന്നത്. അതുകൊണ്ടു നമ്മുടെ വീട്ടിലെ വിലപിടിപ്പുള്ള വസ്തുക്കളെപ്പോലെ നാം അവരെ സൂക്ഷിക്കേണ്ടതുണ്ട്.

യേശു പത്രോസിനോടു ഒന്നാമതു ചോദിച്ചു തന്നെ സ്നേഹിക്കുന്നുവോ എന്ന്. അതിനു ശേഷമാണ് കുഞ്ഞാടുകളെ പാലിക്കാനും ആടുകളെ മേയ്ക്കുവാനും പത്രോസിനോടു കല്പിക്കുന്നത്. (യോഹ. 21:15-17). മൂപ്പന്മാർ എന്ന നിലയിൽ ആടുകളെയും കുഞ്ഞാടുകളെയും ത്യാഗപൂർണ്ണമായി പരിപാലിക്കുന്നതിലൂടെ നാം കർത്താവിനോടുള്ള നമ്മുടെ സ്വാർത്ഥം അന്വേഷിക്കാത്ത സ്നേഹമാണ് പ്രദർശിപ്പിക്കുക. നിർഭാഗ്യവശാൽ ഇന്ന് മൂപ്പന്മാരും ഇടയന്മാരുമൊക്കെ ആടുകൾക്കു മുമ്പെ നടന്ന് അവർക്കു മാതൃകയാകേണ്ടതിന്നു പകരം സിംഹാസനത്തിൽ രാജാക്കന്മാരെപ്പോലെ ഇരിക്കുകയാണ്. സഭകളിൽ ഇന്നു നമുക്കാവശ്യം യേശുവിനെപ്പോലെയുള്ള ഇടയന്മാരെയാണ്. സഭകൾ എണ്ണത്തിൽ പെരുകുംതോറും നമുക്ക് അപ്രകാരമുള്ള മൂപ്പന്മാരെ അധികം ആവശ്യമുണ്ട്. അതുകൊണ്ടാണ് പ്രസംഗപീഠത്തിലെ കേവലം ഒരു പാസ്റ്റർക്കു പകരം ഒരു ശരീരമായി പ്രാദേശിക സഭ പണിയപ്പെടണമെന്നാഗ്രഹിക്കുന്നത്.

ഫിലിപ്പിയർ 2:19-21-ൽ പൗലൊസ് തിമോഥെയോസിനെ പ്രശംസിച്ചു പറയുന്നതു ശ്രദ്ധിക്കുക: "ഇവിടെയുള്ള മുഴുവൻ പ്രവർത്തകരിലും വച്ച് തിമൊഥെയോസ് ഒഴികെ (1) ക്രിസ്തുവിന്റെ താത്പര്യങ്ങൾക്കു വേണ്ടി നിലകൊള്ളുന്നവനായി (2) നിങ്ങൾക്കു വേണ്ടി പരമാർത്ഥമായി കരുതുന്നവനായി, മറ്റൊരും തന്നെയില്ല." പൗലൊസിന്റെ മറ്റെല്ലാ സഹപ്രവർത്തകരും തങ്ങളുടെ സ്വന്ത താത്പര്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്നവരായിരുന്നു. അവിശ്വാസികളെക്കുറിച്ച് അത്തരം കാര്യങ്ങൾ എഴുതിയിരുന്നെങ്കിൽ നമുക്കു മനസ്സിലാക്കാൻ കഴിയുമായിരുന്നു. കാരണം എല്ലാം അവിശ്വാസികളും സ്വാർത്ഥം അന്വേഷിക്കുന്നു. പക്ഷേ പൗലൊസ് തന്റെ സഹപ്രവർത്തകരെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്. അവർ പൗലൊസിനൊപ്പം ചേർന്നപ്പോൾ മുഴുഹൃദയവും അർപ്പിച്ചവരായിരുന്നു. എന്നാൽ കാലം കടന്നുപോയപ്പോൾ അവർ തണുത്തു പോകയും സ്വന്തം താത്പര്യങ്ങളിലേക്കു തിരിയുകയും ചെയ്തു.

ഇക്കാര്യം ക്രിസ്തീയ പ്രവർത്തകരുടെ ഇടയിൽ പേർത്തും പേർത്തും സംഭവിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. കർത്താവി

**മൂപ്പന്മാർ എന്ന നിലയിൽ ആടുകളെയും കുഞ്ഞാടുകളെയും ത്യാഗപൂർണ്ണമായി പരിപാലിക്കുന്നതിലൂടെ നാം കർത്താവിനോടുള്ള നമ്മുടെ സ്വാർത്ഥം അന്വേഷിക്കാത്ത സ്നേഹമാണ് പ്രദർശിപ്പിക്കുക. നിർഭാഗ്യവശാൽ ഇന്ന് മൂപ്പന്മാരും ഇടയന്മാരുമൊക്കെ ആടുകൾക്കു മുമ്പെ നടന്ന് അവർക്കു മാതൃകയാകേണ്ടതിന്നു പകരം സിംഹാസനത്തിൽ രാജാക്കന്മാരെപ്പോലെ ഇരിക്കുകയാണ്. സഭകളിൽ ഇന്നു നമുക്കാവശ്യം യേശുവിനെപ്പോലെയുള്ള ഇടയന്മാരെയാണ്. സഭകൾ എണ്ണത്തിൽ പെരുകുംതോറും നമുക്ക് അപ്രകാരമുള്ള മൂപ്പന്മാരെ അധികം ആവശ്യമുണ്ട്.**

ങ്കലേക്കു വരുമ്പോൾ തികഞ്ഞ എരിവോടെ, ഉത്സാഹത്തോടെ വരുന്ന ഒട്ടേറെ ചെറുപ്പക്കാരെ ഞാൻ കണ്ടിട്ടുണ്ട്. പത്തു വർഷം കഴിയുമ്പോൾ, 20 വർഷം കഴിയുമ്പോൾ, അവർ സ്വാർത്ഥം അന്വേഷിക്കുന്നവരായിത്തീരുന്നു. ദൈവം അവർക്കു നൽകിയ വരങ്ങളും ഉത്തരവാദിത്തങ്ങളും തലയ്ക്കു പിടിച്ച് ദൈവം നൽകിയ വരങ്ങളെ പണ സമ്പാദനത്തിനും പേരു സമ്പാദിക്കാനും ഉപയോഗിക്കുന്ന നിലയിലേക്കു ലക്ഷ്യം മാറിപ്പോയി. ഇന്ന് അവർ ക്രിസ്തുവിന്റെ കാര്യമല്ല സ്വാർത്ഥം അന്വേഷിക്കുന്നവരായിത്തീർന്നിരിക്കുന്നു. ഞാൻ അവരെ വിധിക്കുന്നില്ല. വിധിക്കുന്നതു കർത്താവാണ്. എന്നാൽ ഈ കാര്യങ്ങൾ എനിക്കൊരു മുന്നറിയിപ്പായി ഞാൻ പഠിക്കുന്നു- ഞാൻ സ്വയം ആ വീഴ്ച വരാതെ സൂക്ഷിക്കുന്നു.

**ഒറ്റയ്ക്കു മുന്നോട്ടു പോകാൻ താത്പര്യം**

ബൈബിളിന്റെ മുക്കാൻ ഭാഗവും പഴയ നിയമമാണ്. അതിന്റെ ഭൂരിഭാഗവും യിസ്രായേലിന്റെ ചരിത്രവുമാണ്. യിസ്രായേലിന്റെ തെറ്റുകൾ നമുക്കു ഭവിക്കാതിരിക്കാൻ ആ ചരിത്രം ദൈവം നമുക്കു നൽകിയിക്കുന്നു. എന്നാൽ അനേകം സഭകളും അതേ തെറ്റുകൾ ആവർത്തിച്ചുകൊണ്ട് തങ്ങൾ ഒന്നും പഠിച്ചിട്ടില്ല എന്നു തെളിയിക്കുന്നു.

"തങ്ങൾക്കും ചുറ്റുമുള്ള രാജ്യങ്ങളെപ്പോലെ ഒരു രാജാവിനെ വേണ"മെന്ന് യിസ്രായേൽ മക്കൾ ശമുവേലിനോട് ഒരു സമയത്ത് ആവശ്യപ്പെട്ടു. (1 ശമു. 8:5) അവർക്ക് ഒരു രാജാവുണ്ടായിരിക്കുവാൻ ദൈവം ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല. യിസ്രായേലിന് അപ്രകാരം ചോദ്യം ചെയ്യപ്പെടാൻ കഴിയാത്ത ഒരു അധികാരി ഉണ്ടായിരിക്കുന്നത് അപകടകരമാണെന്നു ദൈവത്തിനറിയാമായിരുന്നു. ദൈവം തന്നെയായിരുന്നു അവരുടെ രാജാവ്. മനുഷ്യരുടെയിടെയിൽ നിന്നും അവർ രാജാവിനെ ചോദിച്ചത് തന്റെ രാജത്വം അവർ തള്ളിക്കളഞ്ഞതുകൊണ്ടാണെന്നു ദൈവം ശമുവേലിനോടു പറഞ്ഞു. എന്നാൽ യിസ്രായേൽ തങ്ങളുടെ ആവശ്യത്തിൽ ഉറച്ചു നിന്നു. അങ്ങനെ തന്നെയാണ് ഇന്നും സഭകൾ, ഒരു പുരോഹിതനെയോ ഒരു പാസ്റ്ററെയോ തങ്ങളുടെ സഭ ഭരിക്കുവാനായി ആഗ്രഹിക്കുന്നത്. ആളുകളുടെ താത്പര്യത്തിനൊത്ത് സഭാ ഭരണം ഏറ്റെടുക്കാനും തങ്ങൾക്ക് ഒരു പേരുണ്ടാക്കാനും താത്പര്യമുള്ളവരായി ഇന്ന് ഒട്ടേറെ വരപ്രാപ്തരായ പ്രസംഗകരുണ്ട്. എന്നാൽ തന്റെ ജനത്തിനു വേണ്ടി ദൈവം അങ്ങനെയൊന്ന് ആഗ്രഹിക്കുന്നില്ല. പൗലൊസിന്റെ സഹപ്രവർത്തകരും അപ്രകാരമുള്ളവരായിരുന്നിരിക്കണം. തങ്ങൾക്ക് ഒരു പേരുണ്ടാക്കാൻ ആഗ്രഹിക്കാത്തവരായിരുന്നിരിക്കണം.





അവസാന നാളിൽ നമ്മുടെ പ്രവൃത്തിയെ മരവും വൈക്കോലും പോലെ ദൈവം അഗ്നിക്കിരയാക്കുന്നതു കാണാതെയിരിക്കുവാൻ തക്കവണ്ണം ദൈവം തന്നെ നമ്മെ സൂക്ഷിക്കട്ടെ. (1 കൊരി. 3:12-15) ദൈവത്തിന്റെ പ്രവൃത്തി നമ്മുടെ മഹത്വത്തിനു വേണ്ടി ചെയ്യുന്നതാണ് പുല്ലും വൈക്കോലും.

ഒരിക്കൽ പൗലൊസിന്റെ ഒരു നല്ല സഹപ്രവർത്തകനായിരുന്നു ദേമാസ്. (കൊലൊ. 4:14). എന്നാൽ ചില വർഷങ്ങൾക്കു ശേഷം അവൻ പേരിനും പണത്തിനും പിന്നാലെയായി പൗലൊസിനെ വിട്ടുപോയി. (2 തിമൊ. 4:10). പൗലൊസിനൊപ്പം പ്രവർത്തിക്കുന്നത് എളുപ്പമായിരുന്നില്ല. അദ്ദേഹം സ്വാർത്ഥം അന്വേഷിക്കാത്ത, ധനമോ മാനമോ അന്വേഷിക്കാത്ത, മൗലീകനായ ക്രിസ്ത്യാനിയായിരുന്നു. തന്റെ സഹപ്രവർത്തകരെയും അദ്ദേഹം അങ്ങനെയുള്ള കാര്യങ്ങൾ അന്വേഷിക്കുവാൻ അനുവദിച്ചിരുന്നില്ല. അതുകൊണ്ട് ആരെങ്കിലും പണമോ മാനമോ സുഖമോ അന്വേഷിച്ചെങ്കിൽ അവർക്കു പൗലൊസിനെ വിട്ടുപോകാതെ തരമില്ലായിരുന്നു. അങ്ങനെയുള്ളവർ എന്തെങ്കിലും കാരണമുണ്ടാക്കി പുറത്തു പോവുകയും സ്വയം പടർന്നു പന്തലിക്കുകയും ചെയ്തു പോന്നു.

**സ്വാർത്ഥതയ്ക്കു പകരം കഷ്ടങ്ങൾ അതിൽ പ്രശംസിക്കുക**

2 കൊരിന്ത്യർ 11-ാം അദ്ധ്യായത്തിൽ തന്റെ ശുശ്രൂഷയിൽ അനുഭവിക്കേണ്ടി വന്ന പ്രശ്നങ്ങളെക്കുറിച്ച് പൗലൊസ് പറയുന്നുണ്ട്. മറ്റു പ്രസംഗകർ തങ്ങളുടെ നേട്ടങ്ങളെക്കുറിച്ചു പ്രശംസിക്കുമ്പോൾ പൗലൊസ് സുവിശേഷം മൂലമായുള്ള തന്റെ കഷ്ടങ്ങളെക്കുറിച്ചു പ്രശംസിക്കുന്നു. പൗലൊസ് തടവിലായപ്പോൾ ചില പ്രസംഗകർ സന്തോഷിച്ച് "ഇതാ നമുക്കുള്ള അവസരം വന്നിരിക്കുന്നു. നാം പൗലൊസിനെക്കാൾ മികച്ച പ്രസംഗകരാണെന്നു തെളിയിക്കാനുള്ള അവസരം" എന്നു പറയുന്നു (ഫിലി. 1:15-17). പൗലൊസ് ആരുമായും ഒരു പ്രസംഗ 'മത്സര'ത്തിലായിരുന്നില്ല. അതിനാൽ അദ്ദേഹത്തിന് അല്പം പോലും വ്യസനമുണ്ടായില്ല. ക്രിസ്തുവിനെ അവർ പ്രസംഗിക്കുന്നതിലും അദ്ദേഹം സന്തുഷ്ടനായിരുന്നു. മറ്റുള്ളവർ തെറ്റായ ഉദ്ദേശ്യത്തോടെ പ്രസംഗിച്ചു എങ്കിൽ ദൈവമാണല്ലോ അവരുടെ വിധികർത്താവ്. അവസാനനാളിൽ അവിടുന്ന് അതു വെളിപ്പെടുത്തും.

**കർത്താവിങ്കലേക്കു വരുമ്പോൾ തികഞ്ഞ എരിവോടെ, ഉത്സാഹത്തോടെ വരുന്ന ഒട്ടേറെ ചെറുപ്പക്കാരെ ഞാൻ കണ്ടിട്ടുണ്ട്. പത്തു വർഷം കഴിയുമ്പോൾ, 20 വർഷം കഴിയുമ്പോൾ, അവർ സ്വാർത്ഥം അന്വേഷിക്കുന്നവരായിത്തീരുന്നു. ദൈവം അവർക്കു നൽകിയ വരങ്ങളും ഉത്തരവാദിത്തങ്ങളും തലയ്ക്കു പിടിച്ച് ദൈവം നൽകിയ വരങ്ങളെ പണസമ്പാദനത്തിനും പേരു സമ്പാദിക്കാനും ഉപയോഗിക്കുന്ന നിലയിലേക്കു ലക്ഷ്യം മാറിപ്പോയി. ഇന്ന് അവർ ക്രിസ്തുവിന്റെ കാര്യമല്ല സ്വാർത്ഥം അന്വേഷിക്കുന്നവരായിത്തീർന്നിരിക്കുന്നു. ഞാൻ അവരെ വിധിക്കുന്നില്ല. വിധിക്കുന്നതു കർത്താവാണ്. എന്നാൽ ഈ കാര്യങ്ങൾ എനിക്കൊരു മുന്നറിയിപ്പായി ഞാൻ പഠിക്കുന്നു.**

പൗലൊസ് പ്രശംസിക്കുന്നത് താൻ പലവട്ടം അടികൊണ്ടു തടവിലായി എന്നതിലാണ്. 195 പ്രാവശ്യം ചാട്ടവാറടി കൊണ്ടു. ഒരിക്കൽ കല്ലേറേറ്റു. മൂന്നു പ്രാവശ്യം കപ്പൽച്ചേതത്തിലകപ്പെട്ടു. ഒരിക്കൽ കപ്പലപകടത്തിൽ 24 മണിക്കൂർ സമയം വെള്ളത്തിൽ കഴിയേണ്ടി വന്നു. നദി

> ആളുകളുടെ താത്പര്യത്തിനൊത്ത് സഭാ ഭരണം ഏറ്റെടുക്കാനും തങ്ങൾക്ക് ഒരു പേരുണ്ടാക്കാനും താത്പര്യമുള്ളവരായി ഇന്ന് ഒട്ടേറെ വരപ്രാപ്തരായ പ്രസംഗകരുണ്ട്. എന്നാൽ തന്റെ ജനത്തിനു വേണ്ടി ദൈവം അങ്ങനെയൊന്ന് ആഗ്രഹിക്കുന്നില്ല. പൗലൊസിന്റെ സഹപ്രവർത്തകരും അപ്രകാരമുള്ളവരായിരുന്നിരിക്കണം. തങ്ങൾക്ക് ഒരു പേരുണ്ടാക്കാൻ ആഗ്രഹിക്കാത്തവരായിരുന്നിരിക്കണം. അവസാന നാളിൽ നമ്മുടെ പ്രവൃത്തിയെ മരവും വൈക്കോലും പോലെ ദൈവം അഗ്നിക്കിരയാക്കുന്നതു കാണാതെയിരിക്കുവാൻ തക്കവണ്ണം ദൈവം തന്നെ നമ്മെ സൂക്ഷിക്കട്ടെ.

യിലും കാട്ടിലും പട്ടണത്തിലും ഒക്കെ ആപത്തിൽപെട്ടു. പല രാത്രികൾ ഉറങ്ങാൻ പറ്റാതെ കഴിയേണ്ടി വന്നു. ഭക്ഷണമില്ലാത്ത നാളുകൾ, അങ്ങനെ പലതും. കൂടാതെ താൻ സ്ഥാപിച്ച സഭകളിലെ വിശ്വാസികളുടെ പ്രശ്നങ്ങളെ സംബന്ധിച്ച ചിന്താഭാരവും. "ആരു ബലഹീനനായപ്പോൾ ഞാൻ ബലഹീനനായില്ല?" ആരു പാപത്തിലകപ്പെട്ടപ്പോൾ ഞാൻ അതെക്കുറിച്ചു ഭാരപ്പെട്ടില്ല? അദ്ദേഹത്തിന്റെ ഈ ചോദ്യങ്ങൾ ശ്രദ്ധിക്കുക. (2 കൊരി. 11:23-29). പൗലൊസ് ഒരു യഥാർത്ഥ ഇടയനായിരുന്നു. അതുകൊണ്ടാണു തന്റെ ജീവിതാവസാനത്തിൽ അദ്ദേഹത്തിന് ഇങ്ങനെ പറയാൻ കഴിഞ്ഞത്: "ഞാൻ നല്ല പോരാട്ടം പോരാടി, ഓട്ടം തികെച്ചു. വിശ്വാസം കാത്തു". "ഞാൻ ക്രിസ്തുവിന്റെ അനുകാരി ആയിരിക്കുന്നതുപോലെ നിങ്ങൾ എന്റെ അനുകാരികൾ ആകുവിൻ" എന്ന് അദ്ദേഹം പറഞ്ഞതിലത്ഭുതമില്ല. മൂപ്പന്മാരെന്ന നിലയിൽ നമുക്കും ആടുകളോടു പറയേണ്ടതുണ്ട് "ഞാൻ ക്രിസ്തുവിന്റെ അനുഗാമി ആയിരിക്കുന്നതു പോലെ നിങ്ങൾ എന്നെ അനുഗമിക്കുവിൻ" എന്ന്. നാം പൂർണ്ണമായും ക്രിസ്തുവിനെപ്പോലെ ആയിട്ടില്ല, എങ്കിലും നാം അവനെ അനുഗമിച്ചുകൊണ്ടിരിക്കുകയാണ്. 29000 അടി ഉയരമുള്ള എവറസ്റ്റ് കൊടുമുടി പോലെ ഉയരമുള്ള ഒന്നാണ് ക്രിസ്തു തുല്യത എന്നു വിചാരിക്കുക. അതിന്റെ നിറുകയിലാണ് ക്രിസ്തുവിന്റെ സ്ഥാനം- തികെഞ്ഞ സമ്പൂർണ്ണത. നാം മഞ്ഞിൽ പതിഞ്ഞ അവിടുത്തെ കാൽപ്പാടുകൾ നോക്കി ഓരോ അടിയും ശ്രദ്ധയോടെ വച്ചു കയറുകയാണ്. നമുക്കു മുമ്പിൽ പൗലൊസുണ്ട്. അദ്ദേഹം ഉയരത്തിലാണെങ്കിലും കർത്താവിന്റെ കാൽപ്പാടുകൾ നോക്കിത്തന്നെയാണ് കയറുന്നത്. പൗലൊസിനെയും മറ്റു പലരെയും പോലെയുള്ള മാതൃകകൾക്കായി ഞാൻ കർത്താവിനെ സ്തുതിക്കുന്നു. ശ്രദ്ധ കൂടാതെ നടന്നു കാൽ വഴുതി തലകുത്തി വീണവരെ ഞാൻ ശ്രദ്ധിക്കുന്നില്ല. സ്ഥിരതയോടെ മുന്നോട്ടുതന്നെ പ്രയാണം ചെയ്തവരാണ് എന്റെ മാതൃക. ക്രിസ്തു മാത്രമാണു നെറുകയിലെത്തിയത്. പൗലൊസ് തന്റെ ജീവിതാന്ത്യത്തിലും പറയുന്നതു ഞാൻ സമ്പൂർണ്ണനല്ല എന്നാണ്. അദ്ദേഹം നെറുകയിലെത്തിയിട്ടില്ല. ചിലർ 5000 അടിയും മറ്റു ചിലർ 2000 അടിയും മറ്റു ചിലർ 500 അടിയും കയറിയിരിക്കുന്നു. എങ്കിലും നമുക്കു പിന്നിലേക്കു നോക്കി പറയേണ്ടതുണ്ട്: "ഞാൻ ക്രിസ്തുവിനെ അനുഗമിക്കുന്നതു പോലെ എന്നെ അനുഗമിക്കുക' എന്ന് (ഫിലി. 3:17). മൂപ്പന്മാരായിരിക്കുന്ന നമുക്കോരോരുത്തർക്കും അതു പറയാൻ കഴിയേണ്ടതുണ്ട്. നാം ആരും തന്നെ പ്രാഥ

*(ശേഷം പേജ് 32 ൽ)*





**ദൈവം യോജിപ്പിച്ചത്**

### കാതറിനും വില്യം ബൂത്തും - 7

# മറ്റു രാജ്യങ്ങളിലേക്ക്

**അജയ് ജോർജ്**

1880 മുതൽ അനുയായികൾ യൂണിഫോം ധരിക്കാൻ തുടങ്ങി. പക്ഷേ വളരെ കർശനമായ ശിക്ഷണത്തിനൊടുവിൽ മാത്രം ലഭിക്കുന്ന ഒരു പദവിയായിരുന്നു അത്. 'ആർമി'യുടെ ട്രെയിനിംഗ് കോളജിൽ നിന്നും ആദ്യം 'തറ തുടയ്ക്കൽ ശാസ്ത്ര'ത്തിലാണ് ബിരുദം എടുക്കേണ്ടിയിരുന്നത്. പുലർച്ചയ്ക്ക് മുമ്പ് എഴുന്നേറ്റ് മുറിയും കെട്ടിടത്തിന്റെ ചവിട്ടുപടികളും കഴുകിത്തുടയ്ക്കണം. പിന്നെ മറ്റുള്ളവരുടെ ഷൂ പോളീഷ് ചെയ്യണം. ജനാലകളും ചില്ലുകളും തുടച്ച് ഭംഗിയാക്കണം. പരിശീലനകാലം മുഴുവനും ഇത്തരം പ്രായോഗിക പഠനങ്ങളായിരുന്നു. ചോദ്യങ്ങൾ ചോദിച്ച് ബുദ്ധിമുട്ടിക്കുന്നവരേയും കള്ളുകുടിയന്മാരുടെ തെറിവിളികളെയും നേരിടേണ്ടതും കല്ലോ ചീമുട്ടയോ വരുമ്പോൾ ചെയ്യേണ്ടതുമെല്ലാം അവിടെ പഠിപ്പിച്ചിരുന്നു. 'ഇതിനേക്കാൾ എത്രയോ മടങ്ങ് കഠിനമായിരിക്കാം



**പോർക്കളത്തിൽ മക്കളും....** *വില്യം ബൂത്തിന്റെ മകൾ കെയ്റ്റ് ബൂത്തും (ഇടത്ത്), മകൻ ബ്രാംവെൽ ബൂത്തും.*

ബൂത്ത് ദമ്പതികളുടെ മിഷനറി വീര്യം മറ്റു രാജ്യങ്ങളിലേക്കും പ്രവർത്തനം വ്യാപിപ്പിക്കാനിടയാക്കി. കാനഡ, ഓസ്ട്രേലിയ, അമേരിക്ക തുടങ്ങിയയിടത്തൊക്കെ 'സൈന്യ'മെത്തി. ഫ്രാൻസിൽ മൂത്തമകൾ കേറ്റ് തന്നെയാണ് 'ആദ്യവെടി' പൊട്ടിച്ചത്. എന്നാൽ ഈ രാജ്യങ്ങളൊക്കെ നേരത്തെ തന്നെ 'ക്രിസ്തീയ' മായിരുന്നല്ലോ. ഏറ്റവും വലിയ പരീക്ഷയുണ്ടായത് 1882ൽ ഇന്ത്യയിലെ ഹിന്ദുക്കളേയും മുസ്ലിങ്ങളേയും നേരിട്ടപ്പോഴായിരുന്നു. 'നിങ്ങളായിരിക്കുന്ന സ്ഥലത്ത് ഒരു പക്ഷേ നിങ്ങൾ ഒറ്റയ്ക്കായിപ്പോകാം.' ഇന്ത്യയിലേക്ക് പുറപ്പെടുന്ന മിഷനറിമാർക്ക് കൊടുത്ത കുറിപ്പിലെ വാക്കുകളാണിവ.

യഥാർത്ഥത്തിൽ നിങ്ങൾ നേരിടാൻ പോകുന്നത്' എന്ന് ക്ലാസെടുക്കുന്നവർ അവരെ ഓർമ്മപ്പെടുത്തും. കോഴ്സ് പൂർത്തിയാക്കി യുദ്ധസ്ഥലത്തേയ്ക്ക് പോകാൻ തയ്യാറായി നിന്ന ഒരു ബാച്ചിലെ യുവസൈനികരോട് ബൂത്ത് അല്പം തമാശ കലർത്തി പറഞ്ഞു: 'ഞാൻ നിങ്ങളെയെല്ലാവരേയും ജീവപര്യന്തം കഠിന ജോലിക്ക് വിധിക്കുന്നു.' അതായിരിക്കും ഒരു യഥാർത്ഥ ക്രിസ്തു ശിഷ്യന് അഭിമുഖീകരിക്കേണ്ടി വരുക എന്ന് സ്വന്തം അനുഭവം കൊണ്ട് അദ്ദേഹത്തിന് അറിയാമായിരുന്നല്ലോ. 'ആത്മാക്കളെ രക്ഷിക്കാനാവുമെങ്കിൽ ലോകത്തിനുമുമ്പിൽ ഒരു വിഡ്ഢിയായിത്തീരാൻ എനിക്ക് സന്തോഷമേയുള്ളൂ' എന്നാണ് കാതറിൻ ബൂത്ത് അവരോട് പറഞ്ഞത്. സേനാംഗങ്ങൾ ആ വാക്കുകൾ നെഞ്ചോടു ചേർത്തു വച്ചു.

ബൂത്ത് ദമ്പതികളുടെ മിഷനറി വീര്യം മറ്റു രാജ്യങ്ങളിലേക്കും പ്രവർത്തനം വ്യാപിപ്പിക്കാനിടയാക്കി. കാനഡ, ഓസ്ട്രേലിയ, അമേരിക്ക തുടങ്ങിയയിടത്തൊക്കെ 'സൈന്യ'മെത്തി. ഫ്രാൻസിൽ മൂത്തമകൾ കേറ്റ് തന്നെയാണ് 'ആദ്യവെടി' പൊട്ടിച്ചത്. എന്നാൽ ഈ രാജ്യങ്ങളൊക്കെ നേരത്തെ തന്നെ 'ക്രിസ്തീയ' മായിരുന്നല്ലോ. ഏറ്റവും വലിയ പരീക്ഷയുണ്ടായത് 1882ൽ ഇന്ത്യയിലെ ഹിന്ദുക്കളേയും മുസ്ലിങ്ങളേയും നേരിട്ടപ്പോഴായിരുന്നു. 'നിങ്ങളായിരിക്കുന്ന സ്ഥലത്ത് ഒരു പക്ഷേ നിങ്ങൾ ഒറ്റയ്ക്കായിപ്പോകാം.' ഇന്ത്യയിലേക്ക് പുറപ്പെടുന്ന മിഷനറിമാർക്ക് കൊടുത്ത കുറിപ്പിലെ വാക്കുകളാണിവ. 'ഗ്രാമത്തിൽ മേശ, കസേര, കട്ടിൽ തുടങ്ങിയ യാതൊരു വിധ ഗൃഹോപകരണങ്ങളും ഉണ്ടായെന്ന് വരില്ല. നാട്ടുകാർ ഭക്ഷണം പാകംചെയ്യുന്നതുപോലെ ചെയ്യേണ്ടിവരും, നദിക്കരയിൽ കുളിക്കുകയും തുണിയലക്കുകയുമൊക്കെ ചെയ്യേണ്ടി വന്നേക്കാം. നിങ്ങളുടെ ഇംഗ്ലീഷ് രീതികളും സ്വഭാവങ്ങളും മറന്നേക്കുക. വടക്കേ ഇന്ത്യയിൽ കളക്ടറായിരുന്ന, മാനസാന്തരം വന്ന് രക്ഷാസൈന്യത്തിൽച്ചേർന്ന ഫ്രെഡറിക് ടക്കർ ഐ.സി.എസ് ആയിരുന്നു ഇന്ത്യയിലെ മിഷനറിമാരുടെ നേതാവ്. 'ഇന്ത്യക്കാരനായി മാറുക, ടക്കർ' എന്നാണ് വില്യം ബൂത്ത് അദ്ദേഹത്തിന് കൊടുത്ത ഉപദേശം.

എന്നാൽ ഇന്ത്യക്കാരായിരുന്നില്ല സുവിശേഷത്തെ ആദ്യം എതിർത്തത്. ഇവിടത്തെ ബ്രിട്ടീഷ് ഭരണാധികാരികൾ തന്നെയാണ് അത് ചെയ്തത്. നാട്ടുകാർക്കൊപ്പം അവരെപ്പോലെ വസ്ത്രം ധരിച്ച് ജീവിക്കാൻ ഇറങ്ങിപ്പുറപ്പെട്ട മിഷനറിമാരോട് ബോംബെയിലെ ബ്രിട്ടീഷ് ഗവർണ്ണർക്ക്





അവജ്ഞയായിരുന്നു. ഭരിക്കുന്നവരും ഭരണീയരും തമ്മിലുള്ള അതിർവരമ്പുകൾ നേർത്തു തുടങ്ങിയാൽ പിന്നെ അധികനാൾ ഇവിടെ പിടിച്ചു നിൽക്കാനാവില്ലെന്ന് അയാൾക്കറിയാമായിരുന്നു. പരസ്യയോഗങ്ങളും ജാഥകളും സർക്കാർ നിരോധിച്ചു. കളക്ടറായിരുന്ന ആളായതുകൊണ്ട് ഇവിടെയുള്ള നിയമങ്ങളെല്ലാമറിയുന്ന ടക്കർ ഒന്നിനും വഴങ്ങിയില്ല. അവർ അദ്ദേഹത്തെ അറസ്റ്റ് ചെയ്തു. ജയിലിലാക്കി. ആദ്യത്തെ അഞ്ചുമാസത്തെ യുദ്ധം സർക്കാരും സാൽവേഷൻ ആർമിയും തമ്മിലായിരുന്നു. ഒടുവിൽ ലണ്ടനിലെ ഇന്ത്യ ഓഫീസിൽ നിന്നും സൈന്യത്തിനെതിരെയുള്ള പീഡനങ്ങൾ അവസാനിപ്പിക്കാൻ കല്പന വന്നു. അതിനുശേഷമാണ് സർക്കാർ തലത്തിലുള്ള പ്രയാസങ്ങൾ മാറിക്കിട്ടിയത്. പിന്നീട് ഇംഗ്ലണ്ടിൽ നിന്നും കൂടുതൽ 'ഭടൻമാർ' വന്നു തുടങ്ങി. അവർ അത്യുൽസാഹത്തോടെ ആത്മാക്കളെ നേടാനായി ഭാരതത്തിലെ വിവിധ സ്ഥലങ്ങളിലേക്ക് മാർച്ച് ചെയ്തു. ഒരാൾ വീട്ടിലേക്ക് ഇങ്ങനെ ഒരു കത്തെഴുതി: 'ഇവിടെ വന്നതിൽപ്പിന്നെ ഒരു കിടക്കയിൽ കിടക്കാനായിട്ടില്ല. തറയിൽ തുണിവിരിച്ചാണ് കിടപ്പ്. ആദ്യ ആഴ്ചയിൽത്തന്നെ എന്റെ കാലുകൾ രണ്ടും നീരുവച്ച് വ്രണങ്ങളുണ്ടായി. എങ്കിലും വിശ്വാസത്തിലേക്ക് വരുന്നവരുടെ സന്തോഷമുള്ള മുഖങ്ങൾ കാണുമ്പോൾ എല്ലാം മറക്കുന്നു.' സന്യാസിമാരെപ്പോലെ കാവി വസ്ത്രം ധരിച്ചും ചെരിപ്പിടാതെയും അവർ ഗ്രാമങ്ങൾ തോറും നടന്നു. തമിഴ്നാട്ടിലെത്തിയപ്പോൾ തല മുണ്ഡനം ചെയ്തു രക്ഷാസൈന്യത്തിന്റെ ചുവപ്പ്, മഞ്ഞ, നീല നിറത്തിലുള്ള കുറി നെറ്റിയിൽ വരച്ചു കൊണ്ടു നടന്നു. തൊട്ടു കൂടാത്തവരുടെ ഗ്രാമങ്ങളിൽ അവർക്കൊപ്പം നിന്ദ ഏറ്റുവാങ്ങി അധഃകൃതരായി ജീവിച്ചു.

ഒരാൾ വീട്ടിലേക്ക് ഇങ്ങനെ ഒരു കത്തെഴുതി: 'ഇവിടെ വന്നതിൽപ്പിന്നെ ഒരു കിടക്കയിൽ കിടക്കാനായിട്ടില്ല. തറയിൽ തുണിവിരിച്ചാണ് കിടപ്പ്. ആദ്യ ആഴ്ചയിൽത്തന്നെ എന്റെ കാലുകൾ രണ്ടും നീരുവച്ച് വ്രണങ്ങളുണ്ടായി. എങ്കിലും വിശ്വാസത്തിലേക്ക് വരുന്നവരുടെ സന്തോഷമുള്ള മുഖങ്ങൾ കാണുമ്പോൾ എല്ലാം മറക്കുന്നു.' സന്യാസിമാരെപ്പോലെ കാവി വസ്ത്രം ധരിച്ചും ചെരിപ്പിടാതെയും അവർ ഗ്രാമങ്ങൾ തോറും നടന്നു. തമിഴ്നാട്ടിലെത്തിയപ്പോൾ തല മുണ്ഡനം ചെയ്തു രക്ഷാസൈന്യത്തിന്റെ ചുവപ്പ്, മഞ്ഞ, നീല നിറത്തിലുള്ള കുറി നെറ്റിയിൽ വരച്ചു കൊണ്ടു നടന്നു.

എലിസബത്ത് ഗെയ്ക്കി എന്ന യുവതിക്കുണ്ടായ അനുഭവം രസകരമാണ്. താൻ അപ്പോൾ താമസിച്ചുകൊണ്ടിരുന്ന വനപ്രദേശത്തെ കുടിലിലേക്ക് വേദനിച്ച് പുളയുന്ന ഒരാളേയും എടുത്തുകൊണ്ട് കുറേപ്പേർ വന്നു. നീരു വന്ന് മന്തുപോലെയായ അയാളുടെ കാലിൽ ഒരിടത്ത് വലിയൊരു മുള്ള് തറഞ്ഞു കയറിയിരിക്കുന്നു. അതിന്റെ ചെറിയൊരറ്റം മാത്രം വെളിയിൽക്കാണാം. എലിസബത്ത് ഡോക്ടറോ നേഴ്സോ ആയിരുന്നില്ല എങ്കിലും എന്തെങ്കിലും ചെയ്തേ പറ്റൂ. ഒരു തരത്തിലുള്ള ഉപകരണവും കൈയ്യിലില്ല. കിട്ടാനുമില്ല. ആകെയുള്ളത് തന്റെ പല്ലുകൾ മാത്രമാണ്. പിന്നെ ആലോചിച്ചില്ല. അഴുക്കു പിടിച്ച കാലിലെ ദുർഗന്ധം വമിക്കുന്ന വ്രണത്തിൽനിന്നും അല്പം മാത്രം തള്ളിനിൽക്കുന്ന ആ മുള്ള് സ്വന്തം പല്ലുകൾകൊണ്ട് എലിസബത്ത് കടിച്ച് ഒറ്റ വലി. രോഗി നിലവിളിച്ചിരിക്കാം. എങ്കിലും മുള്ളു പുറത്തു

> എലിസബത്ത് ഡോക്ടറോ നേഴ്സോ ആയിരുന്നില്ല എങ്കിലും എന്തെങ്കിലും ചെയ്തേ പറ്റൂ. ഒരു തരത്തിലുള്ള ഉപകരണവും കൈയ്യിലില്ല. കിട്ടാനുമില്ല. ആകെയുള്ളത് തന്റെ പല്ലുകൾ മാത്രമാണ്. പിന്നെ ആലോചിച്ചില്ല. അഴുക്കു പിടിച്ച കാലിലെ ദുർഗന്ധം വമിക്കുന്ന വ്രണത്തിൽനിന്നും അല്പം മാത്രം തള്ളിനിൽക്കുന്ന ആ മുള്ള് സ്വന്തം പല്ലുകൾകൊണ്ട് എലിസബത്ത് കടിച്ച് ഒറ്റ വലി. രോഗി നിലവിളിച്ചിരിക്കാം. എങ്കിലും മുള്ളു പുറത്തു വന്നു. മുള്ളിനോടൊപ്പം പഴുപ്പും പുറത്തു ചാടി.

വന്നു. മുള്ളിനോടൊപ്പം പഴുപ്പും പുറത്തു ചാടി. അതോടെ എത്രയോ ദിവസത്തെ വേദനയ്ക്കും പനിക്കും ആശ്വാസമായി. ഈ സംഭവം കണ്ടുനിന്നവർക്കും കേട്ടവർക്കും ഒരു കാര്യം വ്യക്തമായിരുന്നു– അവരുടെ സ്വന്തക്കാരോ നാട്ടുകാരോ ഇങ്ങനെ ഒരു പ്രവൃത്തി ചെയ്യാൻ മുതിരുകയില്ലെന്നത്. അങ്ങനെയെങ്കിൽ ഒരു വെള്ളക്കാരി ഒരു കറുത്ത വർഗ്ഗക്കാരന്റെ വേദന മാറ്റാനായി ശരീരത്തിലെ ഏറ്റവും പവിത്രമായ തന്റെ ചുണ്ടുകൾ അവന്റെ ഏറ്റവും വൃത്തിഹീനമായ ഭാഗത്ത് വച്ചത് എന്തുകൊണ്ടായിരിക്കാം? എലിസബത്തിന്റെ പ്രസംഗങ്ങൾ അവർക്ക് മനസ്സിലാക്കാൻ പ്രയാസമായിരുന്നു. പക്ഷെ ഈ പ്രവൃത്തി മനസ്സിലാക്കാൻ ഒരു ബുദ്ധിമുട്ടുമുണ്ടായില്ല. പിറ്റേ ദിവസം സ്വന്തം കാലിൽ നടന്നു വന്ന 'രോഗിയും' അയാളുടെ ഭാര്യയും ക്രിസ്ത്യാനികളായി മാറി. ഇതുപോലെ എത്രയെത്ര സംഭവങ്ങൾ! ഇന്ത്യ ക്രിസ്തുവിനെ കണ്ടെത്തുന്നതിനായി തങ്ങളെത്തന്നെ മറന്ന് പ്രവർത്തിച്ച എത്രയോ ശിഷ്യന്മാർ! ഇന്ത്യ അതിന് അനുകൂലമായി പ്രതികരിച്ചോ?

എലിസബത്ത് ഗയ്ക്കിയുടെ സ്നേഹപ്രവൃത്തിയിൽ നിന്നുള്ള പ്രചോദനമാവാം സാൽവേഷൻ ആർമി ലോകത്താദ്യമായി ആതുരസേവനം തുടങ്ങാനിടയായത്. ഇന്ത്യയിലാണ്. തമിഴ്നാട്ടിലെ നാഗർകോവിലിൽ. ഒരു ചെറിയ ഡിസ്പെൻസറിയായി തുടങ്ങി കാതറിൻ ബൂത്ത് ഹോസ്പിറ്റൽ എന്ന പേരിൽ വിഖ്യാതമായിത്തീരുകയും ഇന്നും അങ്ങനെ തുടരുകയും ചെയ്യുന്നു. ബ്രിട്ടീഷ് മിഷനറി ഡോക്ടറന്മാരുണ്ടായിരുന്ന സമയം അമ്മ മഹാറാണിയുൾപ്പെടെയുള്ള തിരുവിതാംകൂർ രാജകുടുംബാംഗങ്ങൾ അവിടെ ചികിത്സക്കെത്തിയിരുന്നു എന്നത് ഇന്ന് ഓർക്കാൻ രസമാണ്. അതിനുശേഷം ഇന്ത്യയിൽത്തന്നെ വിവിധ സ്ഥലങ്ങളിൽ 26 ആശുപത്രികൾ തുടങ്ങുകയുണ്ടായി. ആന്ധ്രയിലും കേരളത്തിലും ഓരോ കുഷ്ഠ രോഗസാനറ്റോറിയങ്ങളുമുണ്ട്.

ഇംഗ്ലണ്ടിലെ പ്രവർത്തനങ്ങളും വിപുലീകരിച്ചു കൊണ്ടേയിരുന്നു. 1870 ആയപ്പോൾ ഒരു ഡസനിലധികം സഭാ കേന്ദ്രങ്ങളുണ്ടായി. കൂടാതെ വൈകുന്നേരങ്ങളിലെ ബൈബിൾ ക്ലാസ്സുകൾ, ആരോരുമില്ലാത്ത കുഞ്ഞുങ്ങൾക്കായുള്ള സ്കൂളുകൾ, വായനശാലകൾ. പിന്നീടങ്ങോട്ട് സമൂഹത്തിലെ വിവിധ മേഖലകളിലെ ഇടപെടലുകളായിരുന്നു. നാളിതുവരെ ഒരു സഭക്കാരും ചെയ്തിട്ടില്ലാത്തതും ചെയ്യണമെന്ന് തോന്നിയിട്ടില്ലാത്തതുമായ. പ്രവർത്തനങ്ങൾ. 'പല്ലു വേദനിക്കുന്ന ഒരാൾ നിങ്ങളുടെ അടുത്തുവന്നാൽ അയാളെ ഒരു ഡോക്ടറുടെ അടുത്തെത്തിക്കുകയാണ് ആദ്യം ചെയ്യേണ്ടത്. പിന്നീട് മതി സുവിശേഷമറിയിക്കൽ' എന്ന് വില്യം ബൂത്ത് അനുയായികളോട് പറയുമായിരുന്നു. 'സോപ്പ്, സൂപ്പ്, സാൽവേഷൻ' എന്ന് അന്നൊക്കെ പറ

*(ശേഷം പേജ് 34 ൽ)*





**ചിന്തയ്ക്ക്**

### അനുഭവങ്ങൾ, ഓർമകൾ–2

# വിവിധ വഴികളിലൂടെ വിശ്വാസത്തിലേക്ക്

**സാധു സുന്ദർസിങ്**

**ഞാൻ** കെയിറോയിലായിരുന്നപ്പോൾ ഒരാൾ പറഞ്ഞ സാക്ഷ്യത്തെപ്പറ്റി ഞാനോർക്കുന്നു. അയാൾ പറഞ്ഞതിപ്രകാരമാണ്: 'വളരെ ചെറുപ്പം മുതൽ മതനിയമങ്ങളും ദൈവകല്പനകളും എന്നെ പഠിപ്പിച്ചിരുന്നു. മതനിയമങ്ങൾ അനുസരിച്ചു ജീവിക്കുവാൻ ഞാൻ യഥാർത്ഥത്തിൽ ആഗ്രഹിക്കുകയും ചെയ്തു. എന്നാൽ ഞാൻ പലപ്പോഴും പരാജയമടയുകയും തന്മൂലം നിരാശനാകുകയും ചെയ്തു. ദൈവം ദയാലുവും കരുണാർദ്രനുമാണെന്ന് എനിക്കറിയാം; എങ്കിലും എനിക്കു സമാധാനം ഇല്ലായിരുന്നു. എന്റെ പാപാവസ്ഥയെപ്പറ്റി ഞാൻ ചിന്തിച്ചപ്പോഴൊക്കെ ദൈവവും സ്വർഗവും വിശുദ്ധ സ്ഥലങ്ങളാണെന്നും, എന്റെ പാപങ്ങൾ മോചിച്ചു കിട്ടിയാൽതന്നെയും– എന്റെ പാപസ്വഭാവം മാറാതെയും ഞാൻ വിശുദ്ധീകരിക്കപ്പെടാതെയും ഇരിക്കുന്ന കാലത്തോളം–വിശുദ്ധ ദൈവത്തിന്റെ സന്നിധിയിൽ എനിക്കു പ്രവേശിക്കുവാൻ സാധ്യമല്ലെന്നുള്ള ക്ലേശബോധംമൂലം എനിക്കൊരിക്കലും ഹൃദയസമാധാനം ഇല്ലായിരുന്നു. എന്റെ പഴയ സ്വഭാവം മാറിക്കിട്ടുന്നതിനും രക്ഷയും പുതുജീവനും എങ്ങനെ നേടാമെന്നറിയുന്നതിനും വേണ്ടി ഗ്രന്ഥങ്ങൾ അനേക വർഷങ്ങളായി ഞാൻ പഠിച്ചു കൊണ്ടിരുന്നു. പക്ഷേ എന്റെ യത്നങ്ങൾ വിഫലങ്ങളായിത്തീർന്നു. സ്നേഹവാനായ ദൈവത്തെ ഞാൻ അങ്ങോട്ടന്വേഷിക്കുന്നതിനു മുമ്പു തന്നെ സ്നേഹവാനായ ദൈവം എന്നെ തിരഞ്ഞുകൊണ്ടാണിരുന്നത്. ദൈവത്തിനു സ്തോത്രം! ഞാനവനെ കണ്ടെത്തുകയും അവനെന്നെ കണ്ടെത്തുകയും ചെയ്തിട്ടുപോലും ഞാൻ വീണ്ടും ജനിക്കുന്നതുവരെ അവനെ ശരിയായി മനസ്സിലാക്കുവാൻ എനിക്കു സാധിച്ചില്ല. ഇപ്പോൾ എനിക്കവനെ അറിയാം. അവന്റെ സാദൃശ്യം എന്നിലുണ്ട്. ലോകാരംഭം മുതൽ അവൻ എന്റെയും ഞാൻ അവന്റെയുമാണ്. എന്റെ ഹൃദയമിതാ സമാധാനംകൊണ്ടു നിറഞ്ഞിരിക്കുന്നു, അവൻ എനിക്കുവേണ്ടി ക്രൂശിക്കപ്പെടുകയും എനിക്കുവേണ്ടി എന്നാളും ജീവിക്കുകയും ചെയ്യുന്ന യേശുക്രിസ്തുവാണ്. ഇനിയുമുള്ള എന്റെ ജീവിതകാലമത്രയും അവന്റെ സേവനത്തിനുവേണ്ടി ഞാൻ മാറ്റിവച്ചിരിക്കുന്നു'.

**രണ്ടു സഹോദരന്മാർ**

ഞാൻ പലപ്പോഴും കൂടിക്കാണാറുള്ള മറ്റൊരു മനുഷ്യൻ, അനേകവർഷങ്ങളിലെ അയാളുടെ അന്വേഷണത്തിനു ശേഷം ക്രിസ്തുവിനെ രക്ഷകനായി കണ്ടെത്തുകയുണ്ടായി. അയാളുടെ കാണപ്പെട്ട സഭയ്ക്കു പുറമേ നിന്നുകൊണ്ടു തന്റെ സ്വന്തനിലയിൽ കർത്താവിന്റെ വേല ചെയ്തുകൊണ്ടിരുന്നു. കർത്താവ് അയാളുടെ വേല അനുഗ്രഹിക്കുകയും

> അനേക ദിവസങ്ങൾ ഞങ്ങളിങ്ങനെ പരസ്പര സംഭാഷണം ചെയ്തുകൊണ്ടിരുന്നു. കുറെനാൾ കഴിഞ്ഞ് അദ്ദേഹം പറയുകയാണ് 'ശരി, മിഷൻ പറമ്പാകുന്ന ആ കോഴിക്കൂട്ടിലേക്കു നീ മാറാതെ ക്രിസ്തുവിൽ വിശ്വസിച്ചുകൊണ്ടുതന്നെ ഇവിടെ ഞങ്ങളുടെ ഇടയിൽ താമസിക്കുന്നതിൽ തരക്കേടില്ല.' ഞാൻ പറഞ്ഞു: 'മിഷൻ പറമ്പിൽ പോയി താമസിക്കണമെന്ന് എനിക്കാഗ്രഹമില്ല. എന്നോടുകൂടി എല്ലായ്പ്പോഴുമുള്ള ക്രിസ്തുവിനു വേണ്ടിയാണ് ഞാൻ ക്രിസ്ത്യാനിയായത്.' അതിനുശേഷം ചേട്ടൻ എല്ലാ ദിവസവും എന്റെ കൂടെയിരുന്നു ബൈബിൾ വായിക്കുവാൻ തുടങ്ങി.

ചെയ്തുവെന്ന കാര്യത്തിൽ എനിക്കു സംശയമില്ല. വേറൊരു മനുഷ്യന്റെ സാന്നിദ്ധ്യത്തിൽവച്ച് അയാൾ തന്റെ വേലയെപ്പറ്റി രസകരമായ ഒരു വിവരണം നൽകിയതു കേൾക്കുക: 'ക്രിസ്തുവിനെ ഞാൻ രക്ഷകനായി സ്വീകരിക്കുകയും അവനെന്നെ അംഗീകരിക്കുകയും ചെയ്തപ്പോൾ, ഞാൻ ആദ്യമായി ചെയ്തത് എന്റെ ബന്ധുജനങ്ങൾകൂടി ക്രിസ്തുവിനെ അറിയുവാനുള്ള ശ്രമങ്ങൾ തുടരുകയായിരുന്നു. അന്ത്രയോസ് ആദ്യമായി സ്വസഹോദരനായ പത്രോസിന്റെ അടുക്കൽ പോയതുപോലെ (യോഹ. 1:41) ഞാൻ ആദ്യമായി എന്റെ സഹോദരന്റെ അടുക്കൽ ചെന്നു പറഞ്ഞു: 'ഞാൻ നസ്രായനായ യേശുവിനെ കണ്ടെത്തിയിരിക്കുന്നു. അവൻ എനിക്കു പാപമോചനവും, അനേക വർഷങ്ങളായി ഞാൻ അന്വേഷിച്ചു കൊണ്ടിരിക്കുന്ന യഥാർഥ ഹൃദയസമാധാനവും നൽകിയിക്കുന്നു'. ഇതു കേട്ടയുടനെ എന്റെ സഹോദരൻ വളരെയധികം കോപിഷ്ഠനായി പറഞ്ഞു: 'നീയും നിന്റെ സമാധാനവും നശിച്ചുപോകട്ടെ! നിനക്കു ക്രിസ്ത്യാനികളോടു ചേരണമല്ലേ? അവരുടെ മതം വെറും തട്ടിപ്പാണ്. നിനക്കും നിന്റെ കുടുംബത്തിനും അപമാനം നേരിടും. നീ വല്ല കിണറ്റിലും ചാടി മുങ്ങിച്ചാകുന്നതാണ് ഇതിനേക്കാൾ നല്ലത്. ഈശ്വരൻ നിന്നെ ശരിയായ വഴിയിലേക്കു കൊണ്ടുവരട്ടെയെന്നു ഞാൻ പ്രാർഥിക്കുന്നു. അല്ലെങ്കിൽ നിന്റെ കണ്ണുകൾ അന്ധമാകട്ടെ- അപ്പോൾ നീ യാഥാർഥ്യമറിഞ്ഞു നിന്റെ മതംവിട്ടു പോകാതിരിക്കും'.

ഞാൻ മറുപടി പഞ്ഞു: 'കോപിക്കാതെ. ചേട്ടൻ ഈ കാര്യം ഗൗരവമായി പരിശോധിച്ചു നോക്കണം; കപടമേതെന്നും സത്യമേതെന്നും; അപ്പോൾ കാണുവാൻ സാധിക്കും. ഞാൻ അന്ധനായിത്തീരണമെന്നല്ലേ ചേട്ടൻ ചേട്ടന്റെ ദൈവത്തോടു പ്രാർഥിക്കുവാൻ പോകുന്നത്? എന്നാൽ സ്നേഹവാനായ ദൈവത്തെ കാണുകയും അവനെ അറിയുകയും ചെയ്യത്തക്കവണ്ണം ചേട്ടന്റെ കണ്ണുകൾ തുറന്നു കിട്ടണമെന്നാണു സ്നേഹവാനായ എന്റെ ദൈവത്തോടു ഞാൻ പ്രാർഥിക്കുന്നത്'. ഇതു കേട്ടപ്പോൾ അദ്ദേഹം അല്പമൊന്നു തണുത്തു ശാന്തനായി. അനേക ദിവസങ്ങൾ ഞങ്ങളിങ്ങനെ പരസ്പര സംഭാഷണം ചെയ്തുകൊണ്ടിരുന്നു. കുറെനാൾ കഴിഞ്ഞ് അദ്ദേഹം പറയുകയാണ് 'ശരി, മിഷൻ പറമ്പാകുന്ന ആ കോഴിക്കൂട്ടിലേക്കു നീ മാറാതെ ക്രിസ്തുവിൽ വിശ്വസിച്ചുകൊണ്ടുതന്നെ ഇവിടെ ഞങ്ങളുടെ ഇടയിൽ താമസിക്കുന്നതിൽ തരക്കേടില്ല.' ഞാൻ പറഞ്ഞു: 'മിഷൻ പറമ്പിൽ പോയി താമസിക്കണമെന്ന് എനിക്കാഗ്രഹമില്ല. പാതിരിയെയോ ഉപദേശിയെയോ പരിഗണിച്ചല്ല, ഞാൻ ക്രിസ്ത്യാനിയായത്. എന്നോടുകൂടി എല്ലായ്പ്പോഴുമുള്ള ക്രിസ്തുവിനു വേണ്ടിയാണ് (മത്താ. 28:20) ഞാൻ ക്രിസ്ത്യാനിയായത്.' അതിനുശേഷം ചേട്ടൻ എല്ലാ ദിവസവും എന്റെ





കൂടെയിരുന്നു ബൈബിൾ വായിക്കുവാൻ തുടങ്ങി. ദൈവത്തിന്റെ ആത്മാവ് എന്റെ സഹോദരനിൽ പ്രവർത്തനം ആരംഭിച്ചു. ദൈവം എന്റെ പ്രാർത്ഥന കേട്ടു. എന്റെ കണ്ണു പൊട്ടിപ്പോകണമെന്നു പ്രാർത്ഥിച്ച ചേട്ടന്റെ കണ്ണുകൾ തുറന്നുകിട്ടി. ശാരീരിക ബന്ധമുള്ളതുകൊണ്ടു മാത്രമല്ല, ആത്മികബന്ധമുള്ളതുകൊണ്ട് ഇപ്പോൾ അദ്ദേഹം എന്റെ യഥാർഥ സഹോദരനാണ്." എന്നിട്ട് തന്റെ അടുത്തുനിന്ന മനുഷ്യനെ കാണിച്ചുകൊണ്ട് 'ആ സഹോദരൻ ഇതാണ്' എന്ന് അദ്ദേഹം പറഞ്ഞു. കൃതജ്ഞതാനിർഭരമായ കണ്ണുനീരോടുകൂടി ആ സഹോദരൻ തന്റെ ക്രിസ്തീയാനുഭവങ്ങളെപ്പറ്റി പറയുവാൻ തുടങ്ങി. ഞങ്ങൾ മൂവരും മുട്ടുകുത്തി, ഓരോരുത്തരും മറ്റു രണ്ടുപേർക്കുംവേണ്ടി പ്രാർത്ഥിച്ചശേഷം ഞങ്ങൾ തമ്മിൽ പിരിഞ്ഞു.

## സിക്കുകാരനായ സർദാർ

മുഖ്യമായും സിക്കുമതക്കാർ താമസിച്ചിരുന്നതായ ഒരു ഗ്രാമത്തിൽ ഞാനൊരിക്കൽ പ്രസംഗിക്കുവാൻ പോയി. ഞാൻ സിക്കു മതത്തിൽ നിന്നു മതപരിവർത്തനം ചെയ്യപ്പെട്ട ആളാണെന്നു മനസ്സിലായപ്പോൾ, അവരെന്നെ ബലമായി എതിർക്കുകയും എന്റെനേരെ ഇഷ്ടികക്കഷണങ്ങൾ വലിച്ചെറിയുകയും ചെയ്തു. ഇതെല്ലാം സൂക്ഷ്മമായി ശ്രദ്ധിച്ചു കൊണ്ട് ഒരാൾ അവിടെ ഇരിപ്പുണ്ടായിരുന്നു. അദ്ദേഹം ഉടനെ ചാടിയെഴുന്നേറ്റു ജനങ്ങളെ തടയുകയും എന്നെ കല്ലേറിൽ നിന്നു രക്ഷപ്പെടുത്തുകയും ചെയ്തു. മാന്യതയും സ്വാധീനശക്തിയുമുള്ള ഒരു ഭൂവുടമയാണ് അദ്ദേഹമെന്നു പിന്നീടെനിക്കു മനസ്സിലായി. ആളുകൾ പിരിഞ്ഞു പോയപ്പോൾ ജന്മി എന്നെ സ്വഗൃഹത്തിലേക്കു കൂട്ടിക്കൊണ്ടുപോയി അതിഥിസൽക്കാരം ചെയ്തു. ഞാനല്പം വിശ്രമിച്ചു കഴിഞ്ഞപ്പോൾ അദ്ദേഹം എന്നെ അടുക്കൽ വിളിച്ച് അദ്ദേഹത്തിന്റെ ഹൃദയഗതി കലവറയില്ലാതെ തുറന്നു കാണിച്ചു. 'കുറേ നാളുകൾക്കു മുമ്പു ഞാനൊരു ഉത്സവം കാണാൻ പോയി. ഒരാൾ അവിടെ മതഗ്രന്ഥങ്ങൾ വിൽക്കുന്നുണ്ടായിരുന്നു. സുവിശേഷത്തിന്റെ ഒരു പ്രതി നോക്കുവാനായി ഞാനവിടെ നിന്നപ്പോൾ, മതഭ്രാന്തനായ ഒരു ആര്യസമാജക്കാരൻ പുസ്തകങ്ങൾ വാങ്ങുന്നതിൽ നിന്ന് എന്നെയും മറ്റുള്ളവരെയും വിലക്കി. അതിലെ കടന്നുപോയെ ഒരു സന്യാസി പറഞ്ഞു: 'വേണ്ടാ, ഭയപ്പെടേണ്ട. ഇടുങ്ങിയ മനഃസ്ഥിതി കാണിക്കരുത്. ഈ പുസ്തകങ്ങൾ വായിച്ചതുകൊണ്ട്, ഒരാളുടെയും ജീവിതം വഷളായിട്ടില്ല. പ്രത്യുത, പല ജീവിതങ്ങളും രൂപാന്തരം പ്രാപിക്കയാണു ചെയ്തിട്ടുള്ളത്. ഞാൻതന്നെ ഈ പുസ്തകങ്ങൾ വായിക്കുന്ന പതിവുണ്ട്. ഈ വായിക്കുന്നതുകൊണ്ടു ഹിന്ദുമതമോ, ബുദ്ധമതമോ, മുസ്ലീംമതമോ പരാജയപ്പെട്ടു പോകത്തക്കവിധത്തിൽ ആ മതങ്ങൾ അത്ര ദുർബലവും മനസ്സാക്ഷിക്കു ബോധ്യം വരുത്താത്തവയുമാണെങ്കിൽ ആ മതങ്ങൾ വിശ്വസിക്കത്തക്കവയല്ല. എല്ലാ മതങ്ങളെയും ജയിക്കുന്ന ഈ മാതിരിയൊരു മതത്തിൽ വിശ്വസിക്കുന്നതാണ് നല്ലത്. ഈ മതം അതിന്റെ അനുയായികളെ പാപത്തിൽ നിന്നു മോചിപ്പിച്ച് അവരെ ശക്തരും വിജയശ്രീലാളിതരുമാക്കിത്തീർക്കുന്നു.'

ഉടനടി, ആര്യസമാജക്കാരനും സന്യാസിയും തമ്മിൽ വാഗ്വാദമായി. സന്യാസി പറഞ്ഞതനുസരിച്ചു സുവിശേഷത്തിന്റെ ഒരു പ്രതി വാങ്ങിച്ചുകൊണ്ടു ഞാൻ സ്ഥലംവിട്ടു. ആ സന്യാസിയെ പിന്നീടു കാണാൻ സാധിക്കാത്തതിനാൽ എനിക്കു സങ്കടമുണ്ട്. ഞാൻ വീട്ടിലെത്തിയശേഷം ദിവസവും, സുവിശേഷം വായിച്ചു പഠിച്ചുകൊണ്ടിരുന്നു. എന്റെ ജീവിതം അപ്പാടെ വ്യത്യസ്തമായിത്തീർന്നു എന്നുള്ളതാണതിന്റെ ഫലം. ക്രിസ്തു മാത്ര

**ഇത്തിരിവെട്ടം**

# ഏതുനേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും...

**വാച്ച്മാൻ നീ**

സകലപ്രാർത്ഥനയാലും യാചനയാലും ഏതുനേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും അതിനായി ജാഗരിച്ചും കൊണ്ടും സകലവിശുദ്ധന്മാർക്കും എനിക്കുംവേണ്ടി പ്രാർത്ഥനയിൽ പൂർണ്ണസ്ഥിരത കാണിപ്പിൻ (എഫേസ്യർ 6:18)

എല്ലാപ്രാർത്ഥനയും ആത്മാവിലുള്ള പ്രാർത്ഥന ആയിരിക്കണം. ആത്മാവിലല്ലാത്ത പ്രാർത്ഥന യഥാർത്ഥമായ പ്രാർത്ഥനയല്ല. അതിന് ഒരു ഫലവും ഉളവാക്കുവാൻ സാധ്യവുമല്ല. ഭൂമിയിൽ വിശ്വാസികൾ നടത്തുന്ന എല്ലാ പ്രാർത്ഥനയും വാസ്തവമായും ആത്മീയമായിരുന്നെങ്കിൽ അത് എത്ര സമൃദ്ധിയായ ഒരു വിജയമായിത്തീരുമായിരുന്നു.

എന്നാൽ ദുഃഖകരമെന്നു പറയട്ടെ. ജഡത്തിലുള്ള പ്രാർത്ഥന എണ്ണമറ്റവിധം വർദ്ധിച്ചിരിക്കുന്നു. പ്രാർത്ഥനയുടെ സ്വാർത്ഥത ആത്മീയമായ ഫലപ്രാപ്തിയിൽനിന്ന് അതിനെ പാടേ അകറ്റുകയും ചെയ്യുന്നു. ഇക്കാലത്ത് വിശ്വാസികൾ പ്രാർത്ഥനയെ തങ്ങളുടെ സ്വന്തലക്ഷ്യങ്ങളും ആഗ്രഹങ്ങളും നേടിയെടുക്കുവാനുള്ള ഒരുപാധിയാക്കിയിരിക്കുന്നതുപോലെ തോന്നുന്നു. അവർക്ക് അല്പം കൂടി ആഴത്തിൽ ചിന്തിക്കുവാൻ സാധിച്ചിരുന്നെങ്കിൽ പ്രാർത്ഥനയെന്നത് ദൈവത്തിന്റെ തിരുഹിതം സംബന്ധിച്ച് മനുഷ്യൻ ദൈവവുമായി നടത്തുന്ന ഒരു സംഭാഷണമായി മാത്രം അവർ കരുതുമായിരുന്നു. ജഡികചിന്ത എവിടെ പ്രദർശിക്കപ്പെട്ടാലും അതു ക്രൂശിക്കപ്പെട്ടേ മതിയാവൂ. പ്രാർത്ഥനയിൽപ്പോലും ജഡത്തിന് യാതൊരു സ്ഥാനവുമില്ല. ദൈവികപ്രവർത്തനത്തോട് മനുഷ്യന്റെ ഹിതത്തെ കൂട്ടിക്കലർത്തുക ഒരിക്കലും സാധ്യമല്ല. എന്തെന്നാൽ മാനുഷികതാൽപര്യങ്ങളെയും മനുഷ്യൻ ഏറ്റവും പ്രയോജനകരമെന്നു കരുതുന്ന ചിന്തകളേയുംപോലും ദൈവം തള്ളിക്കളയുന്നു. മനുഷ്യൻ തുടങ്ങിവച്ചതിനെ പൂരിപ്പിക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. ദൈവം നടത്തുന്നിടത്തേക്കു നാം പോവുകയല്ലാതെ ദൈവത്തെ നിയന്ത്രിക്കുവാൻ നമുക്ക് യാതൊരധികാരവുമില്ല. ദൈവികമാർഗ്ഗദർശനം പിന്തുടരുകയല്ലാതെ മറ്റൊരു മാർഗ്ഗവും മനുഷ്യന് സ്വീകാര്യമല്ല. മനുഷ്യനിൽ നിന്നാരംഭിക്കുന്ന യാതൊരു പ്രവർത്തനത്തെയും ദൈവം അംഗീകരിക്കുകയില്ല. അത്തരം പ്രാർത്ഥനയെ ജഡികവ്യാപാരമായും ശിക്ഷായോഗ്യമായും കരുതി ദൈവം പുറംതള്ളുന്നു.

വിശ്വാസികൾ ആത്മാവിന്റെ യഥാർത്ഥമണ്ഡലത്തിലേക്കു പ്രവേശിക്കുമ്പോൾ തങ്ങൾ എത്ര പൊള്ളയായ വ്യക്തികളാണെന്ന് അവർ മനസ്സിലാക്കും. കാരണം, അവരിലുള്ള യാതൊന്നിനും തന്നെ മറ്റുള്ളവർക്കു ജീവൻ നൽകുവാൻ കഴിവില്ല; പിശാചിനെ പുറത്താക്കുവാനും അവർക്കു സാധ്യമല്ല. തന്മൂലം സ്വാഭാവികമായിത്തന്നെ അവർ ദൈവത്തെ അംഗീകരിക്കുവാൻ ആരംഭിക്കും. അപ്പോൾ പ്രാർത്ഥന അനുപേക്ഷണീയമായിത്തീരുകയും ചെയ്യും. യഥാർത്ഥമായ പ്രാർത്ഥന യാചിക്കുന്ന ആളിന്റെ ഒന്നുമില്ലായ്മയെയും ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയെയും വെളിപ്പെടുത്തുന്നു. ക്രൂശിന്റെ പ്രവർത്തനം മുഖാന്തരം ജഡത്തെ നിശ്ശേഷം ഇല്ലായ്മ ചെയ്തെങ്കിലല്ലാതെ പ്രാർത്ഥനകൊണ്ട് യാതൊരു ഫലവും ലഭിക്കുകയില്ല. അതുചെയ്യാത്ത പക്ഷം പ്രാർത്ഥന ഒരർത്ഥശൂന്യവ്യാപാരമായിപ്പരിണമിക്കും.

> ജഡത്തിലുള്ള പ്രാർത്ഥന എണ്ണമറ്റവിധം വർദ്ധിച്ചിരിക്കുന്നു. പ്രാർത്ഥനയുടെ സ്വാർത്ഥത ആത്മീയമായ ഫലപ്രാപ്തിയിൽനിന്ന് അതിനെ പാടേ അകറ്റുകയും ചെയ്യുന്നു. ഇക്കാലത്ത് വിശ്വാസികൾ പ്രാർത്ഥനയെ തങ്ങളുടെ സ്വന്തലക്ഷ്യങ്ങളും ആഗ്രഹങ്ങളും നേടിയെടുക്കുവാനുള്ള ഒരു പാധിയാക്കിയിരിക്കുന്നതുപോലെ തോന്നുന്നു. അവർക്ക് അല്പംകൂടി ആഴത്തിൽ ചിന്തിക്കുവാൻ സാധിച്ചിരുന്നെങ്കിൽ പ്രാർത്ഥനയെന്നത് ദൈവത്തിന്റെ തിരുഹിതം സംബന്ധിച്ച് മനുഷ്യൻ ദൈവവുമായി നടത്തുന്ന ഒരു സംഭാഷണമായി മാത്രം അവർ കരുതുമായിരുന്നു. ജഡികചിന്ത എവിടെ പ്രദർശിക്കപ്പെട്ടാലും അതു ക്രൂശിക്കപ്പെട്ടേ മതിയാവൂ.

ആത്മാവിലുള്ള പ്രാർത്ഥന ഒരിക്കലും ജഡത്തിൽ നിന്നോ വിശ്വാസിയുടെ ചിന്ത, ആഗ്രഹം, തീരുമാനം എന്നിവയിൽ നിന്നോ പുറപ്പെടുന്നതല്ല. നേരേ മറിച്ച് ഒരുവൻ ദൈവഹിതപ്രകാരം തന്നെ തന്നെ ദൈവത്തിനായി സമർപ്പിക്കുന്നതിൽ നിന്നാണ് അത് ഉദ്ഭവിക്കുന്നത്. തൽഫലമായി അയാൾ ആത്മാവിൽ പ്രാർത്ഥിക്കുന്നു. ഒരുവൻ ആത്മീയമായ ഒരു അന്തർബോധം മുഖാന്തരം ദൈവഹിതം വിവേചിച്ചറിയുന്നുവെന്നാണ് അതിന്റെ അർത്ഥം. ദൈവവചനത്തിൽ നമുക്ക് നൽകിയിരിക്കുന്ന കല്പന നാം ഏതുനേരത്തും ആത്മാവിൽ പ്രാർത്ഥിക്കണം എന്നാണ്. (എഫേ. 6:18 നോക്കുക) ഈ വിധത്തിലല്ല നാം പ്രാർത്ഥിക്കുന്നതെങ്കിൽ നാം ജഡത്തിൽ വരുന്ന സമയത്ത് പ്രാർത്ഥിക്കുന്നവരായിത്തീർന്നു പോകും. ദൈവസന്നിധിയിൽ വരുന്ന സമയത്ത് നാം ദ്രുതഗതിയിൽ യാതൊന്നും

*(ശേഷം പേജ് 30 ൽ)*

---

മാണു രക്ഷകനെന്നും ക്രിസ്തു സർവ്വലോകത്തിന്റെയും രക്ഷകനാണെന്നും ഇപ്പോഴെനിക്കറിയാം. ക്രിസ്തു സ്വശിഷ്യന്മാരെ പഠിപ്പിച്ചതായ പ്രാർത്ഥന ഞാൻ എല്ലാ ദിവസവും പ്രാർത്ഥിക്കാറുണ്ട്. മുമ്പില്ലാതിരുന്ന സമ്പൂർണ സമാധാനംകൊണ്ട് എന്റെ ഹൃദയം നിറഞ്ഞിരിക്കുന്നു. ഹൃദയത്തിന്റെ അഗാധതയിൽ നിന്നു ഞാനവനു നന്ദി പറയുന്നു! അവസരം കിട്ടുമ്പോഴൊക്കെ, ഞാൻ കർത്താവിന്റെ ജീവദായകമായ ഉപദേശങ്ങൾ പ്രചരിപ്പിച്ചുകൊണ്ടുമിരിക്കുന്നു."

കണ്ണുനീർ തുടച്ചുകൊണ്ട് അദ്ദേഹം അവിടെയിരുന്നപ്പോൾ എനിക്കുണ്ടായ അനുഭവങ്ങളെയും എനിക്കു നേരിട്ട പീഡനങ്ങളെയും ദൈവമെന്നെ അത്ഭുതകരമായി പരിപാലിച്ചതിനെയുംപറ്റി ഞാൻ അദ്ദേഹത്തോടു പറഞ്ഞു. ഞാൻ സർദാർജിയുടെകൂടെ ഏതാനും ദിവസങ്ങൾ താമസിച്ചു. സുവിശേഷഘോഷണത്തിന് എന്നെ എല്ലാ വിധത്തിലും അദ്ദേഹം സഹായിച്ചു. ക്രിസ്തുവിനെ ജീവിതത്തിൽ സ്വീകരിച്ച, ഇത്തരം ചിലരുടെ അനുഭവങ്ങൾ അറിയാൻ കഴിഞ്ഞത് ജീവിതത്തിൽ ഒരു മുതൽക്കൂട്ടായി ഞാൻ കരുതുന്നു.

(അവസാനിച്ചു)

തിരുവെഴുത്തുകളെ പരിശോധിക്കുക



# ബൈബിളിലൂടെ... 1 കൊരിന്ത്യർ

**അദ്ധ്യായം-13**

പന്ത്രണ്ടും പതിനാലും അദ്ധ്യായങ്ങൾ ആത്മാവിന്റെ വരങ്ങളെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ അതിനു നടുവിലാണ് പതിമൂന്നാം അദ്ധ്യായം നൽകിയിരിക്കുന്നത് എന്നത് ശ്രദ്ധിക്കുക. ആത്മവരങ്ങളെ അവഗണിക്കുന്ന പലവിശ്വാസികളും പതിമൂന്നാം അദ്ധ്യായത്തെക്കുറിച്ച് വളരെയധികം സംസാരിക്കാറുണ്ട്. ഇക്കൂട്ടർ പതിനൊന്നിൽ നിന്ന് പതിമൂന്നിലേക്കും തുടർന്ന് പതിനഞ്ചിലേക്കുമാണ് പോകാറുള്ളത്. അവർ ആത്മവരങ്ങളെ തള്ളിക്കളയുന്നതിനാലാണ് ഇപ്രകാരം ചെയ്യുന്നത്.

ആത്മവരങ്ങളെ അതിശ്രേഷ്ഠമായ വിധത്തിൽ ഉപയോഗിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് പൗലൊസ് പതിമൂന്നാം അദ്ധ്യായം എഴുതിയത് (12:31). ഇൻസുലേഷൻ ഇല്ലാത്ത വൈദ്യുതകമ്പി കൈകാര്യം ചെയ്യുന്നതുപോലെയാണ് സ്നേഹമില്ലാതെ വരങ്ങൾ കൈകാര്യം ചെയ്യുന്നത്. അത് നമ്മെ നശിപ്പിക്കും. ആത്മവരങ്ങൾ സ്നേഹമില്ലാതെ ഉപയോഗിച്ചാൽ, അത് ഉപയോഗിക്കുന്നവനെയും മറ്റുള്ളവരെയും ആത്മീയമായി മരണത്തിലേക്ക് തള്ളിവിടും.



*ഇൻസുലേഷൻ ഇല്ലാത്ത വൈദ്യുതകമ്പി കൈകാര്യം ചെയ്യുന്നതുപോലെയാണ് സ്നേഹമില്ലാതെ വരങ്ങൾ കൈകാര്യം ചെയ്യുന്നത്.*





ആത്മവരങ്ങളാൽ നിറഞ്ഞിരിക്കുന്നവർ ഇന്ന് ചെയ്യേണ്ട ഏറ്റവും വലിയ ഒരു കാര്യം പതിമൂന്നാം അദ്ധ്യായം തുടർച്ചയായി ധ്യാനിക്കുകയാണ്. വീര്യപ്രവൃത്തികൾ, രോഗസൗഖ്യം, പ്രവചനം, ഭാഷാവരം തുടങ്ങിയ അമാനുഷിക വരങ്ങളും എല്ലാം ത്യജിക്കുവാനുള്ള സന്നദ്ധതയും ബൈബിൾ പാണ്ഡിത്യവുമൊക്കെ ഉണ്ടെങ്കിലും, ഇവയെല്ലാം സ്നേഹത്തിൽ നിന്നും ഉളവായില്ലെങ്കിൽ, ദൈവവേലയിൽ നിങ്ങൾ ഒന്നുമില്ലാതായിത്തീരുവാനിടയുണ്ട്. സ്നേഹം നമ്മെ വിനയമുള്ളവരും ക്ഷമാശീലരും കരുതുന്നവരും, നിസ്വാർത്ഥരും ദയയുള്ളവരും ആക്കിത്തീർക്കും (13:4-7). എല്ലാത്തിനുമുള്ള ഉത്തരം എന്റെ പക്കൽ ഇല്ല എന്ന് ഏറ്റുപറയുവാൻ അതു നമ്മെ സഹായിക്കും (13:12). ആത്മവരങ്ങളെ ഉപയോഗിക്കുമ്പോൾ ഈ ഗുണങ്ങളെല്ലാം പ്രദർശിപ്പിക്കുവാൻ തയ്യാറാകാത്തവർ യഥാർത്ഥത്തിൽ ശിശുക്കളും പക്വതയില്ലാത്തവരുമാണ് (13:11). ആത്മവരങ്ങൾ ഉപയോഗിക്കുമ്പോൾ അറിഞ്ഞിരിക്കേണ്ട ഒന്നാമത്തെ പാഠം തന്നെ അവർക്കറിയില്ല. ഇന്ന്, ആത്മാവിന്റെ അഭിഷേകം പ്രാപിച്ചവരെന്ന് അവകാശപ്പെടുന്ന മിക്കവിശ്വാസികളുടെയും സ്ഥിതി ഇതാണ്.

ആത്മവരങ്ങളാൽ നിറഞ്ഞിരിക്കുന്നവർ ഇന്ന് ചെയ്യേണ്ട ഏറ്റവും വലിയ ഒരു കാര്യം പതിമൂന്നാം അദ്ധ്യായം തുടർച്ചയായി ധ്യാനിക്കുകയാണ്. വീര്യപ്രവൃത്തികൾ, രോഗസൗഖ്യം, പ്രവചനം, ഭാഷാവരം തുടങ്ങിയ അമാനുഷിക വരങ്ങളും എല്ലാം ത്യജിക്കുവാനുള്ള സന്നദ്ധതയും ബൈബിൾ പാണ്ഡിത്യവുമൊക്കെ ഉണ്ടെങ്കിലും, ഇവയെല്ലാം സ്നേഹത്തിൽ നിന്നും ഉളവായില്ലെങ്കിൽ, ദൈവവേലയിൽ നിങ്ങൾ ഒന്നുമില്ലാതായിത്തീരുവാനിടയുണ്ട്. സ്നേഹം നമ്മെ വിനയമുള്ളവരും ക്ഷമാശീലരും കരുതുന്നവരും, നിസ്വാർത്ഥരും ദയയുള്ളവരും ആക്കിത്തീർക്കും

**അദ്ധ്യായം -14**

പതിനാലാം അദ്ധ്യായത്തിൽ അന്യഭാഷാവരവും പ്രവചനവരവും സഭയിൽ എങ്ങനെ വ്യാപാരം ചെയ്യണമെന്ന് വിശദീകരിക്കുന്നു. 14:5-ൽ പൗലൊസ് പറയുകയാണ്, "നിങ്ങളെല്ലാവരും അന്യഭാഷകളിൽ സംസാരിക്കണം എന്നു........... ഞാൻ ഇച്ഛിക്കുന്നു." എല്ലാവരും അന്യഭാഷകളിൽ സംസാരിക്കണം എന്നല്ല ഇതിന്നർത്ഥം 7:8-ൽ 'എല്ലാവരും എന്നെപ്പോലെ (അവിവാഹിതനായി) പാർക്കുന്നതാണ് നല്ലതെന്ന് ഞാൻ പറയുന്നു' എന്ന് കാണുന്നുണ്ട്. അതിനർത്ഥം എല്ലാവരും അവിവാഹിതരായിരിക്കണം എന്നല്ലല്ലോ. 14:5 ഉയർത്തിപ്പിടിക്കുന്ന പലരും അതിനെ 7:8 വാക്യവുമായി താരതമ്യം ചെയ്യാറില്ല. ഈ രണ്ടു വാക്യങ്ങളിലും പൗലൊസ് തന്റെ സ്വന്തം താത്പര്യം വെളിപ്പെടുത്തുകയാണ്. താൻ ദൈവത്തിൽ നിന്ന് ഒരു കല്പന നൽകുകയല്ല ചെയ്യുന്നത്. എന്നാൽ, എല്ലാ വിശ്വാസികളും അവിവാഹിതരായിരിക്കുവാനല്ല വിളിക്കപ്പെട്ടിരിക്കുന്നത് എന്ന് പൗലൊസിന് അറിയാമായിരുന്നു. അതുപോലെതന്നെ, മിക്കവിശ്വാസികളും അന്യഭാഷകളിൽ സംസാരിക്കില്ല എന്നും തനിക്കറിയാമായിരുന്നു. വാക്യം 14:5 ൽ നിന്ന് കൊരിന്തിലെ എല്ലാ വിശ്വാസികളും അന്യഭാഷകളിൽ സംസാരിച്ചിരുന്നില്ല

> അന്യഭാഷകളിൽ സംസാരിക്കുന്നതിനുള്ള വരമെന്നത് പെന്തെക്കോസ്തു നാളിൽ അപ്പൊസ്തലന്മാർ സംസാരിച്ചതിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നുവെന്നും 14-ാം അദ്ധ്യായം വെളിപ്പെടുത്തുന്നു. പെന്തെക്കോസ്തു നാളിൽ, വ്യാഖ്യാന വരത്തിന്റെ ആവശ്യം ഉണ്ടായിരുന്നില്ല. അപ്പൊസ്തലന്മാർ അന്യഭാഷകളിൽ സംസാരിച്ചപ്പോൾ പ്രത്യേകിച്ച് ഒരു വ്യാഖ്യാനത്തിന്റെ ആവശ്യമില്ലാതെ എല്ലാവർക്കും അത് ഗ്രഹിക്കുവാനായി. ഇത്, അപ്പൊസ്തലന്മാരുടെ സംസാരത്തിലോ, കേൾവിക്കാരുടെ ശ്രവണത്തിലോ ഉണ്ടായ ഒരു അത്ഭുതമായിരിക്കാം.

എന്ന് നമുക്ക് മനസ്സിലാകും. അന്യഭാഷകളിൽ സംസാരിക്കുവാനുള്ള ഒരുതരം മാനസിക സമ്മർദ്ദം വിശ്വാസികളിൽ ചെലുത്തുമ്പോൾ, 'അന്യഭാഷക്കാരുടെ കൂട്ടത്തെ' പ്രസാദിപ്പിക്കുവാൻ അവർ സ്വയം 'അന്യഭാഷകൾ' പുറപ്പെടുവിക്കും. ഇന്നത്തെ മിക്ക 'അന്യഭാഷകളും' ഈ വിഭാഗത്തിൽപ്പെടുന്നതാണ്. ശരിയായ അന്യഭാഷാഭാഷമം ഒരുവനെ ഭക്തിയോടെയുള്ള ഒരു ജീവിതത്തിലേക്ക് നയിക്കുമ്പോൾ, ഇത്തരക്കാരിൽ അതുണ്ടാവില്ല എന്നുള്ളതാണ് ഇത് വ്യാജമാണെന്നുള്ളതിന്റെ തെളിവ് (14:4).

എന്നാൽ 14:39 ൽ "അന്യഭാഷകളിൽ സംസാരിക്കുന്നതു വിലക്കുകയുമരുത്" എന്ന് വ്യക്തമായി കല്പിച്ചിട്ടുണ്ട്. ഇന്ന് ക്രിസ്ത്രീയലോകത്തിൽ ഇതിനോടുള്ള ബന്ധത്തിൽ രണ്ടു വിഭാഗങ്ങളുണ്ട്. ഒന്നാമത്തെ കൂട്ടർ. എല്ലാ ക്രിസ്ത്യാനികളും അന്യഭാഷകളിൽ സംസാരിക്കണമെന്ന് നിർബ്ബന്ധിക്കുന്നവരാണ്. ഇവർ 14:5, 12:30 ("എല്ലാവരും അന്യഭാഷകളിൽ സംസാരിക്കുന്നുവോ?") എന്നീ വാക്യങ്ങൾക്ക് എതിരായി നിലകൊള്ളുന്നു. മറ്റേക്കൂട്ടർ ആരും അന്യഭാഷകളിൽ സംസാരിക്കുവാൻ പാടില്ല എന്ന് പറയുന്നവരാണ്. ഇവർ 14:39നെ ലംഘിക്കുകയാണ്. ഇപ്രകാരം ഈ രണ്ടുകൂട്ടരും വചനത്തിന് വിരുദ്ധമായി നീങ്ങുന്നു.

കൂടാതെ, അന്യഭാഷകളിൽ സംസാരിക്കുന്നതിനുള്ള വരമെന്നത് പെന്തെക്കോസ്തു നാളിൽ അപ്പൊസ്തലന്മാർ സംസാരിച്ചതിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നുവെന്നും 14-ാം അദ്ധ്യായം വെളിപ്പെടുത്തുന്നു. പെന്തെക്കോസ്തു നാളിൽ, വ്യാഖ്യാന വരത്തിന്റെ ആവശ്യം ഉണ്ടായിരുന്നില്ല. അപ്പൊസ്തലന്മാർ അന്യഭാഷകളിൽ സംസാരിച്ചപ്പോൾ പ്രത്യേകിച്ച് ഒരു വ്യാഖ്യാനത്തിന്റെ ആവശ്യമില്ലാതെ എല്ലാവർക്കും അത് ഗ്രഹിക്കുവാനായി. ഇത്, അപ്പൊസ്തലന്മാരുടെ സംസാരത്തിലോ, കേൾവിക്കാരുടെ ശ്രവണത്തിലോ ഉണ്ടായ ഒരു അത്ഭുതമായിരിക്കാം. എന്നാൽ 14:5ൽ, അന്യഭാഷകളിൽ സംസാരിക്കുമ്പോൾ സഭയുടെ ആത്മീയവർദ്ധനയ്ക്കായി അതു വ്യാഖ്യാനിക്കണം എന്ന് കാണുന്നു. വ്യാഖ്യാനി ഇല്ലെങ്കിൽ അന്യഭാഷകളിൽ സംസാരിക്കുന്നവർ വ്യാഖ്യാനവരത്തിനായി പ്രാർത്ഥിക്കണം, അല്ലാത്തപക്ഷം അയാൾ സഭയിൽ മിണ്ടാതിരിക്കണം (14:13). പെന്തെക്കോസ്തു ദിവസം, കേൾവിക്കാർക്ക് സ്വയമായി മനസ്സിലാവുന്ന നിലയിൽ വിവിധ ഭാഷകളിലായിരുന്നു 'അന്യഭാഷാ ഭാഷണം' സംഭവിച്ചത്. എന്നാൽ ഇവിടെ 14-ാം അദ്ധ്യായത്തിൽ, (ബുദ്ധിയെ ഒഴിവാക്കി) ഹൃദയത്തിൽ നിന്നുള്ള ഒരു കവിഞ്ഞൊഴുക്കായാണ് അന്യഭാഷകളെ കാണുന്നത്. അതൊരു പ്രാർത്ഥനയോ, ഉപദേശമോ, ഉത്സാഹിപ്പിക്കുന്ന ഒരു സന്ദേശമോ (14:6) ആകാം. കൂടാതെ, വ്യാഖ്യാനമെന്നത്





തർജ്ജമയായി കണക്കാക്കുവാൻ കഴിയില്ല. തർജ്ജമ എന്നത് വാക്കിനു വാക്കായി കണക്കാക്കാം. എന്നാൽ വ്യാഖ്യാനമെന്നത് ചിന്തയ്ക്കു ചിന്തയാണ്. അതിനാലാണ് രണ്ടുവ്യക്തികൾ ഒരേ കാര്യം അന്യഭാഷകളിൽ നിന്ന് വ്യാഖ്യാനിക്കുമ്പോൾ ഒരേ ആശയമെങ്കിലും രണ്ടുപേരും ഉപയോഗിക്കുന്നത് അവരുടെ സ്വന്തം വാക്കുകളാകുന്നത്. ഒരു സഭായോഗത്തിൽ പരമാവധി രണ്ടോ മൂന്നോ പേർക്കു മാത്രമാണ് അന്യഭാഷകളിൽ സംസാരിക്കുവാൻ അനുവാദം കൊടുത്തിട്ടുള്ളത്. ഓരോരുത്തരായി സംസാരിക്കുകയും മറ്റൊരുവൻ വ്യാഖ്യാനിക്കുകയും ചെയ്യണം (14:27). ഒരു സഭയിൽ ആളുകൾ കൂട്ടമായി അന്യഭാഷകളിൽ സംസാരിക്കുകയും അതിന് വ്യാഖ്യാനം നൽകാതിരിക്കുകയും ചെയ്യുന്നത് ദൈവവചനത്തോടുള്ള അനുസരണക്കേടാണ്. അങ്ങനെ ചെയ്യുന്ന ഒരു സഭയെ ഞാൻ ഒട്ടും ബഹുമാനിക്കുന്നില്ല. പെന്തെക്കോസ്തു- കാരിസ്മാറ്റിക്ക് സഭകളിൽ ഇന്നു നടക്കുന്ന പല കാര്യങ്ങളും വചനത്തിന് നേരേ വിപരീതമാണ്. അവയിൽ പലതും പഴയതലമുറകളിൽ നിന്നും കൈമാറി വന്നിരിക്കുന്ന പാരമ്പര്യങ്ങൾ മാത്രമാണ്. ചില സഭകൾ അന്യഭാഷാ ഭാഷണത്തെ വിലക്കുമ്പോൾ മറ്റുള്ള സഭകൾ പാരമ്പര്യങ്ങളെ പിൻപറ്റുക മാത്രമാണ് ചെയ്യുന്നത്. ഇവ രണ്ടും നാം ഒഴിവാക്കുകയും വചനത്തെ പിൻപറ്റുകയുമാണ് വേണ്ടത്.

14-ാം അദ്ധ്യായത്തിൽ, സഭാ കൂടിവരവിൽ ഏറ്റവുമധികം പ്രാധാന്യമുള്ള വരം പ്രവചനമാണെന്ന് പറഞ്ഞിരിക്കുന്നു. പ്രവചനമെന്നത് അടിസ്ഥാനപരമായി ഭാവിപറച്ചിലല്ല. തിരുവചനത്തിലുടനീളം ഓരോ പ്രവാചകന്റെയും സന്ദേശങ്ങളുടെ സാരമെന്നത് മാനസാന്തരവും വിശുദ്ധീകരണവുമായിരുന്നു. ഏറ്റവും വലിയ പഴയനിയമ പ്രവാചകന്മാരായ ഏലിയാവും

> ഒരു സഭയിൽ ആളുകൾ കൂട്ടമായി അന്യഭാഷകളിൽ സംസാരിക്കുകയും അതിന് വ്യാഖ്യാനം നൽകാതിരിക്കുകയും ചെയ്യുന്നത് ദൈവവചനത്തോടുള്ള അനുസരണക്കേടാണ്. അങ്ങനെ ചെയ്യുന്ന ഒരു സഭയെ ഞാൻ ഒട്ടും ബഹുമാനിക്കുന്നില്ല. പെന്തെക്കോസ്തു- കാരിസ്മാറ്റിക്ക് സഭകളിൽ ഇന്നു നടക്കുന്ന പല കാര്യങ്ങളും വചനത്തിന് നേരേ വിപരീതമാണ്. അവയിൽ പലതും പഴയ തലമുറകളിൽ നിന്നും കൈമാറി വന്നിരിക്കുന്ന പാരമ്പര്യങ്ങൾ മാത്രമാണ്. ചില സഭകൾ അന്യഭാഷാ ഭാഷണത്തെ വിലക്കുമ്പോൾ മറ്റുള്ള സഭകൾ പാരമ്പര്യങ്ങളെ പിൻപറ്റുക മാത്രമാണ് ചെയ്യുന്നത്. ഇവ രണ്ടും നാം ഒഴിവാക്കുകയും വചനത്തെ പിൻപറ്റുകയുമാണ് വേണ്ടത്.

യോഹന്നാൻ സ്നാപകനുമൊന്നും ഭാവിയെക്കുറിച്ച് ഒന്നും പറഞ്ഞിട്ടില്ല. എന്നാൽ അവർ ദൈവജനത്തെ മാനസാന്തരത്തിലേക്ക് നടത്തി. പഴയനിയമത്തിലായാലും പുതിയനിയമത്തിലായാലും ഭാവി മുൻകൂട്ടിപ്പറയുന്നത് വളരെ ചുരുക്കമായേ കാണുന്നുള്ളൂ. പുതിയനിയമത്തിലെ പ്രവചനങ്ങൾ പ്രധാനമായും ആളുടെ ആത്മികവർദ്ധനയ്ക്കും ആശ്വാസത്തിനും പ്രബോധനത്തിനുമായി അവരോട് സംസാരിക്കുന്ന വചനങ്ങളാണ് (14:3) സഭായോഗങ്ങളിൽ തുടക്കത്തിൽ രണ്ടോ മൂന്നോ പേർ പ്രവചിക്കുക. തുടർന്ന് മറ്റുള്ളവർക്കും സ്വാതന്ത്ര്യത്തോടെ പ്രവചിക്കുവാൻ അവസരമുണ്ട് (14:29, 31).

**അദ്ധ്യായം -15**

അദ്ധ്യായം -15 ൽ പുനരുത്ഥാനം എന്ന വിഷയമാണ് വിശദമാക്കിയിരിക്കുന്നത്. മരിച്ചവരുടെ പുനരുത്ഥാനം തീർച്ചയായും

ദൈവിക ന്യായവിധിയെ നേരിടുവാനായി , ഭൂമിയിൽ ജീവിച്ച ഓരോ മനുഷ്യന്റെയും ശരീരം ഉയിർത്തെഴുന്നേൽക്കും. പുനരുത്ഥാന ദിവസത്തിൽ യഥാർത്ഥ വിശ്വാസികൾക്ക് ദൈവരാജ്യത്തിൽ പ്രതിഫലങ്ങൾ ലഭിക്കും. എന്നാൽ എല്ലാവർക്കും ഒരേ തേജസ്സായിരിക്കയില്ല ലഭിക്കുന്നത്. "സൂര്യന്റെ തേജസ്സുവേറെ, ചന്ദ്രന്റെ തേജസ്സുവേറെ, നക്ഷത്രവും നക്ഷത്രവും തമ്മിൽ തേജസ്സുകൊണ്ടു ഭേദം ഉണ്ടല്ലോ: മരിച്ചവരുടെ പുനരുത്ഥാനവും അവ്വണ്ണം തന്നേ.' (15:41,42). ഭൂമിയിൽ കൂടുതൽ വിശ്വസ്തതയോടെ ദൈവത്തെ സേവിച്ചവർ, കൂടുതൽ പ്രകാശമുള്ള നക്ഷത്രങ്ങളെപ്പോലെ നിത്യത മുഴുവനും ശോഭിക്കും. വിശ്വസ്തതയിൽ കുറവുള്ളവർ തേജസ്സു കുറഞ്ഞ നക്ഷത്രങ്ങളെപ്പോലെ ആയിരിക്കും.

സംഭവിക്കുമെന്ന് പൗലൊസ് കൊരിന്തിലെ വിശ്വാസികളെ വിശദമായി പഠിപ്പിക്കുന്നു. ദൈവിക ന്യായവിധിയെ നേരിടുവാനായി, ഭൂമിയിൽ ജീവിച്ച ഓരോ മനുഷ്യന്റെയും ശരീരം ഉയിർത്തെഴുന്നേൽക്കും. പുനരുത്ഥാന ദിവസത്തിൽ യഥാർത്ഥ വിശ്വാസികൾക്ക് ദൈവരാജ്യത്തിൽ പ്രതിഫലങ്ങൾ ലഭിക്കും. എന്നാൽ എല്ലാവർക്കും ഒരേ തേജസ്സായിരിക്കയില്ല ലഭിക്കുന്നത്. "സൂര്യന്റെ തേജസ്സുവേറെ, ചന്ദ്രന്റെ തേജസ്സുവേറെ, നക്ഷത്രവും നക്ഷത്രവും തമ്മിൽ തേജസ്സുകൊണ്ടു ഭേദം ഉണ്ടല്ലോ: മരിച്ചവരുടെ പുനരുത്ഥാനവും അവ്വണ്ണം തന്നേ." (15:41,42). ഭൂമിയിൽ കൂടുതൽ വിശ്വസ്തതയോടെ ദൈവത്തെ സേവിച്ചവർ, കൂടുതൽ പ്രകാശമുള്ള നക്ഷത്രങ്ങളെപ്പോലെ നിത്യത മുഴുവനും ശോഭിക്കും. വിശ്വസ്തതയിൽ കുറവുള്ളവർ തേജസ്സു കുറഞ്ഞ നക്ഷത്രങ്ങളെപ്പോലെ ആയിരിക്കും. അതിനാൽ പൗലൊസ് നമ്മോട് പറയുകയാണ്, "ആകയാൽ എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്ന് അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചുവരുന്നവരും ആകുവിൻ." (15:58).

**അദ്ധ്യായം-16**

പതിനാറാം അദ്ധ്യായത്തിൽ പൗലൊസ് തന്റെ സഹശുശ്രൂഷകന്മാർക്ക് നൽകിയ സ്വാതന്ത്ര്യത്തെക്കുറിച്ച് കാണുന്നു. 16:12-ൽ ദൈവവചനം പ്രസംഗിക്കുവാൻ കൊരിന്തിലേക്ക് പോകുവാൻ പൗലൊസ് അപ്പൊല്ലോസിനോട് പറഞ്ഞതായി കാണുന്നു. എന്നാൽ അപ്പൊല്ലോസിന് ആത്മാവിൽ ഒരു സ്വാതന്ത്ര്യം അനുഭവപ്പെട്ടില്ല. അതിനാൽ അപ്പൊല്ലോസിനോട് ആത്മാവ് സ്വാതന്ത്ര്യം നൽകുന്നിടത്തേക്ക് പോകുവാൻ പൗലൊസ് പറഞ്ഞു. ക്രിസ്തുവിന്റെ ശരീരത്തിൽ നാം പരസ്പരം നൽകേണ്ട സ്വാതന്ത്ര്യത്തിനുള്ള ഉത്തമമാതൃകയാണിത്. അപ്പൊസ്തോലിക അധികാരമുള്ളപ്പോൾ തന്നെ ഇപ്രകാരം ചെയ്യേണ്ടതുണ്ട്. ഒരു തരത്തിലുള്ള നിർബന്ധവും ഉണ്ടാകുവാൻ പാടില്ല.

"നിങ്ങൾ ചെയ്യുന്നതെല്ലാം സ്നേഹത്തിൽ ചെയ്യുവിൻ" എന്ന് ഒടുവിലായി പൗലൊസ് എല്ലാവരോടുമായി പറഞ്ഞിരിക്കുന്നു. ആ വചനം അനുസരിച്ചാൽ നാം തെറ്റിപ്പോകയില്ല. ഇപ്രകാരമാണ് നമുക്കോരുത്തർക്കും പ്രാദേശിക സഭയുടെ പണിയിൽ പങ്കാളികളാകുവാൻ സാധിക്കുന്നത്.

മൊഴിമാറ്റം: **ബോബി കുര്യൻ**

❖





# എഡിറ്റോറിയൽ തുടർച്ച...

സ്ഥായിയായുണ്ടെങ്കിൽ അതിൽ നിന്നു പ്രാർത്ഥന എന്ന ധൂപം നിരന്തരം ഉയർന്നുകൊണ്ടിരിക്കുന്നതായി സ്വർഗ്ഗം കണക്കാക്കും. പരിശുദ്ധാത്മാവും ഇതിനു തുണനിൽക്കും (വെളി. 5:8; 8:3,4; റോമർ 8:26,27). ഈ മനോഭാവം നമ്മിൽ ഉള്ളിടത്തോളം നമ്മുടെ ജീവിതം തന്നെയാണു പ്രാർത്ഥന.

ഇതിന്റെ അർത്ഥം പ്രാർത്ഥനയ്ക്കായി പ്രത്യേക സമയം വേർതിരിക്കേണ്ടന്നാണോ? അല്ല. ആത്മാവിൽ ദരിദ്രനായവന് അക്ഷരാർത്ഥത്തിൽ തന്നെ യാചിക്കുകയും നിലവിളിക്കുകയും ചെയ്യാതിരിക്കാനാവില്ലല്ലോ. എന്നാൽ പ്രാർത്ഥനയുടെ മനോഭാവമില്ലാതെ വെറുതെ ജല്പനം ചെയ്താൽ അതുകൊണ്ട് എന്തു പ്രയോജനം! (മത്തായി 6:7,8).

ഇക്കാര്യം വിവരിക്കുന്ന ഉപമയാണു കർത്താവു ലൂക്കോസ് 18 ൽ രണ്ടാമതു പറഞ്ഞത്. ആത്മാവിൽ ദാരിദ്ര്യം ഉള്ളവനും അതില്ലാത്തവനും നടത്തുന്ന പ്രാർത്ഥനകളെ സ്വർഗ്ഗം എങ്ങനെ കാണുന്നു എന്നതിലേക്ക് ഈ ഉപമ വെളിച്ചം വീശുന്നു. (18:9-14). രണ്ടുപേർ. ചുങ്കക്കാരനും, പരീശനും. ഇരുവരും ദൈവാലയത്തിൽ പ്രാർത്ഥിക്കാനെത്തി. ആത്മാവിൽ ദരിദ്രനല്ലാതിരുന്ന പരീശൻ മനോഹരമായ വാക്കുകൾ ഉപയോഗിച്ചു പ്രാർത്ഥിച്ചു. പക്ഷേ അതു ദൈവം കേട്ടില്ലെന്നും അവൻ തന്നോടു തന്നെ സംസാരിക്കുകയായിരുന്നുവെന്നും വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (18:11). ഇതേസമയം ചുങ്കക്കാരന്റെ പ്രാർത്ഥന ഒരു നിസ്സഹായന്റെ നിലവിളിയായിരുന്നു. ആത്മാവിൽ ദരിദ്രനായ അവന്റെ പ്രാർത്ഥന സ്വർഗ്ഗം കേട്ടു. ഫലം അവൻ നീതികരിക്കപ്പെട്ടു. പരീശൻ ആകട്ടെ വന്നതുപോലെ മടങ്ങി.

ലൂക്കോസ് 18 ലെ ആദ്യ ഉപമയിൽ വിധവയുടെ മനോഭാവത്തിലേക്കു വെളിച്ചം വീശിയ കർത്താവ് നാം എങ്ങനെയാണു പ്രാർത്ഥിക്കേണ്ടതെന്നാണു പഠിപ്പിച്ചത്. ഇതേസമയം രണ്ടാമത്തെ ഉപമയിൽ പരീശന്റെ അതിഭാഷണത്തിലേക്കു വിരൽ ചൂണ്ടിയ അവിടുന്ന് നാം എങ്ങനെ പ്രാർത്ഥിക്കരുതെന്നും വ്യക്തമാക്കുകയായിരുന്നു.

ചുരുക്കത്തിൽ ജീവിതത്തിൽ നാം എന്താണോ അതിന്റെ കവിഞ്ഞൊഴുക്കാണു നമ്മുടെ പ്രാർത്ഥന. ജീവിതത്തിൽ പരീശനെപ്പോലെ നിഗളിയായിരുന്നശേഷം പ്രാർത്ഥനാ സമയത്തു ചുങ്കക്കാരന്റെ വാക്കുകൾ കടമെടുത്താലും നമുക്കു ദൈവത്തെ കബളിപ്പിക്കാനാവില്ല. പ്രാർത്ഥനയുടെ പിന്നിലുണ്ടാവേണ്ട മനോഭാവം നമ്മുടെ ജീവിതത്തിലുണ്ടോയെന്നാണു ദൈവം നോക്കുന്നത്. അതുണ്ടെങ്കിൽ നമ്മുടെ ജീവിതത്തിൽ നിന്നു പ്രാർത്ഥനയുടെ സുഗന്ധ ധൂപം സ്വർഗ്ഗത്തിലേക്ക് നിരന്തരം ഉയരുന്നുണ്ട്. ഇതുതന്നെയല്ലേ അവിരാമമായ പ്രാർത്ഥന?.

ഈ വസ്തുതകൾ വേണ്ടവിധം കണ്ടാൽ ഇടവിടാതെ പ്രാർത്ഥിക്കുക, ഏതു സമയത്തും പ്രാർത്ഥിക്കുക തുടങ്ങിയ വാക്യങ്ങൾ മേലിൽ നമുക്കൊരു കീറാമുട്ടിയായിരിക്കുകയില്ല. ഇതേസമയം ഉറങ്ങുമ്പോഴും ഉണരുമ്പോഴും ഏതു സമയത്തും യഥാർത്ഥ പ്രാർത്ഥനയുടെ പിന്നിലുള്ള ആത്മാവിൽ തന്നെ തുടരാൻ ഈ വാക്യങ്ങൾ നമ്മെ ആഹ്വാനം ചെയ്യുന്നുണ്ട് എന്നതും കാണാതിരിക്കരുത്.

❖

## ഒരു പെൺകുട്ടിയുടെ കാഴ്ചപ്പാട്

### അദ്ധ്യായം -12

# വിവാഹാലോചന

ആനി പുന്നൻ

ഒരു ദിവസം ഞങ്ങളുടെ പാസ്റ്ററും ഭാര്യയും എന്നെ കാണാൻ വന്നു. ഞാൻ വിവാഹത്തെക്കുറിച്ചു ചിന്തിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ സഭയിലുള്ള ഒരു ചെറുപ്പക്കാരനെ ഭാവി ഭർത്താവായി പരിഗണിക്കാൻ താത്പര്യമുണ്ടോ എന്നീ കാര്യങ്ങളാണ് അവരെന്നോടു തുറന്നു ചോദിച്ചത്.

അദ്ദേഹത്തിന്റെ പേരു പ്രകാശ്. ഒരു ഇലക്ട്രോണിക് കമ്പനിയിൽ ടെക്നീഷ്യനായി ജോലി നോക്കുന്നു. നല്ല ക്രിസ്തീയ വിശ്വാസിയാണദ്ദേഹം. കഷ്ടപ്പെട്ട് നല്ല വിദ്യാഭ്യാസം അദ്ദേഹം നേടി. ഈ ആലോചനയിൽ ചിന്തിക്കാൻ ഒട്ടേറെ കാര്യങ്ങളുണ്ടായിരുന്നു-അനുകൂലമായും പ്രതികൂലമായും. ഞങ്ങൾ രണ്ടു സമുദായത്തിൽപെട്ടവരായിരുന്നു. മാതൃഭാഷകളും വ്യത്യസ്തം. ഒരു പൊതുഭാഷയിൽ സ്വാതന്ത്ര്യത്തോടെ സംസാരിക്കാൻ കഴിയുന്ന ആരെയെങ്കിലും വിവാഹം കഴിക്കാനായിരുന്നു എനിക്കു താത്പര്യം. വിവാഹജീവിതത്തെ സംബന്ധിച്ചിടത്തോളം ആശയവിനിമയം ഒരു പ്രധാന കാര്യമാണല്ലോ. എന്നാൽ അദ്ദേഹം നന്നായി ഇംഗ്ലീഷിൽ സംസാരിക്കും എന്നത് എനിക്കു സന്തോഷം നൽകി.

പ്രകാശിന് സഭയിൽ ഒരു നല്ല സാക്ഷ്യമുണ്ട്. ഗാനശുശ്രൂഷയ്ക്കു നേതൃത്വം നൽകാറുണ്ട്. യോഗങ്ങളിൽ ചിലപ്പോഴൊക്കെ കണ്ടിട്ടുള്ളതിൽ നിന്ന് ആത്മീയമായി മതിപ്പോടെ നോക്കാവുന്ന ഒരാളാണ് അദ്ദേഹമെന്ന് എനിക്കു തോന്നി. ഇതൊരു പ്രധാന കാര്യമാണ്. ഭർത്താക്കന്മാർ ആത്മീയമായി തങ്ങളെക്കാൾ ഉയർന്ന നിലയിലല്ലെങ്കിൽ ക്രിസ്ത്യാനികളായ ഭാര്യമാർക്ക് അവരെ മതിപ്പോടെ വീക്ഷിക്കാൻ കഴിയുകയില്ല. ഇതു ഞാൻ പലരുടെ ജീവിതത്തിലും കണ്ടിട്ടുണ്ട്. എനിക്കും പ്രകാശിനും പൊതുവായി ഒരു ഘടകമുണ്ടെന്ന് എനിക്കു മനസ്സിലായി- ഇരുവർക്കും കർത്താവിനോടുള്ള സ്നേഹം.

പക്ഷേ പെട്ടെന്നൊരു തീരുമാനം എടുക്കാൻ ഞാൻ ആഗ്രഹിച്ചില്ല. അതുകൊണ്ട് ഈ വിഷയം വച്ചു പ്രാർത്ഥിക്കാമെന്നു ഞാൻ പാസ്റ്ററോടു പറഞ്ഞു. എനിക്കു വളരെ ഉത്സാഹം തോന്നി. എന്നാൽ എന്റെ ഉത്സാഹം എന്നെ കയറി ആവേശിക്കാൻ ഞാൻ അനുവദിച്ചില്ല. അതിരുകടന്ന ഉത്സാഹത്തിൽ തിടുക്കത്തിൽ എന്തെങ്കിലും തീരുമാനത്തിൽ സ്വന്ത താത്പര്യപ്രകാരം എത്തിച്ചേരരുതെന്നു ഞാൻ എനിക്കു തന്നെ മുന്നറിയിപ്പു നൽകി. ഞാൻ ഒരു ദിവസം പ്രാർത്ഥനയ്ക്കും ഉപവാസത്തിനുമായി വേർതിരിച്ചു- 'കർത്താവേ, ഈ കാര്യത്തിൽ അവിടത്തെ ഹിതം വ്യക്തമായി എനിക്കു വെളിപ്പെടുത്തണമേ.' തുടർന്നും ഒരോ ദിവസവും ഞാൻ ഈ വിഷയം പ്രാർത്ഥനയിൽ ദൈവസന്നിധിയിൽ കൊണ്ടു ചെന്നു.

പ്രകാശ് മാതാപിതാക്കളുടെ ഏക മകനായിരുന്നു; അതുകൊണ്ട് അവരോടൊപ്പമാണു താമസം. ഞാൻ അദ്ദേഹത്തെ





വിവാഹം ചെയ്താൽ അദ്ദേഹത്തിന്റെ മാതാപിതാക്കളോടൊപ്പം അതേ വീട്ടിലാണു ഞാനും താമസിക്കേണ്ടത്. എന്നാൽ എന്തിനും ഞാൻ തയ്യാറായിരുന്നു. എനിക്ക് ആകെ അറിയേണ്ടിയിരുന്നത് ഇക്കാര്യത്തിൽ എന്റെ സ്വർഗ്ഗീയ പിതാവിന്റെ ഹിതം മാത്രമായിരുന്നു. സുഖസൗകര്യങ്ങളുള്ള ഒരു ജീവിതം നയിക്കണമെന്നുള്ള എന്റെ സ്വപ്നങ്ങളും പദ്ധതികളുമൊക്കെ ഞാൻ മാറ്റിവച്ചു. ഞാൻ പ്രകാശിനെ വിവാഹം കഴിച്ചാൽ എന്റെ സ്വന്തം മാതാപിതാക്കളോടു കാട്ടിയ സ്നേഹവും ആദരവും അദ്ദേഹത്തിന്റെ മാതാപിതാക്കൾക്കും നൽകണമെന്നു ഞാൻ തീരുമാനിച്ചു.

സ്വന്തമായൊരു വീടും കുടുംബവും-ആ ചിന്ത എന്നെ ഉത്സാഹഭരിതയാക്കി. പക്ഷേ സുഖകരമായ ഒരു ജീവിതം ആയിരിക്കുകയില്ല എന്റെ മുൻപിലുള്ളത്. ഒരു പുതിയ സംസ്കാരം, മറ്റൊരു സമുദായം, ഭർത്താവിന്റെ മാതാപിതാക്കളോടൊത്തുള്ള ജീവിതം-ഇതെല്ലാമാണ് എന്റെ മുൻപിലുള്ളത്. പക്ഷേ അത് സന്തോഷകരമായ ഒരു ജീവിതം ആയിരിക്കും. കാരണം പ്രകാശും ഞാനും ദൈവത്തെ സ്നേഹിക്കുന്നു. അതാണ് എനിക്കേറ്റവും കൂടുതൽ ആശ്വാസം നൽകിയത്.

തന്റെ സ്വന്തം ജനതയെ ഉപേക്ഷിച്ച് പുറത്തുള്ള ഒരു ജനവിഭാഗത്തിൽ നിന്ന് വിവാഹം കഴിച്ച ബൈബിളിലെ രൂത്തിനെക്കുറിച്ചു ഞാൻ ഓർത്തു. തന്റെ ഭർത്താവിനോടും അദ്ദേഹത്തിന്റെ ആളുകളോടും ചേർന്ന് അവൾ നിന്നതായാണു നാം മനസ്സിലാക്കുന്നത്. രൂത്ത് ജീവിതം ആരംഭിച്ചത് തീർത്തും ദരിദ്രയായ ഒരു യുവതിയായിട്ടായിരുന്നു. പക്ഷേ ദൈവം അവളെ അനുഗ്രഹിച്ചു. ദുർന്നടപ്പിൽ നിന്നു രൂപം കൊണ്ട മോവാബ്യ വംശക്കാരിയായിരുന്നു അവളെന്നോർക്കണം (ഉൽപത്തി 19:30-37). ദൈവസന്നിധിയിൽ പ്രവേശിക്കാനും മോവാബ്യർക്കു വിലക്കുണ്ടായിരുന്നു (ആവർത്തനം 23:3)- എന്നിട്ടും രൂത്ത് ദാവീദുരാജാവിന്റെ മുത്തശ്ശിയായി!

> **ബൈബിളിലെ രൂത്തിനെക്കുറിച്ചു ഞാൻ ഓർത്തു. തന്റെ ഭർത്താവിനോടും അദ്ദേഹത്തിന്റെ ആളുകളോടും ചേർന്ന് അവൾ നിന്നതായാണു നാം മനസ്സിലാക്കുന്നത്. രൂത്ത് ജീവിതം ആരംഭിച്ചത് തീർത്തും ദരിദ്രയായ ഒരു യുവതിയായിട്ടായിരുന്നു. പക്ഷേ ദൈവം അവളെ അനുഗ്രഹിച്ചു. ദുർന്നടപ്പിൽ നിന്നു രൂപം കൊണ്ട മോവാബ്യ വംശക്കാരിയായിരുന്നു അവളെന്നോർക്കണം. ദൈവസന്നിധിയിൽ പ്രവേശിക്കാനും മോവാബ്യർക്കു വിലക്കുണ്ടായിരുന്നു എന്നിട്ടും രൂത്ത് ദാവീദുരാജാവിന്റെ മുത്തശ്ശിയായി!**

ദൈവഹിതം കണ്ടെത്താൻ അന്നു വായിച്ച രണ്ടു പുസ്തകങ്ങൾ കുറച്ചൊന്നുമല്ല എന്നെ സഹായിച്ചത്. സെക്സ്, പ്രേമം, വിവാഹം (ഒരു ക്രിസ്തീയ സമീപനം), 'ദൈവഹിതം കണ്ടെത്തുക' (രണ്ടിന്റെയും ഗ്രന്ഥകർത്താവ്: സാക് പുന്നൻ) എന്നിവയായിരുന്നു ആ പുസ്തകങ്ങൾ. വിവാഹത്തെ ദൈവിക കാഴ്ചപ്പാടിൽ നോക്കിക്കാണാൻ ഈ പുസ്തകങ്ങൾ എന്നെ പഠിപ്പിച്ചു. ഇതിലെ ആദ്യപുസ്തകം ഭാവി ജീവിതപങ്കാളിയിൽ എന്താണു നോക്കേണ്ടതെന്നു മനസ്സിലാക്കാൻ എന്നെ സഹായിച്ചു. തുടർന്നു പ്രകാശിനെയും കുടുംബത്തെയും കുറിച്ചു കൂടുതൽ വിവരങ്ങൾ ഞാൻ പാസ്റ്ററിൽ നിന്നു ചോദിച്ചറിഞ്ഞു.

ഈ വിവാഹാലോചനയെക്കുറിച്ചു ഞാൻ എന്റെ മാതാപിതാക്കൾക്കെഴുതി. അവർ ഇതിൽ സന്തുഷ്ടരായിരിക്കുകയില്ലെന്ന് എനിക്കറിയാമായിരുന്നു. ധനികരും വിദേ

## ഏതുനേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും... 

*21-ാം പേജിൽ നിന്നു തുടർച്ച*

പറയരുത്. നേരേമറിച്ച് നമ്മുടെ ആവശ്യങ്ങൾ ദൈവത്തോടറിയിക്കുന്നതിനു മുമ്പു തന്നെ എന്തു പ്രാർത്ഥിക്കണമെന്നും എങ്ങനെ പ്രാർത്ഥിക്കണമെന്നും നമുക്കു കാണിച്ചുതരുവാൻ നാം ദൈവത്തോട് അപേക്ഷിക്കണം. നാമാഗ്രഹിച്ച കാര്യങ്ങൾ ചോദിക്കുവാൻ നാം ഇതിനകം വളരെയധികം സമയം ചെലവഴിച്ചിട്ടില്ലേ? ഇപ്പോൾ ദൈവം ആഗ്രഹിക്കുന്നതെന്തെന്ന് നമുക്ക് അന്വേഷിക്കാം. നാം ആഗ്രഹിക്കുന്ന കാര്യമല്ല. അവിടുന്ന് ആഗ്രഹിക്കുന്ന കാര്യംതന്നെ. അപ്രകാരം നാം ചെയ്യുന്നപക്ഷം ജഡത്തിന് യാതൊരടിസ്ഥാനവും ലഭിക്കുകയില്ല. ഈ വിധത്തിലുള്ള യഥാർത്ഥമായ പ്രാർത്ഥന പ്രാർത്ഥിക്കുന്നവൻ തന്നെ ആത്മീയമനുഷ്യൻ.

ആത്മാവിലുള്ള എല്ലാ പ്രാർത്ഥനകളുടേയും ഉറവിടം ദൈവമാണ്. ദൈവം ഒരു പ്രത്യേകാവശ്യത്തെ വെളിപ്പെടുത്തുന്നു. അതിനെ ഒരാന്തരികമായ ആത്മഭാരമായി വിശ്വാസിയുടെ ഉള്ളിൽ സ്ഥാപിക്കയും ചെയ്യുന്നു. ഈ ആത്മഭാരമാണ് പ്രാർത്ഥനയുടെ പ്രേരകശക്തി. എങ്കിലും ഈ ആത്മഭാരത്തിലെ ചില ഘടകങ്ങളെ നാം അശ്രദ്ധയാൽ അവഗണിക്കുന്നു. പ്രാർത്ഥന ഒരിക്കലും അന്തർബോധമണ്ഡലത്തിൽ ദൈവം നൽകുന്ന ആത്മഭാരത്തെ കവിഞ്ഞുപോകുന്നില്ല. അതു സംഭവിക്കുന്നപക്ഷം അത്തരം പ്രാർത്ഥനകൾ വിശ്വാസിയുടെ അന്തരംഗത്തിൽനിന്നാണ് ഉറവെടുക്കുന്നത്. ഈ പ്രാർത്ഥന ജഡസംബന്ധിയാകാതെ ആത്മസംബന്ധിയാകേണ്ടതിന് വിശ്വാസി തന്റെ ബലഹീനത ഏറ്റുപറയണം. പൗലൊസ് ചെയ്തതുപോലെ വേണ്ടുംപോലെ പ്രാർത്ഥിക്കേണ്ടതെന്ന് അറിയുന്നില്ലല്ലോ എന്നേറ്റുപറയണം (റോമർ 8:26). തൽഫലമായി പരിശുദ്ധാത്മാവ് എങ്ങനെ പ്രാർത്ഥിക്കണമെന്ന് അവനെ പഠിപ്പിക്കും. അനന്തരം ഈ ബോധമനുസരിച്ച് അവൻ പ്രാർത്ഥിക്കണം. ദൈവം ഒരുവന് പ്രസംഗിക്കുവാൻ ഉച്ചാരണം നൽകുന്നതുപോലെ പ്രാർത്ഥിക്കുവാനും ഉച്ചാരണം നൽകും. നമ്മുടെ ബലഹീനത ഏറ്റുപറയുന്നതിലൂടെ ആത്മാവിലുള്ള ആശ്രയംമൂലം നമുക്കു പ്രാർത്ഥനയ്ക്കുള്ള പദസഞ്ചയവും നൽകപ്പെടും. ജഡത്തിൽ ആശ്രയിച്ചുകൊണ്ട് ഒരുവൻ ചെയ്യുന്ന ശുശ്രൂഷ ഉപരിപ്ലവമായിരിക്കുന്നതുപോലെ ജഡത്തിലുള്ള പ്രാർത്ഥനയും ഉപരിപ്ലവവും ഫലശൂന്യവും തന്നെ.

നാം ആത്മാവിൽ പ്രാർത്ഥിക്കുന്നതോടൊപ്പം ബുദ്ധികൊണ്ടും പ്രാർത്ഥിക്കണം (1കൊരി. 14:15) പ്രാർത്ഥനയിൽ ഇവ രണ്ടും ഒരുമിച്ചുപോകേണ്ടതാവശ്യമാണ്. ഒരു വിശ്വാസി എന്താണു പ്രാർത്ഥിക്കേ

---

ശത്തു ധാരാളം പണം സമ്പാദിക്കുന്നവരുമായ ആരെയെങ്കിലും ഞാൻ വിവാഹം കഴിക്കണമെന്നായിരുന്നു അവരുടെ ആഗ്രഹം. എനിക്കതിനു താത്പര്യമില്ലെങ്കിൽ അവിവാഹിതയായി ഞാൻ ജീവകാലം മുഴുവൻ നിന്നു ജോലി നോക്കി കിട്ടുന്ന പണം അവർക്കു നൽകി ജീവിക്കണം - ഇതായിരുന്നു അവരുടെ ആഗ്രഹം! ഞാൻ കൂടുതൽ പണം സമ്പാദിക്കണമെന്നാണോ അതോ ഞാൻ സന്തുഷ്ടയായിരിക്കണമെന്നാണോ അവർ ആഗ്രഹിക്കുന്നതെന്നു തികഞ്ഞ വിനയത്തോടും ആദരവോടും കൂടി ഞാനവർക്ക് എഴുതി വിശദമായ ഈ കത്ത്, ഏറെ പ്രാർത്ഥനയോടെ ഒടുവിൽ ഞാനവർക്ക് അയച്ചു - ദൈവം അവരുടെ ഹൃദയത്തെ വ്യത്യാസപ്പെടുത്തുമെന്ന വിശ്വാസത്തോടെ. (തുടരും)

മൊഴിമാറ്റം: **സാന്ദ്ര**

❖





ണ്ടതെന്നതിനെപ്പറ്റി ആത്മാവിൽ ബോധവാനാകുന്നതോടൊപ്പം തനിക്കുലഭിച്ച ഉൾവെളിച്ചം മനസ്സുകൊണ്ടു ഗ്രഹിക്കേണ്ടതും ആവശ്യമത്രേ. ആത്മാവ് പ്രാർത്ഥനയ്ക്കുള്ള ഭാരം സ്വീകരിക്കുന്നതുപോലെ മനസ്സ് അതിനെ പ്രകടിപ്പിക്കുവാനുള്ള വാക്കുകൾക്കു രൂപം നൽകുകയും ചെയ്യുന്നു. ഈ മാർഗ്ഗത്തിലൂടെയാണ് ഒരു വിശ്വാസിയുടെ പ്രാർത്ഥന പൂർണ്ണരൂപം പ്രാപിക്കുന്നത്. പലപ്പോഴും ഒരു ക്രിസ്ത്യാനി മനസ്സിലെ ചിന്തയനുസരിച്ച് പ്രാർത്ഥിക്കുകയും അതേസമയം ആത്മാവിൽനിന്നുള്ള വെളിപ്പാട് ലഭിക്കാതെ പോകയും ചെയ്വാൻ ഇടയുണ്ട്. അപ്പോൾ അയാൾതന്നെ തന്റെ പ്രാർത്ഥനയുടെ ഉറവിടമായിത്തീർന്നുപോകുന്നു. എന്നാൽ യഥാർത്ഥമായ പ്രാർത്ഥന ത്രിയേകദൈവത്തിന്റെ സിംഹാസനത്തിൽനിന്നാണ് പുറപ്പെടേണ്ടത്. പ്രാർത്ഥിക്കുന്ന വ്യക്തിയുടെ ആത്മാവിൽ ആദ്യം അതിന്റെ ബോധം ഉണ്ടാകയും അടുത്തതായി അവന്റെ മനസ്സ് അതിനെ ഗ്രഹിക്കയും ചെയ്യുന്നു. അന്തിമമായി ആത്മാവിന്റെ ശക്തിയിലൂടെ അതിന് ഉച്ചാരണം ലഭിക്കയും ചെയ്യുന്നു. ഇപ്രകാരം മനുഷ്യന്റെ ആത്മാവും അവന്റെ പ്രാർത്ഥനയും അവിഭാജ്യമായ വിധം ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നത്.

ആത്മാവുകൊണ്ടു പ്രാർത്ഥിക്കുവാൻ കഴിവുണ്ടാകണമെങ്കിൽ ഒരു ക്രിസ്ത്യാനി ആദ്യംതന്നെ ആത്മാവിനെ അനുസരിച്ചു നടക്കുവാൻ ശീലിക്കണം. ഒരുവൻ ദിവസം മുഴുവനും ജഡത്തെ അനുസരിച്ചാണ് നടക്കുന്നതെങ്കിൽ അവന് ആത്മാവുകൊണ്ടു പ്രാർത്ഥിക്കുവാൻ കഴിവുണ്ടാകയില്ല. ഒരുവന്റെ പ്രാർത്ഥനാജീവിതം അവന്റെ പ്രതിദിന ജീവിതത്തോട് യാതൊരുബന്ധവുമില്ലാത്ത ഒന്നായിത്തീരുക സാധ്യമല്ല. പലരുടെയും ആത്മീയാവസ്ഥ ആത്മാവിൽ പ്രാർത്ഥിക്കുന്നതിന് അവരെ അയോഗ്യരാക്കിത്തീർക്കുന്നു. ഒരു മനുഷ്യന്റെ പ്രാർത്ഥനയുടെ ഗുണവിശേഷം അയാളുടെ ജീവിതാവസ്ഥയോടു ബന്ധപ്പെട്ടാണിരിക്കുന്നത്. ജഡികനായ ഒരുവന് ആത്മീയമായി പ്രാർത്ഥിക്കുവാൻ എങ്ങനെയാണ് കഴിവുണ്ടാവുക?

മറുവശത്ത് ഒരാത്മീയമനുഷ്യൻ ആത്മീയമായിത്തന്നെ പ്രാർത്ഥിക്കണമെന്നുമില്ല. കാരണം, അയാൾ ജാഗരൂകനല്ലെങ്കിൽ അയാളും ജഡികജീവിതത്തിലേക്കു വഴുതിവീണുപോകുവാൻ സാധ്യതയുണ്ട്. എങ്കിലും ഒരാത്മീയമനുഷ്യൻ ആത്മാവിൽ പ്രാർത്ഥിക്കുന്നതിലേക്ക് കൂടെക്കൂടെ തന്റെ ആത്മാവിനെയും മനസ്സിനെയും ദൈവത്തിന്റെ വഴിയിൽ സൂക്ഷിക്കുവാൻ ബാധ്യസ്ഥനാണ്. പ്രാർത്ഥന ആത്മാവിനെ പ്രവർത്തനോന്മുഖമാക്കും. അപ്രകാരമുള്ള പ്രവർത്തനത്തിലൂടെ ആത്മാവ് ശക്തി പ്രാപിക്കുകയും ചെയ്യും. പ്രാർത്ഥനയിൽ ഉപേക്ഷ കാണിക്കുന്നപക്ഷം ആന്തരികമനുഷ്യൻ തളർന്നുപോകും. അതിനെ ഒഴിവാക്കുവാൻ ഒന്നിനും സാധ്യവുമല്ല. ക്രിസ്തീയമായ പ്രവർത്തനങ്ങൾ മൂലവും അത് സാധിക്കുകയില്ല. ഒട്ടനേകം പേരും ക്രിസ്തീയപ്രവർത്തനത്തിൽ മുഴുകിപ്പോവുകനിമിത്തം അവർക്ക് പ്രാർത്ഥനയ്ക്കുവേണ്ടി സമയം ലഭിക്കാതെപോകുന്നു. ഈ കാരണത്താൽ ദുരാത്മാക്കളെ പുറത്താക്കുവാനുള്ള കഴിവും അവർക്കു നഷ്ടപ്പെടുന്നു. പ്രാർത്ഥന ഒന്നാമതായി ശത്രുവിനെ ജയിക്കുവാൻ നമുക്ക് ആന്തരികശക്തി നൽകുകയും തദ്വാരാ പുറമേ അവനോടു എതിർത്തുനിൽക്കുവാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യുന്നു. തങ്ങളുടെ കാൽമുട്ടിന്മേൽ ശത്രുവിനെതിരേ പോരാടിയിട്ടുള്ളവർ അവിടെനിന്നെഴുന്നേൽക്കുമ്പോൾ ശത്രുവിനെ തോൽപ്പിക്കുന്നവരായിത്തീരുകതന്നെ ചെയ്യും.

❖

# ആത്മാവിന്റെ ഐക്യത

12-ാം പേജിൽ നിന്നു തുടർച്ച

മികമായി പ്രസംഗകരല്ല, ഇടയന്മാരാണ്. ആട്ടിൻ കൂട്ടത്തിനു മുമ്പേ നടന്ന് അവയെ ഉന്നതങ്ങളിലേക്കു നയിക്കുന്നവർ.

പഴയ ഉടമ്പടിയിൽ ദൈവം പ്രവാചകന്മാരെ അയച്ചിരുന്നു. അവർ ഒറ്റയ്ക്ക് ശുശ്രൂഷകൾ നിർവഹിക്കുന്നവരായിരുന്നു. നോഹ, അബ്രഹാം, മോശെ, യോശുവ, ശമുവേൽ, യെശ്ശയ്യാവ്, യിരെമ്യാവ് തുടങ്ങിയവരൊക്കെത്തന്നെ ആരോടും കൂട്ടുചേരാതെ ഏകരായി നിന്നു ശുശ്രൂഷകൾ നിർവഹിച്ചവരാണ്. ചെറുപ്പക്കാരനായ സെഖര്യാവുപോലും വൃദ്ധനായ ഹഗ്ഗായിയോടു ചേർന്നായിരുന്നില്ല പ്രവർത്തിച്ചത്. അവസാനമായെത്തിയ യോഹന്നാൻ സ്നാപകനും ഒരു ഏകാന്തപഥികനായിരുന്നു.

എന്നാൽ യേശു തന്റെ ശുശ്രൂഷ ആരംഭിക്കുമ്പോൾത്തന്നെ കാര്യങ്ങൾ വ്യത്യാസപ്പെട്ടു. യേശു തന്റെ ശിഷ്യന്മാരെ അയച്ചപ്പോൾത്തന്നെ അവരെ ഈരണ്ടീരണ്ടായി അയച്ചു. (ലൂക്കോ. 10:1). ഏകാന്തപഥികരായ പ്രവാചകന്മാരുടെ ഒറ്റയാൾ ശുശ്രൂഷയ്ക്ക് അവസാനമായി. പുതിയ ഉടമ്പടിയിൽ അത് ഒരു ശരീരത്തിന്റെ ശുശ്രൂഷയായിത്തീരുകയായിരുന്നു. കർത്താവിന്റെ സാന്നിദ്ധ്യത്തിനായി ഏറ്റവും കുറഞ്ഞത് രണ്ടുപേരെങ്കിലും ഒരു മനസ്സായി ഐകമത്യപ്പെടണമെന്നായി (മത്താ. 18.20). പ്രാർത്ഥനകൾക്കു ഉത്തരം ലഭിക്കാൻവേണ്ടി രണ്ടുപേരെങ്കിലും ഐകമത്യപ്പെട്ടു പ്രാർത്ഥിക്കണമെന്നും വന്നു (മത്താ.18:19).

ഇന്ന് ഒറ്റയാൾ ശുശ്രൂഷയിലേക്കു നാം മടങ്ങിപ്പോകുന്ന പക്ഷം പെന്തക്കോസ്തുനാളോടെ നീങ്ങിപ്പോയ പഴയ ഉടമ്പടിയുടെ കാലഘട്ടത്തിലേക്കു നാം മടങ്ങിപ്പോവുകയായിരിക്കും ചെയ്യുക. അതു ആരോഗ്യത്തിന്റെയും സമ്പത്തിന്റെയും സമൃദ്ധിയുടെമാത്രം വാഗ്ദാനങ്ങളിലേക്കുള്ള ഒരു മടങ്ങിപ്പോക്കായിരിക്കും. പഴയ ഉടമ്പടിയുടെ വാഗ്ദാനം അതു തന്നെയായിരുന്നല്ലോ. (ആവ. 28). സമൃദ്ധിയുടെയും സുവിശേഷം ഒരു പഴയ ഉടമ്പടിയുടെ വാഗ്ദാനമെന്നു കണ്ടെത്തിയ പലരും ഒറ്റയാൾ ശുശ്രൂഷയും അതിന്റെ ഭാഗമാണെന്ന കാര്യം അംഗീകരിക്കാൻ തയ്യാറായിട്ടില്ല എന്ന വസ്തുത ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. ഇന്ന് ഒന്നിലധികം മൂപ്പന്മാരാൽ നയിക്കപ്പെടുന്ന ശരീരത്തിന്റെ ശുശ്രൂഷയുടെ കാലഘട്ടമാണ്. അതായിരുന്നു അപ്പൊസ്തലന്മാരുടെ ഉപദേശവും നടപ്പും (അ. പ്ര. 14:23; തീത്തൊ.1:5).

യേശുവിന്റെ 12 ശിഷ്യന്മാർക്കും ഈ മാതൃക അനുകരിക്കുന്നതിൽ ആരംഭത്തിൽ ബുദ്ധിമുട്ടുകളുണ്ടായി. അവർ കർത്താവിനെ അനുസരിച്ച് ഈരണ്ടീരണ്ടായി പുറപ്പെട്ടു. പക്ഷേ തിരുവത്താഴത്തിന്റെ സമയത്തും യേശുവിനുശേഷം ആരായിരിക്കും നേതാവ് എന്നതായിരുന്നു തർക്കം. ആരായിരിക്കും അത്? യോഹന്നാനോ, പത്രോസോ? അതോ മത്തായിയോ? ഒരു ശരീരത്തിന്റെ ശുശ്രൂഷ എന്ന കാര്യം അവരുടെ ഹൃദയത്തിലേക്കു കടന്നിട്ടില്ലായിരുന്നു. എന്നാൽ പെന്തക്കോസ്ത് നാളിൽ പരിശുദ്ധാത്മാവു വന്നതോടെ അവർക്കെല്ലാം വ്യക്തമായി. അതോടെ പത്രോസും യോഹന്നാനും ഒന്നിച്ചുനിന്നു പ്രവർത്തിക്കുന്നതു നമുക്കു കാണുവാൻ കഴിയും (അ.പ്ര. 3:1). അവർ രണ്ടുപേരും സ്വഭാവത്തിലും പെരുമാറ്റത്തിലും കടകവിരുദ്ധ വ്യക്തിത്വമുള്ളവരായിരുന്നു. പത്രോസ് ബഹിർമുഖനും യോഹന്നാൻ അന്തർമുഖനും ആയിരുന്നു. ദൈവം അവരെ ഒരുമിച്ചു





കൊണ്ടുവന്നു. ഒന്നാക്കി.

**സത്യവും കൃപയും**

ഇതുതന്നെ നമുക്ക് സഭയുടെ ആദ്യ മിഷനറി പ്രവർത്തനങ്ങളിലും കാണുവാൻ കഴിയും. പരിശുദ്ധാത്മാവ് ബർന്നബാസിനെയും പൗലൊസിനെയും തന്റെ വേലയ്ക്കായി വിളിച്ചിറക്കി (അ.പ്ര. 13:1-4). ശൗൽ കടുത്ത തീവ്രവാദിയും യാതൊരു ഒത്തുതീർപ്പില്ലാത്തവനും ഒത്തുതീർപ്പുകാരെ വച്ചുപൊറുപ്പിക്കാത്തവനും ആയിരുന്നു. ബർന്നബാസ് നേരെ എതിർസ്വഭാവക്കാരനായിരുന്നു. അവന്റെ യഥാർത്ഥ പേര് ജോസഫ് എന്നായിരുന്നു. അപ്പൊസ്തലന്മാർ അവന്റെ പേര് പ്രബോധനപുത്രൻ (ഉത്സാഹിപ്പിക്കുന്നവൻ) എന്നർത്ഥം വരുന്ന ബർന്നബാസ് എന്നു മാറ്റുകയായിരുന്നു (അ.പ്ര. 4:36). മറ്റുള്ളവരെ ഉത്സാഹിപ്പിക്കുന്നതിൽ ഉള്ള താത്പര്യം കണ്ടതിനാൽ അത്രയധികം ഉത്സാഹിപ്പിക്കുന്നവൻ എന്നു പേരു മാറ്റുവാൻ അപ്പൊസ്തലന്മാരെ പ്രേരിപ്പിച്ചു. അവൻ പൗലൊസിന്റെ കടകവിരുദ്ധസ്വഭാവമുള്ളവനായിരുന്നു എങ്കിലും പൗലൊസിനെ സന്തുലിതമായി കാര്യങ്ങളെ കാണുവാൻ സഹായിച്ചു. പുതിയ ഉടമ്പടിയിൽ ശുശ്രൂഷകൾ നിവർത്തിക്കപ്പെടുന്നത് ഇങ്ങനെയാണ്. ദൈവത്തിന്റെ തേജസ്സ് ക്രിസ്തുവിന്റെ ആദ്യ ശരീരത്തിലാണ് (യേശുക്രിസ്തുവിൽ) ആദ്യമായി വെളിപ്പെട്ടത് - കൃപയും സത്യവും നിറഞ്ഞ്. (യോഹ. 1:14). ഒരു സമ്പൂർണ്ണ സന്തുലിതാവസ്ഥയായിരുന്നു അവിടെ. ചരിത്രത്തിൽ പൂർണ്ണസന്തുലനം വെളിപ്പെടുത്തുവാൻ കഴിഞ്ഞ ഒരേ ഒരു വ്യക്തി യേശു മാത്രമായിരുന്നു. എല്ലാ ക്രിസ്ത്യാനികളും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ അസന്തുലിതരാണ്. ബർന്നബാസിന്റെ ശക്തി കൃപകാണിക്കുന്നതിലായിരുന്നു. പൗലൊസിന്റെ ശക്തി സത്യത്തിലും. അങ്ങനെ അവർ പരസ്പരം ചേർന്നുള്ള ശുശ്രൂഷ അനിവാര്യമായിരുന്നു.

പഴയ നിയമ കാലത്തിലെപ്പോലെ പൗലൊസ് തനിയെ ഉള്ള ശുശ്രൂഷ ആയിരുന്നെങ്കിൽ - സത്യം മാത്രം. ഇടത്തും വലത്തും മദ്ധ്യത്തിലും സത്യം മാത്രം - സഭയിൽ ആരും മിച്ചം കാണുകയില്ല. കാരണം സത്യം മാത്രം സംസാരിക്കുന്നതു നിറയൊഴിക്കുന്നതുപോലുള്ള അനുഭവമാണ്. ആളുകൾ കുത്തുകൊണ്ടവരായി ഉത്സാഹം നഷ്ടപ്പെട്ട് കുറ്റബോധത്തിനടിമപ്പെട്ട് സഭവിട്ടു പോകും. ചിലപ്പോൾ രണ്ടോ മൂന്നോ പേർ തങ്ങിയെന്നു വരാം. അതേ സമയം ബർന്നബാസ് തന്റെ കൃപയുടെ വചനവുമായി തനിയെ ശുശ്രൂഷ ചെയ്യുന്നു എന്നു വയ്ക്കുക. എന്നും ഉത്സാഹത്തിന്റെ വാക്കുകൾ. സഭയിൽ ആളുകൾ വർദ്ധിച്ചുവരും. ഒത്തുതീർപ്പുകാരെക്കൊണ്ടു സഭ നിറയും. വലിയ സഭയും കൂട്ടവുമാകും. എന്നാൽ പൗലൊസും ബർന്നബാസും ചേർന്നു പ്രവർത്തിക്കുമ്പോൾ അവിടെ കാര്യങ്ങൾ സന്തുലിതമാകും. അതുകൊണ്ടാണ് പരിശുദ്ധാത്മാവ് അവരെ തമ്മിൽ ചേർത്തത്. അതുകൊണ്ടുതന്നെ അവരെ തമ്മിൽ തെറ്റിക്കുവാൻ സാത്താൻ അധികം ശ്രമിച്ചു.

അവരെ ഭിന്നിപ്പിക്കുന്നതിൽ സാത്താൻ വിജയിച്ചു. അങ്ങനെ പൗലൊസ് ശീലാസിനെയും കൂട്ടി പുറപ്പെട്ടു. പിൽക്കാലത്ത് ദൈവം തീമൊഥെയോസിനെ പൗലൊസിനു നൽകി. തീമൊഥെയോസ് ബർന്നബാസിനെപ്പോലെ മിതവാദിയും സൗമ്യനും ആയിരുന്നു. എന്റെ സ്വന്തം ജീവിതത്തിലും ദൈവം എനിക്കു സന്തുലിതമായ കാഴ്ചപ്പാടു ലഭിപ്പാൻ തക്കവണ്ണം സഹപ്രവർത്തകരെ തന്നു. 50 വർഷത്തിനുശേഷവും ഞാൻ എത്രമാത്രം അസന്തുലിതമായ ചിന്തകളുള്ള വ്യക്തിയാണെന്നു സ്വയം മനസ്സിലാക്കുന്നു.

(തുടരും)

മൊഴിമാറ്റം: **ബോബി ചെറിയാൻ**

❖

# കാതറിനും വില്യംബൂത്തും...

16-ാം പേജിൽ നിന്നു തുടർച്ച

ഞ്ഞിരുന്നത് ഒട്ടും അതിശയോക്തിയല്ല. കുളിക്കുകപോലും ചെയ്യാത്തവനെ ആദ്യം കുളിപ്പിച്ച് വൃത്തിയുള്ളവനാക്കി, ഭക്ഷണവും മറ്റും കൊടുത്തു തൃപ്തി വരുത്തിയതിനുശേഷം ക്രിസ്തുവിനെ പരിചയപ്പെടുത്തുകയും ചെയ്യുക എന്നതിന് വലിയ ഊന്നലാണ് നൽകിയിരുന്നത്. ഈ മനോഭാവത്തിൽ നിന്നാണ് ഇന്നോളം പറഞ്ഞുപോലും കേട്ടിട്ടില്ലാത്ത മനുഷ്യസ്നേഹ സംരഭങ്ങളുണ്ടായത്. വീടില്ലാതെ തെരുവിൽ ഉറങ്ങാൻ നിർബ്ബന്ധിതരായവർക്കുള്ള പാർപ്പിടങ്ങൾ, ന്യായവില ഷോപ്പുകൾ, നിസ്സാര വിലയ്ക്ക് ഭക്ഷണം ലഭിക്കുന്ന ഹോട്ടലുകൾ, പാവപ്പെട്ടവരെ സാമ്പത്തികമായി സഹായിക്കുന്ന 'പെനി ബാങ്കുകൾ', രോഗികൾക്കും വൃദ്ധരായവർക്കുമുള്ള പുനരധിവാസ കേന്ദ്രങ്ങൾ തുടങ്ങി എന്തെല്ലാം! ഇതെല്ലാം വിശ്വാസികൾക്ക് മാത്രമുള്ളതായിരുന്നില്ല എന്നോർക്കണം.

ഓരോ സാമൂഹിക ഇടപെടലിനും പ്രേരണയായത് ക്രിസ്തുവിശ്വാസികൾ തങ്ങളുടെ സഹജീവികളോട് കാട്ടാൻ മറന്നു പോയ എന്നാൽ ചെയ്യാൻ സാധിക്കുമായിരുന്ന കരുണയായിരുന്നു. പലപ്പോഴും 'സൈന്യ'ത്തിന്റെ ഇത്തരം പ്രവർത്തനങ്ങൾ കണ്ട് സർക്കാർ തന്നെ ഇതുപോലുള്ള സ്ഥാപനങ്ങൾ നടത്താൻ നിർബന്ധിതമായിത്തീർന്നു എന്നതും ചരിത്രം. 1887ലെ മഞ്ഞുകാലത്തെ ഒരു സന്ധ്യയിൽ കെന്റ് എന്ന സ്ഥലത്തെ സഭാഹോൾ ഉദ്ഘാടനത്തിനും ആരാധനയ്ക്കും ശേഷം ബൂത്ത് വീട്ടിലേക്ക് പുറപ്പെട്ടപ്പോൾ ഏതാണ്ട് പാതിരാവായി. തന്റെ കുതിരവണ്ടി തേംസ് നദിയുടെ കുറുകെയുള്ള ലണ്ടൻ ബ്രിഡ്ജ് കടന്നപ്പോഴാണ് പരിതാപകരമായ ആ കാഴ്ച അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടത്. സ്വന്തമായി വീടില്ലാത്ത നൂറുകണക്കിനാളുകൾ കീറിയ തുണിയോ പത്രക്കടലാസോ ദേഹത്തിട്ടു പാലത്തിനടിയിൽ ചുരുണ്ടുകൂടി കിടക്കുന്നു. വണ്ടിയിൽ നിന്നിറങ്ങി നടന്നു കണ്ട കാര്യങ്ങൾ അദ്ദേഹത്തെ രോഷാകുലനാക്കി എന്നുതന്നെ പറയാം. പിറ്റേന്ന് രാവിലെ മകൻ ബ്രാംവെലിനെ തന്റെ മുറിയിലേക്ക് വിളിപ്പിച്ചിട്ട് ചോദിച്ചു: 'രാത്രികാലങ്ങളിൽ പാലത്തിൽ ആളുകൾ കിടന്നുറങ്ങാറുണ്ടെന്ന് നിനക്കറിയാമായിരുന്നോ?' 'ഇതിലെന്തിരിക്കുന്നു അത്ഭുതപ്പെടാൻ, എത്രയോ കാലമായി അങ്ങനെയാണല്ലോ' എന്ന മട്ടിൽ മകൻ പ്രതികരിച്ചപ്പോൾ 'അവർക്കുവേണ്ടി ഒന്നും ചെയ്യാത്തതിന് നിനക്ക് ലജ്ജ തോന്നുന്നില്ലേ' എന്ന് അപ്പൻ തിരിച്ചു ചോദിച്ചു. 'നാട്ടിൽ നടക്കുന്ന എല്ലാ തിന്മകളും പരിഹരിക്കുവാൻ സാൽവേഷൻ ആർമിക്കാകുമോ?' എന്ന് മറുപടി പറഞ്ഞ മകനെ തന്റെ കൈയുടെ ഒരു ആംഗ്യം കൊണ്ട് നിശ്ശബ്ദനാക്കി രക്ഷാസൈന്യത്തിന്റെ ഭാവിചരിത്രം എക്കാലത്തേക്കുമായി മാറ്റിമറിച്ച് ആജ്ഞ പുറത്തുവന്നു: 'ഇപ്പോൾ തന്നെ പുറപ്പെട്ട് അവർക്ക് വേണ്ടി ചെയ്യേണ്ടതെന്തോ അതു ചെയ്യുക. ഏതെങ്കിലും പാണ്ടികശാല വാടകയ്ക്കെടുത്തു ചൂടുപിടിപ്പിക്കുവാൻ തുടങ്ങുക. കുറെ കമ്പിളിപ്പുതപ്പുകളും വേണ്ടിവരും. എല്ലാം പാകത്തിനു മതി ബ്രാംവെൽ.' നമ്മുടെ നാട്ടിൽ കടത്തിണ്ണയിലും മറ്റും ഉറങ്ങുന്നതുപോലെ അല്ല ശീതകാലത്ത് ഇംഗ്ലണ്ടിൽ എന്ന് ഓർക്കണം. വെള്ളം ഐസായി മാറുന്ന തണുപ്പിൽ ചൂടുപിടിപ്പിച്ച മുറിയും പ്രത്യേക വസ്ത്രങ്ങളും ഇല്ലെങ്കിൽ മരണം തന്നെ സംഭവിക്കാം എന്നതിൽനിന്നും ബൂത്തിന്റെ ഇടപെടലിന്റെ പ്രസക്തി മനസ്സിലാക്കാം.

പറഞ്ഞതു പ്രാവർത്തികമാക്കുവാൻ തുടങ്ങിയപ്പോഴാണ് ഒരു കാര്യം പിടികിട്ടിയത്. എകദേശം മുപ്പതു ലക്ഷം പേർ ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരാണ്. ഭക്ഷണവും ഇല്ല, പാർപ്പിടവും ഇല്ല, സ്ഥിരമായ തൊഴിലുമില്ല. ആ സമയത്താണ്





'വണ്ടിക്കുതിരയുടെ അവകാശപത്രിക' എന്ന വിഖ്യാത പ്രസ്താവനയുമായി ബൂത്ത് രംഗത്ത് വന്നത്. ലണ്ടനിലെ വണ്ടി വലിക്കുന്ന കുതിരകൾക്കു (അന്ന് കാറുകൾ കണ്ടു പിടിച്ചിട്ടില്ല എന്ന് ഓർക്കണം) തീറ്റയ്ക്കും താമസത്തിനും നൽകിയ സൗകര്യമെങ്കിലും ഈ പാവപ്പെട്ട മനുഷ്യർക്ക് നൽകണ്ടതല്ലേ എന്നായിരുന്നു അതിന്റെ ചുരുക്കം. സമൂഹത്തെ ആകെ പിടിച്ചു കുലുക്കിയ ഒരു നവീന ചിന്തയായിരുന്നു അത്. ബ്രാംവെൽ അന്ന് വാടകയ്ക്കെടുത്ത ഗോഡൗണിൽനിന്ന് തുടങ്ങിയത് ഒരു വിപ്ലവമായിരുന്നു. തുടർന്ന് 1888ൽ ആർമിയുടെ ആദ്യത്തെ കുറഞ്ഞ വിലയ്ക്ക് ഭക്ഷണം നല്കുന്ന ഡിപ്പോ വന്നു. നിസ്സാര വിലയ്ക്ക് തോർത്തും സോപ്പും കുളിമുറി സൗകര്യങ്ങളും മറ്റും നൽകിത്തുടങ്ങി. അങ്ങനെ ചൂടുപിടിപ്പിച്ച ഡോർമിറ്ററിയും ഭക്ഷണവും ചുരുങ്ങിയ വിലയ്ക്ക് നഗരത്തിലെ വിവിധ കേന്ദ്രങ്ങളിൽ ആർക്കും ലഭിക്കുമെന്നായി. ഇന്നും തുടർന്നുപോരുന്ന ഒരു വലിയ ജീവകാരുണ്യപ്രവർത്തനം ആണിത്.

ആയിടയ്ക്കാണ് സമൂഹത്തിലെ മറ്റൊരു ക്രൂരതയ്ക്കെതിരെ ബൂത്ത് തിരിഞ്ഞത്. ഗ്രാമപ്രദേശങ്ങളിലുള്ള പാവപ്പെട്ട പെൺകുട്ടികളെ വീട്ടുജോലിക്കെന്നു പറഞ്ഞ് പ്രലോഭിപ്പിച്ച് ലണ്ടനിൽ എത്തിച്ച് മയക്കുമരുന്നും മറ്റും കുത്തിവെച്ച് വേശ്യാവൃത്തിയിൽ ആക്കുന്ന ഒരു റാക്കറ്റ് പ്രവർത്തിച്ചിരുന്നു. അവരുടെ പിടിയിൽനിന്നും രക്ഷപെടാനാവാത്ത വിധം ബന്ധനാവസ്ഥയിൽ ജീവിതം തള്ളിനീക്കിയിരുന്ന എൺപതിനായിരത്തിലധികം പെൺകുട്ടികൾക്കു വേണ്ടി ശബ്ദമുയർത്തുവാൻ ആർമിക്കു കഴിഞ്ഞു.

സാൽവേഷൻ ആർമിയുടെ യശസ്സ് ഏറ്റവും ഉയർന്ന അവസരങ്ങളിലൊന്നായിരുന്നു അത്. 'വീണുപോയ പെൺകുട്ടികളുടെ പുനരധിവാസത്തിന്' എന്നു പറഞ്ഞ് ഒരഭ്യുദയകാംക്ഷി രണ്ടായിരം പവൻ കാതറിൻ ബൂത്തിന്റെ കൈകളിൽ വച്ചു കൊടുത്തു. അഞ്ചുവർഷത്തിനകം ഇംഗ്ലണ്ടിൽ മാത്രം ഇത്തരം മൂന്നൂറ് പെൺകുട്ടികളെ പാർപ്പിക്കുന്ന 13 ഭവനങ്ങളുണ്ടായി. ഇന്ന് ഇതുപോലുള്ള 119 ഭവനങ്ങൾ ലോകമെമ്പാടുമായുണ്ട്.

വലുതായിക്കൊണ്ടിരുന്ന പ്രസ്ഥാനകാര്യങ്ങളും മറ്റു പല പ്രശ്നങ്ങളും ഏറിക്കൊണ്ടേയിരുന്നു. വയറിലെ വേദന വില്യമിനെ വിടാതെ പിടികൂടിയതും ഇക്കാലത്താണ്. സഹപ്രവർത്തകർ അദ്ദേഹത്തെ ചിലപ്പോൾ അസ്വസ്ഥനായും പെട്ടെന്ന് ദേഷ്യം വരുന്നവനുമായൊക്കെ കാണാൻ തുടങ്ങി. എല്ലാറ്റിന്റേയും നടുവിലും ആശ്വാസമായിരുന്നത് കാതറിൻ തന്നെയായിരുന്നു. രാത്രി വിഷമിച്ച്, തളർന്ന് വീട്ടിലെത്തുമ്പോൾ കാതറിന്റെ കൈപിടിച്ചുകൊണ്ട് അദ്ദേഹം പറയും: 'കേറ്റ്, ഞാൻ നിന്നോടൊത്ത് പ്രാർത്ഥിക്കട്ടെ' അല്പം കഴിഞ്ഞ് മുട്ടിൻമേൽ നിന്ന് രണ്ടുപേരും എഴുന്നേൽക്കുന്നത് വർദ്ധിതവീര്യത്തോടെയായിരിക്കും. തിരിക്കുപിടിച്ച ഭവനത്തിൽ ഭാര്യയ്ക്കും ഭർത്താവിനും സ്വകാര്യമായി ഇരിക്കാൻ അവസരമുണ്ടായില്ല. വീട് തന്നെയായിരുന്നല്ലോ ഓഫീസും. കുഞ്ഞുങ്ങളെ വില്യം അധികമായി സ്നേഹിച്ചിരുന്നുവെങ്കിലും വർദ്ധിച്ചുവന്ന ജോലിഭാരവും, അലച്ചിലും, മാനസിക വ്യഥയും, ശാരീരിക ക്ലേശവുമൊക്കെ ചേർന്ന് ഒരു പിതാവിന്റെ സ്നേഹം ശരിയായ രീതിയിൽ പ്രകടിപ്പിക്കാൻ സാധിച്ചിരുന്നില്ല എന്നത് സത്യമായിരുന്നു. അദ്ദേഹത്തിന്റെ ചുംബനങ്ങൾ കുഞ്ഞുങ്ങളുടെ ചുണ്ടുകളിലായിരുന്നില്ല, അവർക്കെഴുതിയ കത്തുകളിലായിരുന്നു കൂടുതൽ കണ്ടിരുന്നതെന്ന് ഒരു ജീവചരിത്രകാരൻ എഴുതി. വൃത്തിയും സമയനിഷ്ഠയും അദ്ദേഹത്തിന് ഹരമായിരുന്നു. മക്കളാരെങ്കിലും അത് തെറ്റിച്ചാൽ ബെൽറ്റ് കൊണ്ട് അടി തീർച്ച. സാൽവേഷൻ ആർമിയുടെ ജനറൽ ആകുന്നതിന് എത്രയോ മുമ്പേ സ്വന്തം ഭവനത്തിൽ അദ്ദേഹം അങ്ങനെയായിരുന്നു. ❖ (തുടരും)

അനുഭവം

# ഓരോ ചുവടിലും അനുസരണം

## അദ്ധ്യായം-36

കഥ ഇതുവരെ

*വെയിൽസിലെ ക്രിസ്തീയകുടുംബത്തിൽ ജനിച്ചുവളർന്ന റീസ് ഹൊവൽസ് പൂർണമായി തന്നെത്തന്നെ പരിശുദ്ധാത്മാവിനായി നൽകി. റീസിനെ പരിശുദ്ധാത്മാവ് അസാധാരണമായ ശുശ്രൂഷകളിലേക്ക് നയിച്ചു. തന്റെ നാട്ടിലും അയൽഗ്രാമത്തിലും ഉള്ള പലർക്കുവേണ്ടി റീസ് മധ്യസ്ഥത ചെയ്തു. അവരെയെല്ലാം ദൈവം വിടുവിച്ചു. എന്നാൽ അയൽ ഗ്രാമത്തിലെ ക്ഷയരോഗിണിയായ സഹോദരിക്കുവേണ്ടി ദൈവഹിതപ്രകാരം റീസ് മധ്യസ്ഥത ചെയ്തെങ്കിലും ഒടുവിൽ അവർ മഹത്വത്തിലേക്കു പ്രവേശിച്ചു. ലണ്ടനിലെ ഗോസറ്റിന്റെ മകന്റെ മാനസാന്തരത്തിനുവേണ്ടി നാസീർവ്രതസ്ഥനെപ്പോലെ പ്രാർത്ഥിച്ചു.ഒടുവിൽ മറുപടി കിട്ടി. റീസ് കൽക്കരിഖനി വിട്ടു.സ്നേഹിതൻ ജോയ്ക്കുവേണ്ടി മധ്യസ്ഥത ചെയ്തു. അദ്ഭുതസൗഖ്യം ലഭിച്ചു. വിവാഹിതനായി. ആഫ്രിക്കയ്ക്കു പോകാൻ അവർ സമർപ്പിച്ചു. ആഫ്രിക്കയിൽ വലിയ ഉണർവിന് അവർ കാരണമായി. മടങ്ങിയെത്തിയ റീസ് ദമ്പതികളെ ആത്മീയപരിശീലനകേന്ദ്രങ്ങൾ ആരംഭിക്കാൻ ദൈവം നിയോഗിച്ചു. അവർ ഒരു കോളജ് ആരംഭിച്ചു. അവിടെ പല കാര്യങ്ങൾക്കുവേണ്ടിയും മധ്യസ്ഥപ്രാർത്ഥന നടത്തുമായിരുന്നു.അതിനൊക്കെ അദ്ഭുതകരമായ നിലയിൽ മറുപടി ലഭിച്ചു. ലോകമെങ്ങും ചിതറിക്കിടക്കുന്ന യെഹൂദന്മാർ ഒന്നുചേർന്ന് യിസ്രായേൽ രാഷ്ട്രം രൂപീകരിക്കാൻ സാഹചര്യം ഉണ്ടാകാനായി റീസും കൂട്ടരും പ്രാർത്ഥന ആരംഭിച്ചു. യെഹൂദരായ അഭയാർത്ഥിക്കുട്ടികൾക്ക് ഒരു താവളം വെയിൽസിൽ സ്ഥാപിക്കാനും റീസിനെ ദൈവം പ്രേരിപ്പിച്ചു. പ്രാർത്ഥനയ്ക്കു മറുപടിയായി യെഹൂദരുടെ രാജ്യം പിറന്നു- യിസ്രായേൽ. രണ്ടാം ലോകമഹായുദ്ധത്തിൽ ജർമനിയുടെയും കൂട്ടരുടെയും പരാജയത്തിനുവേണ്ടി മഹായുദ്ധത്തിന്റെ വർഷങ്ങളിൽ ഉടനീളം കോളേജിലെ പ്രാർത്ഥനാ സംഘം പ്രാർത്ഥനയിൽ പോരാടി..... തുടർന്നു വായിക്കുക.*

## ബ്രിട്ടനുവേണ്ടിയുള്ള 'യുദ്ധം'

ബ്രിട്ടനെതിരെ വ്യോമയുദ്ധം രൂക്ഷമായപ്പോൾ റീസ്ഹൊവൽസും കൂട്ടരും മറ്റൊരു പ്രാർത്ഥനായജ്ഞത്തിനു കോളജിൽ തുടക്കം കുറിച്ചു. രണ്ടാം ലോകമഹായുദ്ധത്തിന്റെ ഗതി തിരിച്ചുവിടാൻ ഈ പ്രാർത്ഥനകൾ കുറച്ചൊന്നുമല്ല സഹായിച്ചത്! ബ്രിട്ടൻ നാത്സികളുടെ പിടിയിൽ അമരാതിരിക്കാൻ കൃത്യമായ ദിശാബോധത്തോടെയായിരുന്നു ഈ പ്രാർത്ഥനായജ്ഞം.

പ്രാർത്ഥനയുടെ ഓരോ ഘട്ടത്തിലും എല്ലാം ദൈവസന്നിധിയിൽ കൊണ്ടുവന്നു.





മനോഭാവങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തിക്കൊണ്ടിരുന്നു. വിശ്വാസത്തോടെ, കൃത്യമായ മറുപടിക്കുവേണ്ടിയുള്ളതായിരുന്നു ഈ പ്രാർത്ഥന. വെറുതെ പ്രാർത്ഥിക്കുകയും എന്നിട്ടു മറുപടിവരും എന്നൊരു ശുഭപ്രതീക്ഷ പുലർത്തുകയും ചെയ്യുന്നതായിരുന്നില്ല ബ്രിട്ടനുവേണ്ടി നാത്സികൾക്കെതിരെ റീസും കൂട്ടരും പ്രാർത്ഥനയിൽ നടത്തിയ പോരാട്ടം. പ്രാർത്ഥനാ മീറ്റിംഗുകളിൽ റീസ് നടത്തിയ പ്രസംഗങ്ങൾ, ആഹ്വാനങ്ങൾ എന്നിവ ഓരോ ദിവസത്തെയും തീയതിവച്ച് കോളജിലെ ഡയറിയിൽ രേഖപ്പെടുത്തിയിരിക്കുന്നതു പരിശോധിച്ചാൽ ആ ദിവസങ്ങളിൽ നടന്നതിന്റെ ഒരു വ്യക്തമായ ചിത്രം നമുക്കു ലഭിക്കും. ഡയറിക്കുറിപ്പുകളിലൂടെ:

**1940 സെപ്റ്റംബർ രണ്ട്:**

റീസ് ഹൊവൽസ് ഇങ്ങനെ പറഞ്ഞു: "ശത്രുവിന്റെ വിമാനങ്ങൾ വട്ടമിട്ടു പറക്കുന്നു. ആളുകൾ ജീവരക്ഷയ്ക്കായി ഓടുന്നു. ഇതിന് ഒരറുതി വരുത്താൻ നമുക്കു കഴിയുകയില്ലേ? ഹിറ്റ്ലർ യെഹൂദാക്കുട്ടികളെ രാജ്യത്തുനിന്നു പുറത്താക്കിയപ്പോൾ നാം അവരെ രക്ഷിക്കാനായി രംഗത്തെത്തി. എങ്കിൽ ഈ മിഷനറിമാരുടെ കുട്ടികളെ, എപ്പോൾ ബോംബുവന്നുവീഴുമെന്ന പേടിയിൽനിന്നും നമുക്കു രക്ഷിക്കാനാവില്ലേ? ഇന്നു രാത്രി ബോംബർ വിമാനങ്ങൾ വരുന്ന സൈറൺ കേൾക്കുമ്പോൾ നമ്മുടെ മിഷനറികുട്ടികളെ മുഴുവൻ ഷെൽറ്ററിലേക്കുകൊണ്ടുവന്ന് അവരോടൊപ്പം ഞാനുമായിരിക്കാൻ ആഗ്രഹിക്കുന്നു. മറ്റു ലോക മനുഷ്യർ പേടിക്കുന്നതു കണ്ടിട്ട് നമ്മൾ പേടിക്കുന്നത് എന്തിന്? ഈ കോളെജും സ്ഥാവരജംഗമവസ്തുക്കളും എല്ലാം ലഭ്യമാക്കാൻ ഞാൻ ദൈവത്തിൽ വിശ്വസിച്ചെങ്കിൽ, ഇപ്പോൾ ഈ കുഞ്ഞുങ്ങൾക്ക് ബോംബാക്രമണത്തിൽനിന്നു രക്ഷ ലഭിക്കാൻ ഞാൻ ദൈവത്തെ വിശ്വസിക്കാൻ പോകുകയാണ്. ഇതായിരിക്കണം നിങ്ങളുടെയും വിശ്വാസത്തിന്റെ മൂലക്കല്ല്. ഈ വിമാന റെയ്ഡുകൾ രാജ്യത്തെ വിറപ്പിച്ചുകൊണ്ട് ഒരു പക്ഷേ മാസങ്ങൾ നീണ്ടുനിന്നേക്കാം. എന്നാൽ ഈ മിഷനറിമാരുടെ കുഞ്ഞുങ്ങൾക്ക് ഒരാപത്തനർത്ഥവും വരാതെ ദൈവം ഈ ഭീകരമായ ബോംബാക്രമണത്തിന്റെ മധ്യത്തിൽ നമ്മെ സൂക്ഷിക്കുമെന്നു വിശ്വസിക്കുക.

ഇക്കാര്യത്തിലെല്ലാം ഞാനേറ്റവും കൂടുതൽ പേടിക്കുന്നതു നമുക്കു ദൈവഹിതം നഷ്ടപ്പെടുമോ എന്നതാണ്. ഒട്ടേറെ ആളുകൾ പരിണതഫലങ്ങളെ പേടിക്കുന്നവരാണ്. ഇക്കാര്യത്തിൽ ദൈവം പറയുന്ന കാര്യത്തെക്കുറിച്ചു നമുക്കു വ്യക്തതയുണ്ടായിരിക്കണം. അവിടുന്നു പറയുന്നത് ഇതാണ്: "പരിണതഫലത്തെയാണു താങ്കൾ പേടിക്കുന്നതെങ്കിൽ, സംരക്ഷണത്തിനായി എന്റെ അടുക്കൽ വരരുത്." ദൈവത്തിനായി ഒരു പ്രവൃത്തി ചെയ്യാനുള്ളതിന്റെ അടിസ്ഥാനത്തിൽ അവിടത്തെ സംരക്ഷണത്തിനായി ആഗ്രഹിക്കുന്നതും പരിണതഫലത്തെക്കുറിച്ചുള്ള സ്വാർത്ഥപരമായ പേടിയിൽ ദൈവിക സംരക്ഷണത്തിനായി ആഗ്രഹിക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്."

മിഷനറിമാരുടെ കുഞ്ഞുങ്ങളെ ഷെൽറ്ററിൽ ആക്കുന്നതിനെക്കുറിച്ചും അവരോടൊപ്പം ആയിരിക്കുന്നതിനെക്കുറിച്ച് റീസ് പറഞ്ഞതിനെക്കുറിച്ച് ഇവിടെ ഒരു വിശദീകരണം ആവശ്യമാണ്. കോളെജിൽ ഏകദേശം മുന്നൂറോളം കുട്ടികൾ 'ഡേസ്കോളേഴ്സാ'ണ്. ഇവർക്ക് ബോംബാക്രമണത്തിൽനിന്നു രക്ഷ നൽകാൻ നിയമപ്രകാരം കോളേജിൽ 'ഷെൽറ്റർ' ഉണ്ടായിരിക്കണം. ഈ 'ഷെൽറ്ററി'നെക്കുറിച്ചാണു റീസ് പരാമർശിച്ചത്. എന്നാൽ ഹോസ്റ്റലിലുള്ള മിഷനറിമാരുടെ കുട്ടികളും കോളെജ് അദ്ധ്യാപകരുമടങ്ങുന്ന അറുപതോളം പേരാണു 'കോളെജ് കുടുംബ'ത്തിലുള്ളവർ. ഇവർക്ക് ഷെൽറ്ററാകട്ടെ, ഗ്യാസ് മാസ്കാകട്ടെ (വ്യക്തികൾക്ക് ആവശ്യമു

ണ്ടെങ്കിൽ അത് ഉപയോഗിക്കുന്നതിനു പൂർണ സ്വാതന്ത്ര്യമുണ്ടായിരുന്നു) നൽകേണ്ടെന്നു കർത്താവ് റീസിനോടു പറഞ്ഞിരുന്നു. റീസും കൂട്ടരും ഇതനുസരിച്ചു. എന്നാൽ ഈ വിശ്വാസത്തെ ദൈവം യുദ്ധകാലത്ത് ഉടനീളം മാനിച്ചു – ഒരു ബോംബുപോലും മിഷനറിമാരുടെ കുഞ്ഞുങ്ങളുടെ ഹോസ്റ്റലിനു സമീപമാകട്ടെ, കോളെജ് വളപ്പിനുള്ളിലാകട്ടെ വീണില്ല! ടൗണിൽ ഉടനീളം കനത്ത ബോംബിംഗ് തുടർച്ചയായി നടന്നപ്പോഴായിരുന്നു ഈ സംരക്ഷണമെന്ന് ഓർക്കുക.

ഡയറിക്കുറിപ്പുകളിലൂടെയുള്ള ഓട്ടപ്രദക്ഷിണം തുടരാം: സെപ്റ്റംബർ മൂന്ന് (രാത്രിയിലുടനീളം ശക്തമായ ബോംബിംഗ് ഉണ്ടായിരുന്നു):

പട്ടണത്തിൽ 20 ലക്ഷം പൗണ്ടെങ്കിലും വിലമതിക്കുന്ന കെട്ടിടവും സ്ഥലവും നാമാവശേഷമായി കിടക്കുന്നതു കാണാൻ ഇടയായി. "ഇതാണു പട്ടണത്തിൽ സംഭവിക്കുന്നതെങ്കിൽ പെൻലെർഗെയ്ർ എസ്റ്റേറ്റും കെട്ടിടങ്ങളും വാങ്ങിയതിന് എന്താണർത്ഥം? ദൈവരാജ്യസന്ദേശത്തിന്റ വ്യാപനത്തിനായി ഇത്തരം സ്വത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ദൈവത്തോടു മല്ലുപിടിച്ച് ഇത്തരം സ്ഥലം വാങ്ങുകയും ചെയ്യുന്നതിന് എന്തെങ്കിലും മൂല്യമുണ്ടോ," എന്നു ബോംബിംഗിൽ തകർന്നു കിടക്കുന്ന കെട്ടിടങ്ങളും സ്ഥലങ്ങളും കണ്ടശേഷം ഞാൻ എന്നോടുതന്നെ ചോദിച്ചു. ദൈവം സംരക്ഷിക്കുന്നില്ലെങ്കിൽ എല്ലാസ്ഥലവും ഒരുപോലെയാണ്. ഈ ചിന്തവന്നശേഷം ഞാൻ നമ്മുടെ പെൻലെർഗെയ്ർ എസ്റ്റേറ്റിനുവേണ്ടി തലേന്നു പ്രാർത്ഥിച്ചതുപോലെ പട്ടണത്തിനുവേണ്ടിയും പ്രാർത്ഥിക്കാൻ ഇടയായി."

സെപ്റ്റംബർ നാല്:

"രാജ്യത്തിനുനേരെയുള്ള വ്യോമാക്രണം കൂടുതൽ രൂക്ഷമാകുന്ന മട്ടാണ്. ഈ വഴിയിലൂടെ നമ്മൾ ഇതിനു മുൻപുപോയിട്ടില്ല. ഈ സാഹചര്യത്തിൽ ദൈവസാന്നിദ്ധ്യത്തെക്കുറിച്ചുള്ള ബോധ്യത്തിൽ ജീവിക്കുന്നതാണു സുപ്രധാനം. ഓരോ രാത്രിയിലും വൻതോതിൽ ബോംബാക്രമണവും ജീവനും സ്വത്തിനും നാശവും സംഭവിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങൾ ദൈവിക സംരക്ഷണത്തിനുകീഴിലാണെന്നു വിശ്വസിക്കാനാണു പ്രയാസം അനുഭവപ്പെടുക. ബോംബാക്രമണങ്ങളിൽ നിന്നു സുരക്ഷിതരാണെന്നു നിങ്ങൾക്കു പറയുവാൻ കഴിയുമോ! ദൈവം അങ്ങനെ നിങ്ങളോടു പറഞ്ഞുവോ! ദൈവവചനം, അതിനു പിന്നിലെ ശക്തി കയ്യാളാതെയാണോ നിങ്ങൾ ഉപയോഗിക്കുന്നത്. ഈ നരകത്തിൽ നിന്നു ദൈവം നമ്മെ വിടുവിക്കുമെങ്കിൽ, അതിനു ശക്തി പുറപ്പെടേണ്ടതുണ്ട്. നിങ്ങളുടെതന്നെ വിജയത്തെക്കുറിച്ചു യഥാർത്ഥത്തിൽ ബോധവാനല്ലെങ്കിൽ രാജ്യത്തിന്റെ വിടുതലിനുവേണ്ടി പ്രാർത്ഥിക്കുവാൻ നിങ്ങൾക്കു കഴിയുകയില്ല. നാം പിശാചിനെ വീണ്ടും വീണ്ടും ബന്ധിക്കേണ്ടതുണ്ട്. ഈ യുദ്ധത്തിൽ ദൈവത്തിന്റെ സമയം വരുമ്പോൾ നാം വീണ്ടും അതു ചെയ്യുമെന്നു എനിക്കുറപ്പുണ്ട്" – റീസിന്റെ പ്രസംഗത്തിൽനിന്ന്.

സെപ്റ്റംബർ ഏഴ്

"എത്രപേരാണ് വ്യോമാക്രമണവും ബോംബിംഗും മൂലം കഷ്ടത്തിലായിരിക്കുന്നത്! നരകത്തിൽനിന്നു വിടുവിക്കപ്പെട്ടതായി നിങ്ങൾക്കു വിശ്വസിക്കാമെങ്കിൽ എന്തുകൊണ്ട് വ്യോമാക്രണത്തിൽനിന്നും വിടുവിക്കപ്പെടുമെന്നും നിങ്ങൾക്കു വിശ്വസിച്ചുകൂടാ? ഇതിനു മധ്യത്തിൽ എനിക്കു ദിനംതോറും സന്തോഷമുണ്ട്. ഇന്നും ഞാൻ സന്തുഷ്ടനാണ് – കാരണം നമുക്കു ദൈവികമായ സുരക്ഷിതത്വം ഉണ്ട്. നാം യഥാർത്ഥത്തിൽ ദൈവത്തിൽ വിശ്വസിക്കണം. അതിൽനിന്ന് ഉയരുന്നതാകണം നമ്മുടെ സ്തുതികൾ. രക്ഷകൻ നമുക്കു തരുന്ന സമാധാനം കൃത്രിമമായ ഒന്നല്ല. അതു വളരെ ആഴത്തിലുള്ള ഒന്നാണ്.





പിശാചിനുപോലും അതിനെ അസ്വസ്ഥതപ്പെടുത്താനാവില്ല. നിങ്ങളിൽ അസ്വസ്ഥതയും ഭയവും ഉണ്ടെങ്കിൽ ആത്മാവിന്റെ കാര്യങ്ങൾ നിങ്ങൾക്കു കേൾക്കാൻ കഴിയുകയില്ല. ദൈവത്തിന്റെ സാന്നിധ്യത്തിൽ ഭയത്തിന്റെ നിഴലിനുപോലും സ്ഥാനമില്ല.

സെപ്റ്റംബർ എട്ട്. പ്രാർത്ഥനയ്ക്കായുള്ള ദേശീയ ദിനം

രാവിലെ ഒൻപതുമണി: "നമ്മുടെ രാജ്യത്തിന് മതത്തിന്റെ ഒരു ബാഹ്യവേഷം മാത്രമേയുള്ളു. ആന്തരികമായി നാം തണുത്തവരോ ചൂടുള്ളവരോ അല്ല-ലവോദിക്യാ സഭയെപോലെ. ദൈവം ഈ ദേശത്തെ മടക്കിക്കൊണ്ടുവരുമാറാകട്ടെ."

ഉച്ചയ്ക്കുള്ള യോഗത്തിൽ റീസ് പ്രസംഗിക്കാനാരംഭിച്ചപ്പോൾ ആകാശത്തിലൂടെ ഹൂങ്കാരശബ്ദത്തോടെ ശത്രുവിന്റെ ബോംബർ വിമാനങ്ങൾ പാഞ്ഞുപോയി. താഴെനിന്നു വിമാനവേധത്തോക്കുകൾ ഗർജ്ജിച്ചു. 'ബോംബാക്രമണം വരുന്നു ഷെൽറ്ററിൽ ഒളിക്കുക' എന്ന മുന്നറിയിപ്പായി സൈറൺ മുഴങ്ങി. പക്ഷേ ഒന്നും സംഭവിക്കാത്തതുപോലെ റീസ് തന്റെ സന്ദേശം തുടർന്നു. സദസ്സിലുണ്ടായിരുന്നവരെല്ലാം വീർപ്പടക്കി നിശ്ചലരായി ഇരുന്നു പോയി. ഈ സന്ദർഭം നിർണായകമായി. പ്രാർത്ഥന സംബന്ധിച്ച സംശയങ്ങളും കഴിഞ്ഞ ചില ദിവസങ്ങളിൽ നഗരത്തിനുനേരെ നടന്ന ബോംബാക്രമണങ്ങളുടെ ഭീകരത സൃഷ്ടിച്ച ചോദ്യങ്ങളും ആളുകളുടെ ഹൃദയത്തിലുണ്ടായിരുന്നത് ഈ നിമിഷം പ്രാർത്ഥനയ്ക്കും സ്തുതിക്കും വഴിമാറി. വലിയ വ്യക്തത ഉണ്ടായി. വിജയം സംബന്ധിച്ചു പൂർണ്ണ ഉറപ്പും ലഭിച്ചു. ഇതിന്റെ അലയൊലി റീസിന്റെ പ്രസംഗത്തിൽ ഇങ്ങനെ മുഴങ്ങി: "എത്ര വലിയ വിജയം! ആത്മാവിലായിരിക്കുന്നവർ ഇതു വിജയമായി കാണും– കാരണം കർത്താവു നമ്മെ വിശ്വസിക്കുന്നു. എത്ര സന്തോഷം! എത്ര സ്തുതി!! ആദ്യം നാം സ്വകാര്യ വിജയം നേടിയില്ലെങ്കിൽ ദൈവം നമുക്ക് യുദ്ധവിജയത്തിനുള്ള വിശ്വാസം തരാതെ വന്നേക്കാം." യോഗം തീർന്നതോടെ ആശങ്കകൾ ഒഴിഞ്ഞുപോയി. അവർ ഒന്നിച്ചു പാടി:

"മരണം തോറ്റു, ഹേ വിശ്വസ്താ,
സന്തോഷം ഘോഷിക്കൂ."

ഇതേ ദിവസം, ഉച്ചയ്ക്കുശേഷം നടന്ന യോഗത്തിലും റീസ് സംസാരിച്ചു: "ഇവിടെ ഇരിക്കുന്ന ഒരാളെപ്പോലും ശത്രുവിന്റെ ഒരു ബോംബിനും സ്പർശിക്കാൻ പോലും ആകുകയില്ലെന്നു വേണമെങ്കിൽ ഞാൻ എഴുതി അച്ചടിച്ചു തരാം. ഇനി ബോംബാക്രമണത്തിൽ നിന്നു നമ്മെയും മിഷനറിമാരുടെ കുഞ്ഞുങ്ങളെയും രക്ഷിക്കാനായി പ്രാർത്ഥിക്കേണ്ട. വിശ്വസിച്ചാൽ പിന്നെ പ്രാർത്ഥന അവസാനിപ്പിക്കാം. വിശ്വാസത്തിൽ ഇത്രയും വിജയം യുദ്ധകാലത്തു നാം മുൻപു നേടിയിട്ടില്ല. ഒരു യുദ്ധം തന്നെയില്ലെന്ന മട്ടിലാണു നാമിപ്പോൾ. നാം തന്നെ വിജയം നേടിയാലേ, ലോകത്തിനു വേണ്ടി നമുക്കു വിജയം നേടാനാകൂ. പ്രാർത്ഥനയിൽ വിശ്വസിക്കുക. വിജയം നേടുക. ഇന്നു രാവിലെ തന്നെ പരിശുദ്ധാത്മാവു നമ്മുടെ മധ്യത്തിൽ ഇറങ്ങി വന്നു വിജയത്തെക്കുറിച്ച് എത്ര വലിയ ഉറപ്പാണു നമുക്കു നൽകിയത്.!"

സെപ്റ്റംബർ ഒൻപത്:

"വിശ്വസിക്കുക. ഇന്നലെ രാവിലെ വിജയം ലഭ്യമായി. നിങ്ങൾ അതു കാണുന്നില്ലേ? പരിശുദ്ധാത്മാവിനു യുദ്ധത്തെ നിയന്ത്രിക്കാൻ കഴിയും. പക്ഷേ വിശ്വാസം കൂടാതെ അവിടുത്തേക്കു പ്രവർത്തിക്കാനാകില്ല.

സെപ്റ്റംബർ 10:

"കഴിഞ്ഞ ദിവസത്തെ വിജയത്തിനുശേഷം നാത്സികളുടെ പിന്നിലുള്ള സാത്താന്യശക്തിയെ ദൈവം യഥാർത്ഥമായും കൈകാര്യം ചെയ്യുകയും ആ സംവിധാനത്തിന് അന്ത്യം വരുത്തുകയും ചെയ്യുമെന്ന് ഉറപ്പുണ്ട്. ലണ്ടനുവേണ്ടി നാം പ്രാർത്ഥിക്കുന്നതു ദൈവം ഇപ്പോഴത്തെ ശത്രുവിന്റെ

വേലിയേറ്റം പോലുള്ള ആക്രമണത്തിന്റെ ഗതിയെ തിരിച്ചു വിടുകയും ആളുകളുടെ ജീവനെ രക്ഷിക്കുകയും ചെയ്യണമെന്നാണ്.”

സെപ്റ്റംബർ 11:

‘‘ലണ്ടനിലെ വിവിധ സ്ഥലങ്ങളിൽ ബോംബുകൾ വർഷിച്ചു. ബാക്കിങ്ങാം കൊട്ടാരം പോലും സ്ഫോടനത്തിൽ ഒന്ന് ഉലഞ്ഞു. രാജാവിനും രാജ്ഞിക്കും വേണ്ടി പ്രാർത്ഥിക്കാൻ അതെനിക്കു പ്രേരണയായി. നമ്മുടെ പ്രാർത്ഥന ദൈവം കേൾക്കുമെന്ന് എനിക്കുറപ്പുണ്ട്. ശത്രുവിനെ ദൈവം എങ്ങനെയാണു കൈകാര്യം ചെയ്യുന്നതെന്നു കാണുവാൻ മാത്രമാണു ഞാൻ കാത്തിരിക്കുന്നത്.”

സെപ്റ്റംബർ 12:

“ലണ്ടനെ രക്ഷിക്കാൻ വേണ്ടി കഴിഞ്ഞ രാത്രി നാം പ്രാർത്ഥിച്ചു. ദൈവം മറുപടി നൽകി. ദൈവം തന്നെ ശത്രുവിനെ ബന്ധനത്തിലാക്കിയില്ലെങ്കിൽ ആരും സുരക്ഷിതരായിരിക്കുകയില്ല. നമ്മുടെ വസ്തുവകകൾക്കു സുരക്ഷിതത്വം ലഭിക്കുന്നുണ്ടെങ്കിൽ രാജ്യത്തിന്റെ മുഴുവൻ സുരക്ഷിതത്വം നമുക്ക് അവകാശപ്പെടരുതോ? എത്ര അത്ഭുതകരമായ ദിവസങ്ങളാണിവ.”

സെപ്റ്റംബർ 14:

“നാം വിശ്വസിച്ചു. അതുകൊണ്ട് ഭാവിയിൽ എന്തുസംഭവിക്കുമെന്നു ദൈവം നമ്മെ അറിയിക്കുന്നു. സകല സൃഷ്ടികളും സുവിശേഷം കേൾക്കേണ്ടതുണ്ട്. പലസ്തിൻ യെഹൂദന്മാർക്കായി വീണ്ടെടുക്കപ്പെടണം. കർത്താവു വീണ്ടും വരുന്നു.”

സെപ്റ്റംബർ 15: ബ്രിട്ടനുമേൽ നടന്ന നാളുകൾ നീണ്ടുനിന്ന വ്യോമാക്രമണത്തിൽ നാടകീയമായ വഴിത്തിരിവുണ്ടായ നിർണായക ദിവസമാണ്. ചർച്ചിലിന്റെ ‘യുദ്ധസ്മരണകളി’ൽ ഈ ദിവസത്തെക്കുറിച്ചു വിവരിക്കുന്നുണ്ട്. ചർച്ചിൽ വ്യോമാക്രമണവും അതിനെ ബ്രിട്ടൻ പ്രതിരോധിക്കുന്നതും നേരിൽ കാണാൻ സൈന്യത്തിന്റെ ഓപ്പറേഷൻ റൂം സന്ദർശിച്ചു. അദ്ദേഹം അവിടെ കണ്ടതു ശത്രുവിമാനങ്ങൾ ഒരു പറ്റമായി ലണ്ടന്റെ മേൽ ബോംബു വർഷിക്കാൻ വരുന്നതാണ്. പൊടുന്നനെ അവയെ പ്രതിരോധിക്കാൻ ബ്രിട്ടന്റെ യുദ്ധവിമാനങ്ങളും ആകാശത്തേക്കുയർന്നു. നിർണായകമായ നിമിഷം. അപ്പോൾ ചർച്ചിൽ എയർ മാർഷലിനോടു ചോദിച്ചു. “ആട്ടെ, ഈ വിമാനങ്ങൾ പരാജയപ്പെട്ടാൽ പകരം ആക്രമിക്കാൻ നമുക്ക് റിസർവിൽ എത്ര പോർവിമാനങ്ങളുണ്ട്.”

“ഒന്നുമില്ല”: എയർമാർഷലിന്റെ മറുപടി അതായിരുന്നു. ചർച്ചിൽ ഒരു നിമിഷം അന്തം വിട്ടുപോയി. തുടർന്ന് അദ്ദേഹം ആത്മസംയമനം പാലിച്ച് ഗൗരവപ്പെട്ടിരുന്നു.

ഓപ്പറേഷൻ റൂമിൽ ഭയപ്പെടുത്തുന്ന നിശ്ശബ്ദത. ആകാശത്തു ശത്രുവിമാനങ്ങളും പറന്നുയരുന്ന ബ്രിട്ടീഷ് വിമാനങ്ങളും തമ്മിൽ ഏറ്റുമുട്ടുന്നതു കാണാൻ എല്ലാവരും മിഴികൾ കൂർപ്പിച്ചു.

പക്ഷേ ഒരു നിമിഷം. പെട്ടെന്നിതാ ശത്രുവിമാനങ്ങളെല്ലാം പിൻതിരിയുന്നു! എന്താണു സംഭവിക്കുന്നത്? ചില മിനിറ്റുകൾക്കകം ശത്രുവിമാനങ്ങളെല്ലാം അപ്രത്യക്ഷമായി. വിജയം കൈപ്പിടിയിലായിരിക്കെ എന്തുകൊണ്ടാണ് പൊടുന്നനെ ജർമനിയുടെ പോർവിമാനങ്ങൾ ആക്രമിക്കാതെ പിൻതിരിഞ്ഞു പറന്നുപോയത്? ആർക്കും അറിയില്ല.

പക്ഷേ നമുക്കറിയാം–

ഈ സംഭവത്തെപ്പറ്റി യുദ്ധത്തിനുശേഷം ഒരിക്കൽ എയർ ചീഫ് മാർഷൽ ലോർഡ് ഡാഡിങ് ഇങ്ങനെ പറഞ്ഞു: “യുദ്ധത്തിൽ ഓരോ ദിവസവും നമുക്ക് എവിടെ നിന്നോ സഹായം ലഭിക്കുന്നുണ്ടായിരുന്നു. ഏതോ പ്രത്യേകമായ ദൈവികമായ ഇടപെടൽ നമുക്കുവേണ്ടി യുദ്ധത്തിലുണ്ടായതുകൊണ്ടാണു സാധാരണഗതിയിൽ സംഭവിക്കേണ്ട ചില കാര്യങ്ങൾ സംഭവിക്കാതെ പോയത്!”

(തുടരും)

❖





Youth Section




# THE DEMONSTRATION OF GOD'S LOVE

**Sandeep Poonen**

**Question**:

I used to have a strong devotion to the Lord some time ago, but I seem to have lost it somehow and don’t seem to know God’s love. What should I do?

**Answer:**

This is an important question because God wants us to guard our devotion to God with utmost care. Jesus had a strong rebuke for the church in Ephesus that did a whole lot of things right, but had lost their first love (their devotion) for Jesus. Jesus said that the church in Ephesus had gone backwards (had fallen– *Revelation 2:5*). We also see that the devilseeks to specifically target this areaof our lives (see *2 Corinthians 11:3*).

So what should we do if we are stuck here?We must go back to the beginning of our walk with Christ. This was Jesus’ advice to the church of Ephesus: to*repent and do the deeds you did at first (Revelation 2:5)*. So we must go back and re-inspect the very basis of our life with Jesus; it is from this place that we can do the deeds that we first did.

I find it good to go back often to the basic reasons why the message of Jesus is good news to me, and to focus my attention on the good news.So let me share a verse that has been helpful to me in this. *Romans 5:8 - But God demonstrates His own love toward us, in that while we were yet sinners, Christ died for us*.

And what strikes me about this verse is that this was the *demonstration*of God’s love. God didn’t simply tell me about His love; He gave me a live demonstration of His love.

When companies are looking for a product that will help them, it can hard to know which product will work best for them. People can claim all kinds of things about their products. So to know for sure, companies will ask for an actual demonstration of the product. This demonstration (demo) allows everyone to see the product actually working.When we see a demo of the product, we know whether it’s

a great product or whether it was just good marketing. With the demo, we get to see it for ourselves.

So this is what came to mind when I read the word *demonstrate* in Romans 5:8. God could have demonstrated His love through beautiful art (isn't His creation the most amazing artwork there is?). But as beautiful and majestic as His creation is, this is NOT the demonstration of the love of the God. God's personal demo to us of His love is this: Jesus died for me when I was still a sinner and an enemy of Him.

**So the love of God is not an impersonal *explanation* of Jesus dying for me when I was a sinner. I know the love of God by personally seeing God's demonstration of it: That I was a hopeless sinner but Jesus still died for me**.

Many people can claim to be Christians because they accept the *explanation*that Jesus Christ died for sinners. But to me, a true Christian is one who has seen God's personal demonstration of His love and has been personally touched by Jesus' sacrifice for them.

Thisis the **glory** of God that we see in Jesus Christ. It's something that must always affect us in a personal (and not a general) way. So dear brother/sister, when we find that we are slipping in our personal devotion to Jesus, we must go back to God and seek Him for a refresher of His demonstration of love. And since the Holy Spirit constantly seeks to glorify Jesus (John 16:14), He is eager to showme again and again that I was a selfish sinner who only wanted to please myself, but yet Jesus chose to die for me.

One last thought: Many of us might be seeking a life of consistent victory over sin. We might wonder how we will ever experience such a transformation from our current defeated lives. 2 Corinthians 3:18 is an amazing verse that tells me that as I simply behold the glory of Jesus, I will be transformedto be more like Jesus, from one degree of glory to another. What an amazing promiseto claim for our personal transformation from sinners to saints!

So what is this glory of Jesus that is transformative? I believe this glory of Jesus begins with the demonstration of Jesus' sacrifice just for us. So I must go back to the cross, and seek that the *demonstration* of His love be made fresh and wondrous again.

May we seek to behold *this*glory of Jesus in His personal sacrifice for us on the cross (1 Corinthians 1:22-24). As we marvel at this demonstration of love, the glory of His sacrifice will grow stronger in us and our lives will sparkle with the light of that glory.

A worshiper at the foot of the cross,

(please mail your genuine doubts to: **sandeep@poonen.org**)

❖



## ROCK OF AGES

The well known hymn' Rock of Ages cleft for me' was written by Rev. Toplady of Burrington Combe, England in 1773. One day as Rev. Toplady was walking in the countryside he was suddenly caught in a storm. The wind blew against him mercilessly and the rain came down heavily. Looking around for a place of safety he found a cleft in the rock big enough for him to hide himself from the storm. He took refuge in it. The storm continued to rage outside but he was safe inside the cleft. While there he composed the hymn writing down the words in a playing card that was in his pocket. His physical discomfort. loneliness and exposure to danger inspired him to write a hymn of Christian hope which is popular among Christians of all countries and of all ages.

We read of another cleft rock in the book of Exodus ch. 33: 18 - 23. Moses desired to see the glory of God. Since sinful man cannot survive after seeing the full glory of God, So God placed him in a cleft in the rock and covered him with His hand till He in His glory passed by. Both the protective cleft and the covering hand of God are signs of God's love for Moses. Like Moses Rev. Toplady was also protected in the cleft by God's hand. How often we are protected by God's hand as we travel on the dangerous road of life and we never realise it.! "The eternal God is your refuge, and underneath are the everlasting arms" (Deut.33:27)

Earlier when the Israelites wandered in the desert they found no water to quench their thirst. They grumbled against Moses who turned to God for help. God asked him to strike the rock at Horeb with the same staff with which he had performed miracles on the waters of the Red Sea and the River Nile. Moses did as the Lord commanded and waters gushed forth from the rock. (Exod. 17:1-7).

A rock is something firm, strong and unshakable. Isaiah describes God as the 'Rock eternal' worthy of our trust (Is.26:4). David often refers to God as a Rock often in a personal way as 'my Rock'. Psalms 18:2; 31: 46; 61:2; 62;2,6,7 and more. These verses have inspired many hymn writers.. In Ps.61:1,2 David says "Hear my cry, O God; listen to my prayer. From the ends of the earth I call to you, I call as my heart grows faint Lead me to the Rock that is higher than I."

In 1876, in response to Mr. Sankey's request, "Send me something to help me in my gospel work" Mr William Cushing composed the hymn

'Oh safe to the Rock that is higher than I
My soul in its conflicts and sorrows would fly
So sinful so weary, Thine, Thine would I be
Thou blest Rock of Ages I am hiding in Thee'

JEEVA MOZHIKAL RNI/KERBIL/-2003/21404
August 2014 www.jeevamozhikal.org
Annual Subscription Rs. 100/-

Regn No: KL/KTM/608/2012-14
Licence No.KL/CR/KTM/WPP-46/2012-14
Licensed to post without prepayment
Date of Publication 30-07-2014

# രണ്ടേ രണ്ടു വാക്ക്

ഒരു ആശ്രമത്തിൽ സന്ന്യാസ ജീവിതം സ്വീകരിക്കാനായി ചെന്നതാണു യുവാവ്.

"ഇവിടെ ഒരു പ്രത്യേകതയുണ്ട്. വർഷത്തിൽ രണ്ടേ രണ്ടുവാക്കു മാത്രമേ സംസാരിക്കാൻ ഇവിടെ ചേരാൻ വരുന്നവർക്ക് അനുവാദം ഉള്ളൂ. അതു സമ്മതമാണെങ്കിൽ താങ്കൾക്ക് ഇവിടെ താമസിച്ച് സന്ന്യാസചര്യ പരിശീലിക്കാവുന്നതാണ്:" ആശ്രമശ്രേഷ്ഠൻ നയം വ്യക്തമാക്കി.

യുവാവ് സമ്മതിച്ച് അവിടെ താമസമാക്കി. ആശ്രമജീവിതം ഏറെ ചിട്ടകളുള്ളതും വളരെ കർശനവുമായിരുന്നു. പക്ഷേ ആ സന്ന്യാസ സമൂഹത്തിലെ നിയമങ്ങളിൽ ഏറ്റവും കർശനമായത് രണ്ടുവാക്കു മാത്രമേ വർഷത്തിൽ സംസാരിക്കാവൂ എന്നതായിരുന്നു.

ആശ്രമത്തിലെ പരിശീലനത്തിന്റെ ആദ്യവർഷം പൂർത്തിയായപ്പോൾ ആശ്രമശ്രേഷ്ഠൻ യുവാവിനെ വിളിച്ച് രണ്ടുവാക്കു സംസാരിക്കുവാൻ അനുമതി നൽകി. യുവാവ് അതനുസരിച്ചു രണ്ടേരണ്ടു വാക്കുകൾ പറഞ്ഞു. അതിങ്ങനെയായിരുന്നു. "ഭക്ഷണം മോശം."

രണ്ടാംവർഷം പൂർത്തിയായപ്പോൾ വീണ്ടും ആശ്രമാധിപൻ യുവാവിനോടു രണ്ടുവാക്കു പറയാൻ ആവശ്യപ്പെട്ടു. യുവാവ് പറഞ്ഞു: "കിടക്ക കടുപ്പമുള്ളത്."

മൂന്നാമത്തെ വർഷത്തെ പരിശീലനം കഴിഞ്ഞപ്പോൾ യുവാവിനെ വീണ്ടും വിളിച്ചു. ഇക്കുറിയും അയാൾ രണ്ടേ രണ്ടു വാക്കുകൾ പറഞ്ഞു: "ഞാൻ പോകുന്നു."

ആശ്രമാധിപൻ പറഞ്ഞു: "എനിക്ക് താങ്കളുടെ ഈ നിലപാടിൽ അത്ഭുതമില്ല. കാരണം ഒന്നും രണ്ടും വർഷം പൂർത്തിയായപ്പോൾ താങ്കൾ ഈരണ്ടു വാക്കുകളിൽ പരാതിയാണല്ലോ പറഞ്ഞത്. അതിന്റെ തുടർച്ചയാണു മൂന്നാം വർഷത്തെ ഈ രണ്ടു വാക്കുകൾ!"

യുവാവ് ആശ്രമജീവിതം ഉപേക്ഷിച്ചുയാത്രയായി. തനിക്കു സംസാരിക്കാൻ ലഭിച്ച നല്ല അവസരങ്ങളിലെല്ലാം പരാതികൾ മാത്രം പറയുവാനാണ് ആ യുവാവ് തയ്യാറായത്. അയാൾക്ക് അസംതൃപ്തിയും പരാതിയും മാത്രമേ ഉണ്ടായിരുന്നുള്ളു. ആശ്രമത്തിലെ നന്മകൾ കാണ്മാൻ അയാൾക്കു കഴിഞ്ഞില്ല. ഫലം അയാൾക്ക് തന്റെ ലക്ഷ്യമായിരുന്ന സന്ന്യാസജീവിതത്തിലേക്കു പ്രവേശിക്കുവാൻ കഴിഞ്ഞില്ല. തൃപ്തിയാണ് യഥാർത്ഥ ക്രിസ്തീയ ജീവിതത്തിന്റെ ഒരു അടിസ്ഥാനശില.

"അലംഭാവത്തോടുകൂടിയ ദൈവഭക്തി വലുതായ ആദായം ആകുന്നുതാനും" (1 തിമൊഥെയോസ് 6:6)

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor-Geoji T. Samuel.